**JEEVA MOZHIKAL** RNI/KERBIL/-2003/21404
April 2011 www.jeevamozhikal.org
Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## പ്രാർത്ഥന 'കേൾക്കാത്ത' ദൈവം!

**ത**മിഴ്നാട്ടിലെ ഡോണാവൂരിൽ എത്തി ത്യാഗപൂർണമായ മിഷനറി പ്രവർത്തനം ചെയ്ത വിദേശവനിത എമികാർ മൈക്കിൾ ക്രിസ്തീയലോകത്തു വളരെ പ്രശസ്തയാണ്. 'കുരിശിലെ സ്നേഹം' തുടങ്ങിയ ലേഖനങ്ങൾ ആത്മീയസത്യങ്ങളെക്കുറിച്ചുള്ള അവരുടെ ഉൾക്കാഴ്ച വ്യക്തമാക്കുന്നു.

എമി കാർ മൈക്കിൾ കൊച്ചു കുട്ടിയായിരുന്നപ്പോൾ ഉണ്ടായ ഒരു 'കൊച്ചു' സംഭവം പ്രാർത്ഥനയുടെ മറുപടിയുടെ പിന്നിലെ രഹസ്യങ്ങളിലേക്കു വെളിച്ചം വീശുന്നു.

എമി കാർ മൈക്കിൾ കൊച്ചുകുട്ടിയായിരുന്നപ്പോൾ അവളെ എപ്പോഴും അലട്ടിയിരുന്നതു തന്റെ കണ്ണുകളുടെ കൃഷ്ണമണികളുടെ നിറമാണ്. അവളുടെ നാട്ടിൽ നിലവിലിരുന്ന സൗന്ദര്യസങ്കല്പം അനുസരിച്ച് പൂച്ചക്കണ്ണാണ് സൗന്ദര്യലക്ഷണം. കൂട്ടുകാരികൾക്കെല്ലാം അങ്ങനെയുള്ള കണ്ണുകളാണ്, എന്നാൽ തന്റെ കൃഷ്ണമണികൾ മാത്രം നന്നേ കറുത്തതാണ്-ഇതായിരുന്നു എമിയുടെ സങ്കടകാരണം.

ചെറുപ്പത്തിൽ തന്നെ യേശുകർത്താവിനെ ഹൃദയത്തിൽ നാഥനും കർത്താവുമായി എമി സ്വീകരിച്ചിരുന്നു. എന്തു വിഷമങ്ങളുണ്ടെങ്കിലും കർത്താവിനോടു പ്രാർത്ഥിച്ചാൽ അവിടുന്നു മാറ്റിത്തരും എന്ന ഉത്തമവിശ്വാസവും എമിക്കുണ്ടായിരുന്നു. അതുകൊണ്ട് കണ്ണിന്റെ നിറം സംബന്ധിച്ച തന്റെ ദുഃഖവും കർത്താവിനോടു പ്രാർത്ഥനയിൽ അറിയിക്കാൻ അവൾ തീരുമാനിച്ചു.

തന്റെ കൃഷ്ണമണിയുടെ കറുപ്പുനിറം മാറ്റിത്തരണേ എന്നവൾ പലവട്ടം പ്രാർത്ഥിച്ചു. പ്രയോജനം ഉണ്ടായില്ല. ഒരു രാത്രി വളരെ കണ്ണീരോടെ ഏറെ നേരം അവൾ ഇക്കാര്യത്തിനുവേണ്ടി പ്രാർത്ഥിച്ചു-പിറ്റേന്നു രാവിലെ എഴുന്നേറ്റു കണ്ണാടിയിൽ നോക്കുമ്പോൾ കണ്ണിന്റെ നിറം മറിയിരിക്കുമെന്ന് അവൾക്ക് നല്ല ഉറപ്പു തോന്നി.

പക്ഷേ, പിറ്റേന്ന് രാവിലെ എഴുന്നേറ്റ് കണ്ണാടി നോക്കിയ എമി ഞെട്ടിപ്പോയി. കൃഷ്ണമണികൾ പഴയപോലെ. ദൈവം പ്രാർത്ഥന കേട്ടില്ല. പ്രാർത്ഥന കേൾക്കാത്ത ദൈവത്തോട് അവൾക്കു പരിഭവമായി...

ഇതിനിടെ വർഷങ്ങൾ കടന്നുപോയി. എമി കാർ മൈക്കിൾ തന്റെ ബാല്യകാലപ്രാർത്ഥന മറന്നുപോയി. അവർ ഒടുവിൽ തമിഴ്നാട്ടിലെത്തി ദേവദാസികളുടെ ഇടയിൽ പ്രവർത്തനം ആരംഭിച്ചു. അവിടെ ആരും അവരെ വിദേശവനിതയായി കണക്കാക്കിയില്ല. തങ്ങളിൽ ഒരാളായി അവർ എമിയെ കണക്കാക്കി. കാരണം എന്തെന്നോ? പൗരസ്ത്യ നാടുകളിലുള്ളവരുടേതുപോലെതന്നെ കറുത്ത കണ്ണുകളായിരുന്നു എമിയുടേതും!

ഇതു മനസ്സിലായപ്പോൾ എമി ദൈവത്തെ സ്തുതിച്ചു-തന്റെ പ്രാർത്ഥനയ്ക്ക് പ്രത്യേകവിധത്തിൽ മറുപടി തന്നതിന്!

*മത്തായി 7:7-11.*

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 – ലക്കം 4 ഏപ്രിൽ 2011 Rs. 7.00



താഴ്മയുടെ യഥാർത്ഥ അർത്ഥം – എ.ഡബ്ല്യു. ടോസർ
അളവല്ല, ഗുണം പ്രധാനം – ലിയോനാർഡ് റാവെൻഹിൽ
ബൈബിളിലൂടെ.... – സാക്പുന്നൻ
Your Problems, God's Solutions - Sandeep Poonen

**എഡിറ്റോറിയൽ**

# താഴ്മ: യഥാർത്ഥമോ വ്യാജമോ?



**അ**നുകരണങ്ങളുടെ കാലമാണിത്. വിലയുള്ള എല്ലാറ്റിനും അനുകരണങ്ങളും ഉണ്ടാകും. അനുകരണങ്ങളുണ്ട് എന്നത് യഥാർത്ഥമായതിനു മങ്ങലേൽപ്പിക്കുന്നില്ല. വ്യാജ അനുകരണങ്ങളുണ്ടായത് യഥാർത്ഥമായതിന്റെ കുറ്റംകൊണ്ടല്ലല്ലോ.! മാത്രമല്ല 'ഡ്യൂപ്ലിക്കേറ്റുകൾ' വിരൽ ചൂണ്ടുന്നത് 'ഒർജിനൽ' വളരെ മഹത്തായതാണ് എന്നതിലേക്കാണ്. 'അനുകരണമാണ് ഏറ്റവും വലിയ അഭിനന്ദനം' എന്നുപറയാറുണ്ടല്ലോ.

ഇതുകൊണ്ടുതന്നെയാണ് ക്രിസ്തീയജീവിതത്തിലെ ഏറ്റവും അടിസ്ഥാനസത്യമായ താഴ്മയ്ക്കും വ്യാജ അനുകരണങ്ങൾ ഉണ്ടാകുന്നത്. യഥാർത്ഥ താഴ്മ, വ്യാജതാഴ്മ എന്നൊക്കെപ്പറയുമ്പോൾ അബോധപൂർവ്വമായി നാമൊക്കെ കരുതിപ്പോകാവുന്നത് നമുക്കുള്ളത് യഥാർത്ഥ താഴ്മയാണെന്നാവാം. എന്നാൽ അങ്ങനെയായിരിക്കണമെന്നില്ല. യഥാർത്ഥമായതിനോട് വളരെ ചേർന്ന് വ്യാജമായ ചില ഭാവങ്ങൾ വന്നെന്നിരിക്കാം. അതുകൊണ്ട് നാം നമ്മോടു തന്നെ കരുണയില്ലാതെ സത്യസന്ധരായിരിക്കുകയും ദൈവം തരുന്ന വെളിച്ചത്തിനനുസരിച്ച് നമ്മെ തന്നെ വിധിച്ച് മുന്നോട്ടു പോവുകയും ചെയ്താലേ നമ്മിൽ നിന്നും വ്യാജമായ താഴ്മയുടെ അടരുകൾ കൊഴിഞ്ഞുപോവുകയുള്ളൂ. 'ഒർജിനൽ' വാങ്ങാൻ വന്നു; 'ഡ്യൂപ്ലിക്കേറ്റ്' വാങ്ങി വഞ്ചിതരായിപ്പോകുന്ന കാലമാണല്ലോ ഇത്. നാം യഥാർത്ഥ താഴ്മയെന്നുകരുതി കൊണ്ടുനടന്നത് വ്യാജമായതായിരുന്നു എന്ന് അന്ന് ക്രിസ്തുവിന്റെ ന്യായാസനത്തിനു മുൻപാകെ ഞെട്ടലോടെ തിരിച്ചറിയാൻ ഇടയായാൽ അത് എന്തൊരു വലിയ ആഘാതമായിരിക്കും! നമുക്കാർക്കും അങ്ങനെയുണ്ടാകാതിരിക്കാൻ യഥാർത്ഥതാഴ്മയയുടെ പ്രത്യേകതകൾ ശ്രദ്ധിക്കാം.

യഥാർത്ഥതാഴ്മ എന്നാൽ എന്താണ്? നാം നമ്മെക്കുറിച്ചുള്ള യഥാർത്ഥബോധ്യത്തിൽ നിന്ന് കൊണ്ട് ദൈവത്തിലേക്ക് മാത്രം നോക്കുന്നതാണ് യഥാർത്ഥ താഴ്മ എന്നു പറയാം. ഈ നിർവചനത്തെ ഇഴവിടർത്തി പരിശോധിക്കുമ്പോൾ ആദ്യം കാണുന്നത് നാം നമ്മെക്കുറിച്ചുള്ള യഥാർത്ഥ ബോധ്യത്തിലേക്ക് വരിക എന്നതാണ്. നമ്മെക്കുറിച്ചുള്ള യാഥാർത്ഥ്യം എന്താണ്?. അപ്പോസ്തലനായ പൗലൊസ് പറയുന്നത് ശ്രദ്ധിക്കുക: ' ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ; ആ പാപികളിൽ ഞാൻ ഒന്നാമൻ' (1 തിമൊ. 1:15).

ഇവിടെ പൗലൊസ് എടുക്കുന്ന നിലപാട് 'ഞാൻ പാപികളിൽ ഒന്നാമൻ' എന്നതാണ്.

മറ്റൊരിടത്ത് പൗലൊസ് സ്വന്തഅനുഭവം വിവരിക്കുന്നത് ഇങ്ങനെ:'എന്നിൽ, എന്നുവച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു' (റോമർ 7:18).

ഇവിടെ പൗലൊസ് ഏറ്റുപറയുന്നത് ' എന്നിൽ ഒരു നന്മയുമില്ല' എന്നാണ്.

അപ്പോസ്തലനായ പൗലൊസ് തന്നെക്കുറിച്ചുതന്നെ ഇങ്ങനെയെല്ലാം പറയുന്നത് യാഥാർത്ഥ്യമാണോ? ഇതൊരു വ്യാജതാഴ്മയാണെന്നല്ലേ തോന്നുക? പൗലൊസിനെപ്പോലെ ഒരാൾ വ്യാജതാഴ്മയിൽ അഭിരമിക്കുമോ? ഇല്ല. അങ്ങനെയെങ്കിൽ ഇതിന്റെ യാഥാർത്ഥ്യം എന്താണ്?

യഥാർത്ഥ താഴ്മ എന്നുപറയുന്നത് തങ്ങളെത്തന്നെ താഴ്ത്തിപ്പറയുന്നതല്ല എന്നുനമുക്കറിയാം. കഴിവുള്ള ചെറുപ്പക്കാർ തങ്ങൾക്കൊരു കഴിവുമില്ലെന്നുപറയുന്നതോ സുന്ദരികളായ സ്ത്രീകൾ തങ്ങൾ വിരൂപികളാണെന്നു പറയുന്നതോ ഒന്നുമല്ല താഴ്മ. കാരണം, അതൊന്നും സത്യമല്ല. സത്യമല്ലാത്ത ഒരു അടിത്തറയിലും ക്രിസ്തീയ ഗുണങ്ങളൊന്നും പണിയുവാൻ കഴിയുകയില്ലല്ലോ. ഇതിനു മറ്റൊരു വശവുമുണ്ട്. ഒരാൾ താൻ വലിയ കഴിവുള്ളവനാണെന്നോ സുന്ദരനാണെന്നോ കേമനാണെന്നോ ഒക്കെ കരുതുകയോ പറയുകയോ ചെയ്യുമ്പോൾ അത് സ്വയപ്രശംസയാണ്.അത് പുറപ്പെടുന്നത് സ്വയസ്നേഹത്തിൽ നിന്നാണ്. ഇതുപോലെ തന്നെ ചില സ്ഥലങ്ങളിൽ തന്റെ എളിമയാണ് പ്രശംസിക്കപ്പെടുക എന്നു മനസ്സിലാക്കി (ഇത് ബോധപൂർവ്വമാകണമെന്നില്ല) ഒരാൾ തന്നെത്തന്നെ ആ സന്ദർഭത്തിൽ ഇടിച്ചുപറയുമ്പോൾ അതും പുറപ്പെടുന്നത് സ്വയം സ്നേഹത്തിൽ നിന്നുതന്നെയാകാം. അങ്ങനെവരുമ്പോൾ ഇവിടെ അദ്ദേഹത്തിന്റെ വ്യാജതാഴ്മ, തന്റെ എളിമയ്ക്കു ലഭിക്കുന്ന പ്രശംസയ്ക്ക് കാതോർത്തു നിൽക്കുകയാണ്!

അങ്ങനെയെങ്കിൽ പൗലൊസ് താൻ പാപികളിൽ ഒന്നാമനെന്നും തന്നിൽ നന്മ ഇല്ലെന്നും മറ്റും നടത്തിയ പ്രസ്താവനകളെ എങ്ങനെയാണ് വിശദീകരിക്കുക? ഒന്നാമത് ഏതു മനുഷ്യനെ സംബന്ധിച്ചും ഇത് സത്യമാണെന്നതാണ് വസ്തുത. എത്ര കഴിവുള്ളവനും എത്ര സുന്ദരനും അടിസ്ഥാനപരമായി ദൈവമുൻപാകെ അവന്റെ സ്ഥാനം 'അവൻ പാപിയാണെ'ന്നുള്ളതാണ്. അപ്പോൾ ഇങ്ങനെ ഒരു സംശയം ഉണ്ടാകാം.മനുഷ്യരെല്ലാം ദൈവമുൻപാകെ പാപികളാകാം. പക്ഷേ വീണ്ടെടുക്കപ്പെട്ട ഒരുവനെ സംബന്ധിച്ചിടത്തോളം ദൈവമുൻപാകെയുള്ള അവന്റെ സ്ഥാനം അവൻ 'നീതിമാനാണ്' എന്നതല്ലേ? ശരിയാണ്. അവൻ പാപം ക്ഷമിക്കപ്പെട്ടവൻ മാത്രമല്ല. നീതീകരിക്കപ്പെട്ടവനുമാണ്. എന്നാൽ ഇതു ശരിയായിരിക്കുമ്പോൾ തന്നെ ക്രിസ്തീയ ജീവിതത്തിലെ ഒരു വൈരുദ്ധ്യം നാം കാണാതെ പോകരുത്. യേശു അതിങ്ങനെ പറഞ്ഞു:'രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം' . എത്രത്തോളം താൻ രോഗിയാണെന്ന് ഒരുവന് ബോധ്യമുണ്ടോ അത്രത്തോളം അവൻ വൈദ്യനെ ആവശ്യമുള്ളവനായി നിൽക്കും. ക്രിസ്തുയേശു രക്ഷിപ്പാൻ വന്നത് 'പാപി'കളെയാണ്. പാപിയല്ലാത്ത ഒരുവന് യേശുവിനെ ആവശ്യമില്ല. അപ്പോൾ 'പാപികളിൽ ഒന്നാമനോ'? അവനാണ് മറ്റാരാക്കാളുമേറെ യേശുവിനെ

(ശേഷം പേജ് 8 ൽ)

**സന്ദേശം**

# യഥാർത്ഥതാഴ്മയും വ്യാജതാഴ്മയും

**എ. ഡബ്ല്യു.ടോസർ**



**വ്യാജമായ ഒരു താഴ്മയെ യഥാർത്ഥമായതിൽ നിന്ന് വേർതിരിച്ചറിയാൻ പ്രയാസമാണ്. പലരും അതു വ്യാജമാണെന്നു മനസ്സിലാക്കാതെ വഞ്ചിക്കപ്പെടുന്നവരാണ്.**

**ഒ**രു ക്രിസ്ത്യാനിക്ക് താഴ്മ അത്യന്താപേക്ഷിതമാണ്. താഴ്മ കൂടാതെ തന്നെപ്പറ്റിത്തന്നെയുള്ള അറിവും തദ്വാരാ സംഭവിക്കുന്ന മാനസാന്തരവും ഉണ്ടാകുന്നില്ല. വിശ്വാസം, വിശ്വാസത്താലുള്ള രക്ഷ എന്നിവയും താഴ്മകൂടാതെ അസാദ്ധ്യമായിത്തീരുന്നു.

ദൈവവാഗ്ദാനങ്ങൾ താഴ്മയുള്ളവർക്കുള്ളതാണ്. അഹങ്കാരിയാകട്ടെ, ദൈവവാഗ്ദാനപ്രകാരമുള്ള സകല അനുഗ്രഹങ്ങളും നഷ്ടമാക്കിക്കളയുന്നു. ദൈവകരങ്ങളിൽനിന്ന് നീതിയായതു മാത്രമേ അയാൾ പ്രതീക്ഷിക്കേണ്ടതുള്ളു.

എന്നാൽ വ്യാജമായ ഒരു താഴ്മയുണ്ടെന്നുള്ള വസ്തുത നാം മറന്നുകളയരുത്. യഥാർത്ഥമായതിൽ നിന്ന് അതിനെ വേർതിരിച്ചറിയാൻ പ്രയാസമാണ്. ക്രിസ്ത്യാനികൾ പലരും അതു വ്യാജമാണെന്നു മനസ്സിലാക്കാതെ വഞ്ചിക്കപ്പെടുന്നവരാണ്.

യഥാർത്ഥതാഴ്മയാകട്ടെ, വളരെ പ്രയോജനകരമായ ഒന്നാണ്. അതുള്ള ഒരുവൻ തന്നെപ്പറ്റിയുള്ള സത്യം അംഗീകരിക്കുന്നു. അധഃപതനം സംഭവിച്ച തന്റെ സ്വഭാവത്തിൽ ഒരു നന്മയും വസിക്കുന്നില്ല എന്ന സത്യം അയാൾ വിശ്വസിക്കുന്നു. ദൈവത്തെ കൂടാതെ താൻ യാതൊന്നുമല്ല എന്നും തനി

**കപടമായ താഴ്മ വാസ്തവത്തിൽ അഹങ്കാരത്തിന്റെ മറ്റൊരു മുഖം മാത്രമാണ്. താൻ ബലഹീനനും പാപിയും ഭോഷനുമെന്ന് ഒഴുക്കൻ മട്ടിൽ സ്വയം കുറ്റം വിധിച്ചുകൊണ്ട് അയാൾ പ്രാർത്ഥിക്കുമെങ്കിലും തന്റെ ഭാര്യ ആ വിധത്തിൽ തന്നെ കുറ്റം വിധിക്കുമ്പോൾ അയാൾ കോപിഷ്ഠനായിത്തീരുന്നു. അത്തരമൊരാൾ കപടഭക്തനായിരിക്കണമെന്നില്ല. തന്നെത്തന്നെ കുറ്റം വിധിച്ചുകൊണ്ടുള്ള അയാളുടെ പ്രാർത്ഥന ആത്മാർത്ഥമായിരിക്കാം. അയാളുടെ സ്വയം നീതീകരണവും അപ്രകാരം തന്നെ.**

ക്കൊന്നും അറിഞ്ഞുകൂടെന്നും തനിക്കൊന്നും ചെയ്യാൻ സാധ്യമല്ലെന്നും അയാൾ മനസ്സിലാക്കുന്നു. എങ്കിലും ഈ അറിവ് അയാളെ നിരാശനാക്കുന്നില്ല. കാരണം, ക്രിസ്തുവിൽ തനിക്കൊരു സ്ഥാനമുണ്ടെന്നത് അയാൾക്കറിയാം. ദൈവത്തിന് അവിടത്തെ കണ്ണിലെ കൃഷ്ണമണിയെക്കാൾ താൻ വിലപ്പെട്ടവനാണന്ന സത്യം അയാൾ അറിയുന്നുണ്ട്. തന്നെ ശക്തനാക്കുന്ന ക്രിസ്തു നിമിത്തം തനിക്ക് സകലവും സാധിക്കും എന്നും അയാൾ ഗ്രഹിക്കുന്നു. ദൈവഹിതത്തിന്റെ പരിധിയിൽപ്പെട്ട സകലവും അയാൾക്ക് സാധ്യം തന്നെ.

കപടമായ താഴ്മ വാസ്തവത്തിൽ അഹങ്കാരത്തിന്റെ മറ്റൊരു മുഖം മാത്രമാണ്. താൻ ബലഹീനനും പാപിയും ഭോഷനുമെന്ന് ഒഴുക്കൻ മട്ടിൽ സ്വയം കുറ്റം വിധിച്ചുകൊണ്ട് അയാൾ പ്രാർത്ഥിക്കുമെങ്കിലും തന്റെ ഭാര്യ ആ വിധത്തിൽ തന്നെ കുറ്റം വിധിക്കുമ്പോൾ അയാൾ കോപിഷ്ഠനായിത്തീരുന്നു.

അത്തരമൊരാൾ കപടഭക്തനായിരിക്കണമെന്നില്ല. തന്നെത്തന്നെ കുറ്റം വിധിച്ചുകൊണ്ടുള്ള അയാളുടെ പ്രാർത്ഥന ആത്മാർത്ഥമായിരിക്കാം. അയാളുടെ സ്വയംനീതീകരണവും അപ്രകാരം തന്നെ. ഇവ രണ്ടും പരസ്പരവിരുദ്ധമാണെങ്കിൽത്തന്നെയും ഒരു കാര്യത്തിൽ മാത്രം ഇവ രണ്ടും ഒരുപോലെയാണ്. രണ്ടും ജനിച്ചിട്ടുള്ളത് ഒരേ മാതാപിതാക്കളിൽ നിന്നാണ്. സ്വയസ്നേഹമെന്ന പിതാവിൽ നിന്നും സ്വയാശ്രയമെന്ന മാതാവിൽ നിന്നും തന്നെ. മിഥ്യാഭിമാനത്താൽ നിറഞ്ഞ ഒരു വ്യക്തി തന്നെക്കുറിച്ചു തന്നെ വൻകാര്യങ്ങൾ പ്രതീക്ഷിക്കുന്നു. അത് പരാജയപ്പെടുമ്പോൾ നിരാശാബാധിതനായിത്തീരുകയും ചെയ്യുന്നു. ഇപ്രകാരം സ്വയം അഭിമാനിക്കുന്ന ക്രിസ്ത്യാനിക്ക് ഏറ്റവും ഉന്നതമായ ധാർമികാദർശങ്ങൾ ഉണ്ടാകാം. തന്റെ സഭയിലെ ഏറ്റവും വിശുദ്ധനായ അംഗമെന്നോ തന്റെ തലമുറയിലെ അതിപരിശുദ്ധനായ വ്യക്തിയെന്നോ ആവാം അയാൾ സ്വയം കരുതുന്നത്. സമ്പൂർണ്ണമായ അധോഗതിയെപ്പറ്റിയും കൃപാസത്യങ്ങളെപ്പറ്റിയും അയാൾ സംസാരിക്കാം. അതേസമയം തന്നെ അബോധപൂർവം അയാൾ സ്വയത്തിൽ ആശ്രയിക്കുകയും അഹന്തയെ പോഷിപ്പിക്കുകയും തനിക്കുവേണ്ടിത്തന്നെ ജീവിക്കുകയുമാണ് ചെയ്യുന്നത്.

ഈ മനുഷ്യൻ തന്നെക്കുറിച്ച് ഇത്ര ഉന്നതമായ അഭിലാഷങ്ങൾ പുലർത്തുന്നതുമൂലം തന്റെ ആദർശത്തിനൊത്ത് ഉയരാൻ അയാൾക്ക് സാധിക്കാതെ വരുമ്പോൾ അയാൾ നിരാശകളാൽ തളർന്നവനായിത്തീരുന്നു. മനസ്സാക്ഷിയുടെ കുറ്റാരോപണത്തെ താഴ്മയുടെ ലക്ഷണമായി ഇയാൾ കരുതുന്നു. യഥാർത്ഥത്തിൽ തന്റെ ഉന്നത ലക്ഷ്യത്തിലെത്താതിരിക്കുന്ന സ്വന്തം കുറ്റം ക്ഷമിക്കുന്നതിനുള്ള വിസമ്മതവും ലജ്ജയും മാത്രമാണിത്. തന്റെ മകനെപ്പറ്റി ഉന്നതാഭിലാഷങ്ങളുള്ള ഒരു പിതാവ് അവൻ ആ അവസ്ഥയിൽ എത്താതിരിക്കുമ്പോൾ അവനോട് ക്ഷമിക്കാതിരിക്കുന്ന അവസ്ഥയ്ക്ക് തുല്യമാണത്. ഇത്തരമൊരു പിതാവിന്റെ ദുഃഖം പുത്രസ്നേഹത്തിൽ നിന്നല്ല സ്വയസ്നേഹത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ്.





തന്റെ ആദർശത്തിനൊത്ത് ഉയരാൻ അയാൾക്ക് സാധിക്കാതെ വരുമ്പോൾ അയാൾ നിരാശകളാൽ തളർന്നവനായിത്തീരുന്നു. മനസ്സാക്ഷിയുടെ കുറ്റാരോപണത്തെ താഴ്മയുടെ ലക്ഷണമായി ഇയാൾ കരുതുന്നു. യഥാർത്ഥത്തിൽ തന്റെ ഉന്നത ലക്ഷ്യത്തിലെത്താതിരിക്കുന്ന സ്വന്തം കുറ്റം ക്ഷമിക്കുന്നതിനുള്ള വിസമ്മതവും ലജ്ജയും മാത്രമാണിത്. തന്റെ മകനെപ്പറ്റി ഉന്നതാഭിലാഷങ്ങളുള്ള ഒരു പിതാവ് അവൻ ആ അവസ്ഥയിൽ എത്താതിരിക്കുമ്പോൾ അവനോട് ക്ഷമിക്കാതിരിക്കുന്ന അവസ്ഥയ്ക്ക് തുല്യമാണത്. ഇത്തരമൊരു പിതാവിന്റെ ദുഃഖം പുത്രസ്നേഹത്തിൽ നിന്നല്ല സ്വയസ്നേഹത്തിൽനിന്ന് ഉത്ഭവിക്കുന്നതാണ്.

യഥാർത്ഥതാഴ്മയുള്ള വ്യക്തി തന്നിൽനിന്നുതന്നെ ഒരു നന്മയും പ്രതീക്ഷിക്കുന്നില്ല. തന്നിൽ ഒരു നന്മയും കാണാത്തപ്പോൾ അയാൾ നിരാശപ്പെടുന്നില്ല. താൻ ചെയ്യുന്ന ഏത് നല്ല കാര്യവും ദൈവം തന്നിലൂടെ പ്രവർത്തിക്കുന്നതാണെന്ന് അയാൾക്കറിയാം. തന്റെ സ്വന്തം പ്രവൃത്തി അത് പുറമേ നല്ലതായി തോന്നിയാലും അത് നന്മയല്ലെന്ന കാര്യം അയാൾ മനസ്സിലാക്കുകയും ചെയ്യും.

ഈ വസ്തുത ആഴത്തിൽ മനസ്സിലാക്കുമ്പോൾ തന്റെ അഭിപ്രായത്തിനനുസൃതമായി ജീവിക്കുവാനുള്ള വ്യഗ്രതയിൽനിന്നയാൾ രക്ഷപ്പെടും. ദൈവാത്മാവുതന്നെ ധാർമ്മികനിയമം തന്നിൽ നിറവേറ്റുമെന്ന പ്രതീക്ഷ അയാളിൽ അങ്കുരിക്കുന്നു. തന്നിൽനിന്ന് ക്രിസ്തുവിലേക്ക് അയാളുടെ കേന്ദ്രം മാറുന്നു. മുൻപ് അനുഭവപ്പെട്ടിരുന്ന ആയിരക്കണക്കിന് തടസ്സങ്ങൾ മാറി തന്റെ തലമുറയിൽ ദൈവഹിതം ചെയ്യുവാനായി അയാൾ തന്നെത്തന്നെ ഏല്പിക്കുന്നു.

ഇത്തരം ഒരു വ്യക്തി ദൈവമുമ്പാകെ പരാജയപ്പെടുന്നപക്ഷം അയാൾ ഖേദിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുന്നു. സ്വന്തം പരാജയത്തിന് അമിത ശിക്ഷ ഏറ്റ് സ്വയം പീഡിതനാകുവാൻ അയാൾ ഇടയാക്കുകയില്ല. ബ്രദർ ലോറൻസ് പറഞ്ഞ പ്രകാരം, ദൈവമേ അങ്ങ് എന്നെ എന്റെ ഇഷ്ടത്തിന് വിട്ടാൽ മറ്റൊരു പ്രകാരത്തിൽ ചെയ്യാൻ എനിക്ക് കഴികയില്ല. അതിനാൽ എന്റെ വീഴ്ച നീ തടയുകയും എന്റെ കുറവു നീ പരിഹരിക്കുകയും ചെയ്യണം" എന്നേ അയാൾ പറയുകയുള്ളു. അതിനു ശേഷം സ്വന്തം പരാജയത്തെപ്പറ്റി അയാൾ അസ്വസ്ഥനാകയില്ല.

വിശുദ്ധന്മാരുടെ ജീവചരിത്രവും കൃതികളും വായിക്കുമ്പോഴാണ് വ്യാജമായ താഴ്മയെന്തെന്ന് ഒരാൾ മനസ്സിലാക്കുന്നത്. അഗസ്റ്റിൻ എഴുതിയ രേഖകൾ വായിക്കുമ്പോൾ അദ്ദേഹത്തിന്റെ ബുദ്ധിശക്തി നമുക്കില്ലാ എന്നു നാം ഗ്രഹിക്കും. ക്ലെയർ വോക്സിലെ ബർണാർഡ് എഴുതിയ കാര്യങ്ങൾ വായിക്കുമ്പോൾ അദ്ദേഹത്തിന്റെ ആത്മീയ തീക്ഷ്ണത നമുക്കില്ലാ എന്ന് നമുക്കു വ്യക്തമാകും. ജോർജ് വൈറ്റ്ഫീൽഡിന്റെ കുറിപ്പുകൾ വായിക്കുമ്പോൾ അദ്ദേഹത്തിന്റെ മുൻപിൽ നാം വെറും തുടക്കക്കാരാണെന്ന് നമുക്ക് ബോധ്യമാകും. സാമുവേൽ

# എഡിറ്റോറിയൽ തുടർച്ച

ആവശ്യം. താൻ പാപികളിൽ ഒന്നാമൻ എന്ന നിലപാട് പൗലൊസ് കൈക്കൊണ്ടപ്പോൾ താൻ ഭംഗ്യന്തരേണ പ്രഖ്യാപിക്കുന്നത് യേശുവിനെ ഏറ്റവും കൂടുതൽ ആവശ്യമുള്ളവനായി താൻ എപ്പോഴും നിൽക്കാൻ ആഗ്രഹിക്കുന്നുവെന്നാണ്. ഒരുവൻ വിശുദ്ധൻ ആകുംതോറും അവന്റെ പാപത്തെക്കുറിച്ച് അവന് കൂടുതൽ ബോധ്യം കിട്ടിക്കൊണ്ടിരിക്കും. അവൻ എപ്പോഴും രക്ഷകനെ കൂടുതൽ കൂടുതൽ ആവശ്യമുള്ളവനായി നിൽക്കും. ഇതാണ് ക്രിസ്തീയജീവിതത്തിലെ വൈരുദ്ധ്യം.

ഈ നിലയിൽ നോക്കുമ്പോൾ പൗലൊസ് തന്നെക്കുറിച്ചു നടത്തിയ പ്രസ്താവന വ്യാജമായ താഴ്മയിൽ നിന്നു വന്നതല്ല; മറിച്ച് തന്നെക്കുറിച്ചുള്ള ശരിയായ യാഥാർത്ഥ്യബോധത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണെന്ന് വ്യക്തമാകും.

നമ്മെക്കുറിച്ചുള്ള യാഥാർത്ഥ്യബോധത്തിൽ നിന്നുകൊണ്ട് ദൈവത്തിലേക്ക് നോക്കുന്നതാണ് യഥാർത്ഥ താഴ്മ എന്നു നാം തുടക്കത്തിൽ നൽകിയ നിർവ്വചനം ഓർക്കുക. പൗലൊസ് പാപികളിൽ ഒന്നാമൻ എന്ന യാഥാർത്ഥ്യബോധത്തിലേക്ക് വന്നതിനുശേഷം അവൻ തന്നെത്തന്നെ നോക്കി സഹതപിക്കുകയോ ദുഃഖിക്കുകയോ പുകഴുകയോ അല്ല ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധിക്കുക (1 തിമൊ.1 16, 17 വാക്യങ്ങൾ വായിക്കുക). മറിച്ച് തുടർന്ന് ദൈവത്തിലേക്ക് മാത്രമായി പൗലൊസിന്റെ നോട്ടം. പതിനാറാം വാക്യത്തിൽ ദൈവത്തിന്റെ ദീർഘക്ഷമ, കരുണ എന്നിവയെക്കുറിച്ചാണ് അവന് പറയുവാനുള്ളത്. പതിനേഴാം വാക്യത്തിലാകട്ടെ 'നിത്യരാജാവായി അക്ഷയനും അദൃശ്യനുമായ ഏകദൈവത്തിന് എന്നെന്നേക്കും ബഹുമാനവും മഹത്വവും ആമേൻ' എന്ന് പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ അവൻ തന്നിൽ നിന്നു തന്നെ വിടുതൽ നേടി ദൈവസന്നിധിയിൽ ഒരു ആരാധനയുടെ തലത്തിലേക്കു തന്നെ ഉയർന്നുപോവുകയാണ്!

റോമർ 7 ലും ഇതുതന്നെയാണ് കാണുവാൻ കഴിയുന്നത്. ' എന്നിൽ ...നന്മ വസിക്കുന്നില്ല' എന്നു പറഞ്ഞു തുടങ്ങുന്ന ഭാഗം അവസാനിക്കുമ്പോൾ നോട്ടം യേശുവിൽ തന്നെയാണ്.. ' നമ്മുടെ കർത്താവായ ക്രിസ്തു മുഖാന്തിരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു' (7 :25)

നോക്കുക: പൗലൊസിന്റെ 'ഫോക്കസ്' ഇപ്പോൾ തന്നിലല്ല മറിച്ച് ദൈവത്തിലാണ്. യഥാർത്ഥ താഴ്മയിൽ ശ്രദ്ധാകേന്ദ്രം തന്നിൽ നിന്നു മാറി ദൈവത്തിലേക്ക് വരും. അതുകൊണ്ട് തന്നെ തനിക്കു ലഭിക്കുന്ന പ്രശംസകളോ അഭിനന്ദനങ്ങളോ യഥാർത്ഥ താഴ്മയുള്ള ഒരുവൻ ഗണ്യമാക്കുകയില്ല. തനിക്കു നേരേ വരുന്ന വിമർശനങ്ങളെയും അവൻ കാര്യമാക്കുകയില്ല. കുറ്റപ്പെടുത്തലുകളിൽ അവനു പരാതിയില്ല. കാരണം താൻ പാപികളിൽ ഒന്നാമനാണെന്ന യഥാർത്ഥ്യബോധം അവനുണ്ട്. അതുകൊണ്ടുതന്നെ മറ്റുള്ളവർ തന്നോട് ഒരുകൊടുംപാപിയോട് എന്ന നിലയിൽ മോശമായി പെരുമാറിയാലും അവന് പരാതി പറയാൻ എന്തവകാശം? പാപികളിൽ ഒന്നാമന് നരകത്തിന് മാത്രമാണ് അർഹത. അപ്പോൾ നരകയാതനയിൽ കുറഞ്ഞ് ലഭിക്കുന്ന പീഡനങ്ങളെയെല്ലാം അവൻ ദൈവവും മറ്റുള്ളവരും നൽകുന്ന ഔദാര്യവും സൗജന്യവുമായി വേണ്ടേ കണക്കാക്കാൻ? അങ്ങനെയെങ്കിൽ തനിക്ക് അർഹിക്കുന്നതിലും കുറവായി ലഭിക്കുന്ന പീഡനങ്ങളെക്കുറിച്ച് അവൻ പരാതിപ്പെടുന്നതെങ്ങനെ? യഥാർത്ഥ താഴ്മയുള്ളവന് മറ്റെല്ലാവരേയും തന്നെക്കാൾ ശ്രേഷ്ഠരെന്നെണ്ണാനും ഒരു പ്രയാസവുമില്ല. കാരണം, താനാണ് പാപികളിൽ ഒന്നാമൻ. മറ്റുള്ളവരിൽ പാപങ്ങൾ കണ്ടേക്കാം എങ്കിലും തനിക്ക് അതിനു നേരെ വിരൽ ചൂണ്ടാൻ എങ്ങനെ കഴിയും?കാരണം താനാണ് ഒന്നാമൻ. മറ്റെല്ലാവരും തന്നേക്കാൾ ഭേദമാണ്!

എത്ര ശ്രേഷ്ഠമായ ഒരു മനോഭാവം! യേശു ഭൂമിയിൽ വന്നതും ക്രൂശിനെ അഭിമുഖീകരിച്ചതും താഴ്മയുടെ അവസാന പടിയിലേക്കുവരെ ഇറങ്ങിക്കൊണ്ടായിരുന്നു.അതുകൊണ്ട് തനിക്ക് ആരോടും പരിഭവം ഇല്ലായിരുന്നു. ഒരു പരാതിയും ഉണ്ടായിരുന്നില്ല. പീഡിപ്പിച്ചവർക്കുവേണ്ടി പോലും പ്രാർത്ഥിക്കുവാൻ കഴിഞ്ഞു. ഇതിൽ അത്ഭുതമില്ല. കാരണം യഥാർത്ഥ താഴ്മ തന്നെ ആൾരൂപം ധരിച്ചതായിരുന്നു യേശു. അവിടുത്തെ താഴ്മയുടെ ഏറ്റവും ഉദാത്തമായ തലമായിരുന്നു ക്രൂശ്. (തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളംതന്നെ....ഫിലി 2.8).

യഥാർത്ഥ താഴ്മയുടെ കാര്യത്തിൽ നാം യേശുവിൽ നിന്ന് എത്രയോ അകലെയാണ്! എന്നാൽ യേശുവിന്റെ ഈ താഴ്മ നമ്മെ ആകർഷിക്കുന്നുണ്ടെങ്കിൽ തന്നിൽ നിന്നു തന്നെ ഇത് പഠിക്കാൻ ഈ ജീവിതം മുഴുവൻ നമ്മുടെ മുമ്പിലുണ്ട്. യേശു പറഞ്ഞു 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും' (മത്തായി 11:29).

---

റൂഥർഫോർഡിന്റെ എഴുത്തുകൾ വായിച്ചാൽ അദ്ദേഹമനുഭവിച്ച ദൈവസ്നേഹവും നമ്മുടെ ദൈവസ്നേഹവും തുലനം ചെയ്യാൻ സാധ്യമല്ല എന്ന് വ്യക്തമാകും.

ഇപ്രകാരം യഥാർത്ഥ താഴ്മയുടെ സ്ഥാനത്ത് വ്യാജതാഴ്മ പ്രവർത്തിക്കുന്നതായി കാണുമ്പോൾ നമുക്ക് പൊടിയിലേക്ക് ഇറങ്ങിച്ചെന്ന് സ്വയം സഹതപിക്കുകയും ചെയ്യാം. നമ്മുടെ സ്വയസ്നേഹമോർത്ത് നാം കോപത്തോടെ നമ്മെത്തന്നെ നിന്ദിക്കും. ഇവിടെ നാം സൂക്ഷിക്കുക. നാം പശ്ചാത്താപമെന്ന് കരുതുന്നത് അസൂയയുടെ അഥവാ അസഹിഷ്ണുതയുടെ ഒരു രൂപഭേദം മാത്രമായിരിക്കും. മഹാശക്തരായ വ്യക്തികളോട് അസൂയപ്പെട്ടിട്ട് അവർക്ക് തുല്യരാവുക അസാദ്ധ്യമെന്ന് തോന്നുകമൂലം നാം നിരാശപ്പെട്ടെന്നു വരാം. ആ വൈരാഗ്യത്തെ ദൈവഭക്തിയെന്ന് നാം സങ്കല്പിച്ചെന്നും വരാം.

രണ്ടുതരത്തിലുള്ള ക്രിസ്ത്യാനികളെ ഞാൻ കണ്ടിട്ടുണ്ട്. തങ്ങൾ താഴ്മയുള്ളവരെന്ന് സങ്കല്പിക്കുന്ന നിഗളികളാണ് ഒരു കൂട്ടർ .തങ്ങൾ നിഗളികളോ എന്നോർത്ത് ഭയപ്പെടുന്നവരാണ് രണ്ടാമത്തെ കൂട്ടർ. എന്നാൽ മൂന്നാമത് ഒരു കൂട്ടർ ഉണ്ടാകേണ്ടിയിരിക്കുന്നു. തന്നെത്താൻ മറന്ന് എല്ലാം ദൈവകരങ്ങളിലേല്പിക്കുകയും സ്വയം നന്നാക്കുവാൻ വേണ്ടി സമയം പാഴാക്കാതിരിക്കുകയും ചെയ്യുന്നവർ. ഇക്കൂട്ടർ മറ്റുള്ളവരേക്കാൾ മുമ്പേ ലക്ഷ്യം പ്രാപിക്കും.

*മൊഴിമാറ്റം*

***ഏബ്രഹാം വർഗീസ്***

***മുംബൈ***

❖

# ദൈവവഴികൾ അറിയുക

“**ദൈ**വം തന്റെ വഴികളെ മോശയെയും തന്റെ പ്രവൃത്തികളെ യിസ്രയേൽ മക്കളെയും അറിയിച്ചു. (സങ്കീ 103:8)

ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു (യോഹ.17:3)

ദൈവത്തിന്റെ പ്രവൃത്തികൾ (അവിടുത്തെ അത്ഭുതങ്ങൾ പോലും) നിരീക്ഷിക്കുന്നതും അവിടുത്തെ വഴികളെ മനസ്സിലാക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

മിക്കവാറും ക്രിസ്ത്യാനികളും ദൈവത്തിന്റെ പ്രവൃത്തികൾ മാത്രമാണ് കാണുന്നത്. അവർ ബാഹ്യമായ അത്ഭുതങ്ങളാൽ സ്വാധീനിക്കപ്പെട്ടവരായിത്തീരുന്നു. അവർ ഔത്സുക്യത്തോടെ അന്വേഷിക്കുന്നത് രോഗസൗഖ്യവും ഭൗതിക അനുഗ്രഹങ്ങളുമാണ്. അവരുടെ മിക്കപ്രാർത്ഥനകളും ഇത്തരം ഭൗതികകാര്യങ്ങളുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ദൈവം അവർക്കുവേണ്ടി പ്രവർത്തിക്കുന്നതും ഭൗതികമേഖലയിൽ അവരെ അനുഗ്രഹിക്കുന്നതും കാണുവാനാണ് അവർ ആഗ്രഹിക്കുന്നത്. ഇതിന്റെ കാരണം, അവർ ആത്മീയശൈശവത്തിൽ കഴിയുന്നു എന്നതാണ്.

ബൈബിൾ ഇപ്രകാരം പറയുന്നു: നിത്യജീവൻ എന്നത് ദൈവത്തെയും യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് (യോഹ.17:3).

നിത്യജീവൻ എന്നതിന് നിത്യമായ അസ്തിത്വം (നിലനില്പ്) എന്നല്ല അർത്ഥം. നിത്യജീവൻ എന്നത് ദൈവത്തിന്റെ ജീവിതവും സ്വഭാവവും എന്നതിന്റെ മറ്റൊരു പദമാണ്.

നിത്യമായ നിലനില്പ് എന്നത് സകല മനുഷ്യജീവികളും, നരകത്തിൽ പോകുന്നവരുൾപ്പെടെ, അനുഭവിക്കുന്ന കാര്യമാണ്. എന്നാൽ വളരെ ചുരുക്കം പേരേ നിത്യജീവൻ അനുഭവിക്കുന്നുള്ളു. നാം ദൈവത്തെയും യേശുക്രിസ്തുവിനെയും എത്രയും അധികം അറിയുന്നുവോ അത്രയുമധികം നാം നിത്യജീവനെ പ്രാപിക്കും.

മോശയുടെ കാലത്ത് മോശെയ്ക്ക് മാത്രമേ ദൈവത്തിന്റെ വഴികളെ അറിയുവാൻ കഴിഞ്ഞിരുന്നുള്ളു. ഇന്ന് പുതിയ ഉടമ്പടിയുടെ കീഴിൽ ആ പ്രത്യേകാനുകൂല്യം നമുക്കോരോരുത്തർക്കും നല്കപ്പെട്ടിരിക്കുന്നു.

എന്നിട്ടും വളരെ വളരെ ചുരുക്കം ആളുകൾ മാത്രമേ ദൈവത്തിന്റെ വഴികളെ അറിയുന്നുള്ളു കാരണം, അധികപങ്കു വിശ്വാസികളും ദൈവത്തിന്റെ ബാഹ്യമായ പ്രവൃത്തികളാൽ മാത്രം ആകർഷിക്കപ്പെട്ടിരിക്കയാണ്.

ഒരുജോലി ലഭിക്കുക, ഒരു പുതിയ വീട് കിട്ടുക, ഒരു ഭാര്യയെയോ ഭർത്താവിനെയോ ലഭിക്കുക, സൗഖ്യം പ്രാപിക്കുക തുടങ്ങിയ ബാഹ്യമായ അത്ഭുതങ്ങൾ അനുഭവിക്കുമ്പോൾ അവർ ഉത്തേജിതരാകുകുകയും ഈ കാര്യങ്ങളെപ്പറ്റി വേഗത്തിൽ സാക്ഷിക്കുകയും ചെയ്യും. കാരണം, ഇതൊക്കെയാണ് അവരുടെ ജീവിതത്തിലെ മഹത്തായ കാര്യങ്ങൾ.

ഈ കാര്യങ്ങളൊക്കെയാണ് ഇപ്പോഴും നമ്മെ ഉത്തേജിപ്പിക്കുന്നതെങ്കിൽ നാം പുതിയ ഉടമ്പടിയുടെ മഹത്വം കണ്ടിട്ടില്ല.

പക്വത വന്നവരുടെ ഒരു അടയാളം അവർ ദൈവത്തെ അറിയുന്നു എന്നതാണ് അവിടുത്തെ വഴികളെ മനസ്സി





**നിത്യമായ നിലനില്പ് എന്നത് സകല മനുഷ്യജീവികളും, നരകത്തിൽ പോകുന്നവരുൾപ്പെടെ, അനുഭവിക്കുന്ന കാര്യമാണ്. എന്നാൽ വളരെ ചുരുക്കം പേരേ നിത്യജീവൻ അനുഭവിക്കുന്നുള്ളു. നാം ദൈവത്തെയും യേശുക്രിസ്തുവിനെയും എത്രയും അധികം അറിയുന്നുവോ അത്രയുമധികം നാം നിത്യജീവനെ പ്രാപിക്കും.**

ലാക്കുന്നതിനേക്കാൾ അധികമായി അവിടുത്തെ ബാഹ്യമായ പ്രവൃത്തികളാൽ ആകർഷിക്കപ്പെടുന്നവരല്ല അവർ.

ദൈവത്തെയും അവിടുത്തെ വഴികളെയും നാം അറിയുമ്പോൾ മാത്രമേ പല കാര്യങ്ങളും മനസ്സിലാകുകയുള്ളു. ഉദാഹരണത്തിന്, യഥാർത്ഥത്തിൽ ലൗകികത്വം എന്താണെന്ന് നമുക്ക് അപ്പോൾ മാത്രമേ മനസ്സിലാക്കുവാൻ കഴിയുകയുള്ളു.

അനേകം വിശ്വാസികളും ചിന്തിക്കുന്നത് ലൗകികത്വം എന്നാൽ ബാഹ്യമായ ചിലതൊക്കെ- ലിപ്സ്റ്റിക്ക് പുരട്ടുന്നത്, ആഭരണങ്ങൾ അണിയുന്നത്, വിചിത്രമായ വസ്ത്രധാരണം, വിലകൂടിയ ഇലക്ട്രോണിക് ഉപകരണങ്ങൾ ഭവനത്തിലുണ്ടായിരിക്കുന്നത്- തുടങ്ങിയവയാണെന്നാണ്.

എന്നാൽ റോമർ 12:1 വ്യക്തമാക്കുന്നത് ലോകത്തോടുള്ള അനുരൂപപ്പെടൽ ഒരുവന്റെ മനസ്സിലാണ് കാണപ്പെടുന്നത് എന്നാണ്. ലോകത്തോടുള്ള അനുരൂപപ്പെടലിനോട് എതിർത്തുനില്ക്കുകയും ദൈവത്തിന്റെ പൂർണ്ണഹിതം മനസ്സിലാക്കുന്നതിനുവേണ്ടി പുതുക്കം പ്രാപിക്കുകയും ചെയ്യേണ്ടത് ഒരുവന്റെ മനസ്സിലാണ്.

ഒരുവ്യക്തി ലൗകികതയുടെ ബാഹ്യമായ എല്ലാ അടയാളങ്ങളിൽ നിന്നും വിടുവിക്കപ്പെടുകയും മനുഷ്യരുടെ മുമ്പിൽ നല്ല സാക്ഷ്യമുള്ളവനായിരിക്കുകയും ചെയ്തേക്കാം. എന്നാലും അയാളുടെ ചിന്താമണ്ഡലത്തിൽ തികച്ചും ലൗകികനായിരിക്കാൻ സാധ്യതയുണ്ട്.

മിക്ക വിശ്വാസികളുടെയും ലൗകികതയുടെ നിർവ്വചനം അവരുടെ സ്വന്ത ജീവിതനിലവാരത്തെ ആശ്രയിച്ചാണിരിക്കുന്നത്!! അവർ സ്വന്തമാക്കിയിരിക്കുന്ന ലോകത്തിന്റെ നന്മകൾ ഒന്നും അവരെ ലൗകികരാക്കുന്നില്ലെന്നാണ് അവർ വിചാരിക്കുന്നത്. എന്നാൽ അവരെക്കാളധികം മറ്റാരെങ്കിലും ലോകത്തിന്റെ കാര്യങ്ങൾ സ്വന്തമാക്കിയിട്ടുണ്ടെങ്കിൽ ആ വ്യക്തി ലൗകികനാണ്! അവരുടെ ജീവിതനിലവാരം ഉയരുമ്പോൾ അവരുടെ ലൗകികതയുടെ അളവുകോൽ അതിനനുസരിച്ച് വ്യത്യാസപ്പെടുകയും ചെയ്യും!

എന്നാൽ ഒരു വിശ്വാസിയും നമുക്കു പൂർണമായ ഒരു മാനദണ്ഡമല്ല. യേശു മാത്രമാണ് നമ്മുടെ മാനദണ്ഡം. ലൗകികത്വം തിരിച്ചറിയുന്നതിന് യേശുക്രിസ്തുവിനെ നാം അറിഞ്ഞിരിക്കണം. അവിടുത്തെ ജീവിതത്തിന്റെ വെളിച്ചത്തിൽ മാത്രമേ എന്താണ് ലൗകികത എന്നുംഎന്താണ് അല്ലാത്തത് എന്നും നമുക്ക് കാണുവാൻ കഴിയുകയുള്ളു.

പരീശന്മാർ നീതിയുടെ അന്വേഷണത്തിൽ സ്വയം നീതിമാരായിത്തീർന്നു. കാരണം അവർ ദൈവത്തെ അറിഞ്ഞിരുന്നില്ല. അവർ നീതിയെ അന്വേഷിച്ചത് ദൈവത്തിനുവേണ്ടിത്തന്നെ വിശന്നു ദാഹിക്കാതെ ആയിരുന്നു. പരീശന്മാരുടെ പ്രവൃത്തികളെ ഒഴിവാക്കുന്നതു

**ദൈവത്തെ കൂടുതൽ കൂടുതൽ അറിയുക എന്നതായിരിക്കണം നമ്മുടെ വാഞ്ഛ. കാരണം ഇതാണ് നിത്യജീവൻ. നമ്മുടെ നിത്യത മുഴുവൻ ദൈവത്തെ കൂടുതൽ കൂടുതൽ അറിയുവാൻ വേണ്ടിയാണ് നമ്മുടെ സമയം ചെലവഴിക്കാൻ പോകുന്നത്. അതുകൊണ്ടു തന്നെ ദൈവത്തെ അറിയുവാനുള്ള വാഞ്ഛയുള്ളവർക്ക് നിത്യത വിരസത ഉണ്ടാക്കുന്നതായിരിക്കയില്ല.**

കൊണ്ടു മാത്രം നമുക്ക് പരീശത്വത്തിൽ നിന്നും വിടുതൽ പ്രാപിക്കാൻ കഴിയുകയില്ല. ഉദാഹരണത്തിന് പരീശന്മാരുടെ ചില അടയാളത്തെപ്പറ്റി നാം കേൾക്കുന്നു. ചിലപ്പോൾ ആ അടയാളങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്നും ഒഴിവാക്കാനും കഴിഞ്ഞേക്കും. എന്നാൽ അത് ഒരു ചീത്തവൃക്ഷത്തിന്റെ ഫലങ്ങളെ പറിച്ചു കളയുന്നതിനു തുല്യമേ ആകുകയുള്ളു. ചീത്ത ഫലങ്ങൾ വീണ്ടും മറ്റൊരു ശാഖയിൽ പ്രത്യക്ഷപ്പെടും.

ഒരു വിശ്വാസിക്ക് അവന്റെ ജീവിതകാലം മുഴുവൻ പരീശത്വത്തിന്റെ വിവിധ ഫലങ്ങൾ തന്റെ ജീവിതത്തിൽ നിന്നും പറിച്ചു കളഞ്ഞുകൊണ്ടിരിക്കാനും അതേസമയം താൻ ക്രിസ്തീയജീവിതം ആരംഭിച്ചപ്പോഴത്തേതിനേക്കാൾ വലിയ പരീശനായി അവസാനിക്കാനും കഴിയും.

എന്നാൽ നാം ദൈവത്തെ അറിയുമ്പോൾ സ്വയനീതീകരണത്തിൽനിന്നും രക്ഷപ്രാപിക്കാനുള്ള ഒരേഒരുവഴി ആ വൃക്ഷത്തെ അതിന്റെ വേരോടെ മുറിച്ചുകളയുക മാത്രമാണെന്ന് നാം തിരിച്ചറിയും.

ഈ കാലഘട്ടത്തിൽ എല്ലായിടത്തും നടത്തപ്പെടുന്ന രോഗശാന്തി ശുശ്രൂഷയുടെ കാര്യം തന്നെ എടുക്കാം. ഇത്തരം ശുശ്രൂഷകളിൽ വിശ്വാസികളിൽ നിന്നും ലക്ഷക്കണക്കിന് രൂപയാണ് പിരിച്ചെടുക്കുന്നത് ഇത്തരം വാണിജ്യവൽക്കരിക്കപ്പെട്ട ക്രിസ്ത്യാനിത്വത്തിൽ ക്രിസ്തുവിന്റെ ആത്മാവിന്റെ ഒരംശംപോലുമില്ല എന്നു തിരിച്ചറിയാവുന്ന ഒരു വിശ്വാസിയെ കാണുന്നത് തുലോം വിരളമാണ്. എന്നാൽ നിങ്ങൾ യേശുക്രിസ്തുവിനെ അറിയുമ്പോൾ ദൈവദാസൻ എന്നവകാശപ്പെടുന്ന ഓരോരുത്തരെയും യേശുവിനോടു തന്നെ നിങ്ങൾ താരതമ്യം ചെയ്യും.

യേശുവിന്റെ ജീവിതത്തിന്റെ വെളിച്ചത്തിൽ, യേശുകർത്താവും ഈ സൗഖ്യദായകർ എന്നുവിളിക്കപ്പെടുന്നവരും തമ്മിൽ യാതൊരു സാമ്യവുമില്ല എന്നു വെളിപ്പെടും. എന്നാൽ നിങ്ങൾക്ക് യേശുക്രിസ്തുവിനെ അറിയുകയില്ലെങ്കിൽ ഇത്തരം രോഗശാന്തി ശുശ്രൂഷകളിൽ ചെയ്യുന്ന പലകാര്യങ്ങളും നിങ്ങൾക്കു വളരെ ആകർഷകങ്ങളായി തോന്നുകയും നിങ്ങൾ വഞ്ചിക്കപ്പെടുകയും ചെയ്തേക്കാം.

പരിശുദ്ധാത്മാവ് വളരെ തെളിവായി പറയുന്നത് അന്ത്യനാളുകളിൽ വഞ്ചന നിറഞ്ഞ ആത്മാവിന്റെ ഒരു പ്രളയം തന്നെ ലോകത്തെ കീഴടക്കുകയും അനേകരെയും അതു നാശത്തിലേക്ക് നയിക്കുകയും ചെയ്യും എന്നാണ്. (1 തിമോ. 4:1). യേശു തന്റെ ശിഷ്യന്മാരോട് വഞ്ചിക്കപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊള്ളേണം എന്ന് കൂടെക്കൂടെ മുന്നറിയിപ്പു നല്കിയിരുന്നു. ലോകാവസാനത്തിന്റെ ആദ്യത്തെ അടയാളം വഞ്ചന ആയിരിക്കുമെന്ന് അവിടുന്നു സൂചിപ്പിച്ചിട്ടുണ്ട്. (മത്താ. 24:3,4) അത്തരം വഞ്ചനയിൽ നിന്നു





രക്ഷപ്പെടാനുള്ള വഴി കർത്താവിനെ അറിയുക എന്നതാണ് .അപ്പോൾ ദൈവത്തെ മഹത്വപ്പെടുത്തുന്നതെന്താണെന്നും അല്ലാത്തതെന്താണെന്നും തിരിച്ചറിയുവാൻ നമുക്കു സാധിക്കും.

ഈ ദിവസങ്ങളിൽ മിക്കവാറും ക്രിസ്തീയ മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ എന്തൊക്കെ ചെയ്യാൻ അനുവദിക്കണം എന്തൊക്കെ അനുവദിക്കാൻ പാടില്ല. ഏതൊക്കെ സ്കൂൾ പരിപാടികളിൽ അവരുടെ കുട്ടികൾ ഭാഗഭാഗാക്കണം ഏതിലൊക്കെ പാടില്ല, എന്തുതരത്തിലുള്ള വസ്തുക്കൾ അവരുടെ പെൺമക്കൾ ധരിക്കണം, ഏതു ധരിക്കാൻ പാടില്ല തുടങ്ങിയ കാര്യങ്ങളിൽ ആശയക്കുഴപ്പത്തിൽ ആകാറുണ്ട്.

മറ്റു ദൈവഭക്തരായ സഹോദരന്മാർ സ്വീകരിച്ചിരിക്കുന്ന അതേ നിലവാരം നാം അനുകരിക്കേണമോ? മറ്റുള്ളവരുടെ പ്രവൃത്തികളെ അനുകരിച്ചാൽ നാം മുങ്ങിപ്പോകാൻ സാധ്യതയുണ്ടെന്നും വേദപുസ്തകം സൂചിപ്പിക്കുന്നു. (എബ്രാ 11:29 കാണുക) നാം മറ്റുള്ളവരുടെ വിശ്വാസം ആണ് അനുകരിക്കേണ്ടത്, അവരുടെ പ്രവൃത്തികൾ അല്ല. (എബ്രാ:13:7 കാണുക) ഒരു സഹോദരൻ ഒരു തീരുമാനത്തിലെത്തിച്ചേരാൻ കാരണമായ ആദർശമാണ് നാം മനസ്സിലാക്കേണ്ടത് അല്ലാതെ അയാളുടെ പ്രവൃത്തികളെ അനുകരിക്കുകയല്ല വേണ്ടത്.

ഇതു ഞാൻ ഒരു ഉദാഹരണത്തിൽ കൂടി വിശദമാക്കാം. മിതവ്യയശീലം ദൈവികത്വത്തിന്റെ ഒഴിച്ചുകൂടാത്ത ഭാഗമാണെന്ന് അറിയാവുന്ന ഒരു സഹോദരൻ എന്നോടു പറഞ്ഞത് ബ്രഷിന്റെ പകുതി ഭാഗത്തുമാത്രം ടൂത്ത് പേസ്റ്റ് തേയ്ക്കുന്നതുമൂലം ടൂത്ത് പേസ്റ്റ് ട്യൂബ് ഇരട്ടിക്കാലം ഉപയോഗിക്കാൻ പറ്റുന്നു എന്നാണ്. ഈ ശീലം എല്ലാ ദിവസവും നിങ്ങൾക്ക് അനുകരിക്കാൻ കഴിയും എന്നിട്ടും ഒരിക്കലും നിങ്ങൾ ആത്മീയനായിത്തീരുകയില്ല! ആ സഹോദരൻ ജീവിതത്തിൽ അനുഷ്ഠിച്ച മിതവ്യയശീലം എന്ന ആദർശം ആണ് നാം അനുകരിക്കേണ്ടത് മറിച്ച് ബ്രഷിൽ അദ്ദേഹം എടുത്ത ടൂത്ത് പേസ്റ്റിന്റെ അളവല്ല. നിങ്ങളുടെ പല്ലു കേടുള്ളതാണെങ്കിൽ നിങ്ങൾ ദൈവഭക്തനാണെങ്കിലും ബ്രഷുനിറയെ പേസ്റ്റ് എടുക്കേണ്ട ആവശ്യമുണ്ട്!

ദൈവത്തെ കൂടുതൽ കൂടുതൽ അറിയുക എന്നതായിരിക്കണം നമ്മുടെ വാഞ്ഛ. കാരണം ഇതാണ് നിത്യജീവൻ. നമ്മുടെ നിത്യത മുഴുവൻ ദൈവത്തെ കൂടുതൽ കൂടുതൽ അറിയുവാൻ വേണ്ടിയാണ് നമ്മുടെ സമയം ചെലവഴിക്കാൻ പോകുന്നത്. അതുകൊണ്ടു തന്നെ ദൈവത്തെ അറിയുവാനുള്ള വാഞ്ഛയുള്ളവർക്ക് നിത്യത വിരസത ഉണ്ടാക്കുന്നതായിരിക്കയില്ല. അപ്പോൾ നമ്മുടെ ഭൂമിയിലുള്ള ജീവിതവും ഒരിക്കലും വിരസതയുള്ളതായിരിക്കയില്ല.

ദൈവത്തിന്റെ ജീവനെയും അവിടുത്തെ വഴികളെയും പറ്റി ഉൽപത്തി രണ്ടിൽ ആദമിനോടുള്ള ദൈവത്തിന്റെ ഇടപെടലിൽ നിന്നും നമുക്കു ചിലതു പഠിക്കാം. അവിടെ നാം കാണുന്നത് ആദമിന് ഭാര്യയെ ആവശ്യമുണ്ടെന്ന കാര്യം ദൈവം തന്നെയാണ് കണ്ടതും ആ ആവശ്യം സാധിപ്പിച്ചു കൊടുത്തതും എന്നാണ്. ദൈവത്തിന്റെ സ്വഭാവം എങ്ങനെയുള്ളതാണ്? ദൈവം എല്ലായ്പ്പോഴും മനുഷ്യരുടെ ആവശ്യങ്ങളെപ്പറ്റി ജാഗ്രതയുള്ളവനും ആ ആവശ്യങ്ങൾ നടത്തിക്കൊടുക്കാൻ സാധ്യമായതെല്ലാം ചെയ്യുന്നവനുമാണ്.

(തുടരും)

മൊഴിമാറ്റം: **വി.എം. വർഗീസ്.**

# അളവല്ല,ഗുണം പ്രധാനം

## ക്രിസ്തുവിന്റെ ന്യായാസനം - 2

**ലിയോനാർഡ് റാവെൻഹിൽ**

**പൂ**ർണമായ സമർപ്പണജീവിതം ഉള്ളവരായിരുന്നു എക്കാലത്തും ദൈവവേലയിൽ വീരന്മാരായിരുന്നിട്ടുള്ളത്. ലോകത്തിലെ പ്രഗല്ഭരായ പല പ്രാർത്ഥനാ വീരന്മാർക്കും ജന്മം നൽകിയിട്ടുള്ളത് അമേരിക്കൻ ഐക്യനാടുകളാണ്. അത്തരത്തിലുള്ള ഒരു വ്യക്തിയായിരുന്നു ജോൺഹൈഡ്. അദ്ദേഹത്തിന്റെ ഒപ്പമിരുന്നു പ്രാർത്ഥിച്ചിട്ടുള്ളവർ അത് തികച്ചും അവർണ്ണനീയമായ അനുഭവമായിരുന്നുവെന്നാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ''പ്രാർത്ഥിക്കുന്ന ഹൈഡ്'' എന്നപേരിൽ അദ്ദേഹത്തെപ്പറ്റി രചിച്ചിട്ടുള്ള പുസ്തകം വായിക്കുന്നത് ഒരിക്കലും ഒരു നഷ്ടമാവുകയില്ല.

പോർട്ട്ലാൻഡിന്റെ പ്രാർത്ഥിക്കുന്ന പെയ്സൺ" എന്നറിയപ്പെട്ടിരുന്ന എഡ്വേർഡ് പെയ്സണും ഇപ്രകാരമൊരു പ്രാർത്ഥനാവീരനായിരുന്നു. മരണാനന്തരം കുളിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ കാൽമുട്ടുകൾ തഴമ്പിച്ച് വളരെ വികൃതമായി കാണപ്പെട്ടിരുന്നു. കിടക്കയ്ക്കരികിൽ മണിക്കൂറുകൾ മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നതിനാലാണ് ഒട്ടകത്തിന്റെ കാൽമുട്ടുകൾപോലെ അദ്ദേഹത്തിന്റെ കാൽമുട്ടുകൾ വളരെ കട്ടിയായി കാണപ്പെട്ടത്. യാക്കോബിന് ഒട്ടകത്തിന്റെ കാൽമുട്ടുകളായിരുന്നുവെന്ന് കേട്ടുകേൾവി മാത്രമുള്ളപ്പോൾ, ഇവിടെ ഇതാ അക്ഷരാർത്ഥത്തിൽ തന്നെ അങ്ങനെ ജീവിച്ചിരുന്ന ഒരാൾ!

ഒരിക്കൽ ഇംഗ്ലണ്ടിലെ വെയിൽസ് ബൈബിൾ സ്കൂളിന്റെ മട്ടുപ്പാവിൽ റീസ് ഹോവെൽസിന്റെ പത്നിയും ഞാനും സംസാരിച്ചുകൊണ്ടുനില്ക്കുകയായിരുന്നു. തന്റെ ഭർത്താവ് തുടർച്ചയായി പതിനൊന്നു മാസം രാവിലെ ആറുമണിമുതൽ വൈകുന്നേരം ആറുമണിവരെ അവിടെ ഒരു മുറിയിലിരുന്ന് പ്രാർത്ഥിക്കുമായിരുന്നു എന്ന് അവർ പറഞ്ഞു. അദ്ദേഹത്തിന്റെ മാതാവ് മരിച്ച ദിവസം മാത്രമേ ആ പ്രാർത്ഥനയ്ക്ക് മുടക്കം വന്നിട്ടുള്ളൂ.

നിത്യതയെ നമുക്ക് ഒന്നുകൂടി ഭാവനയിൽ കാണാം. അപ്പൊസ്തലന്മാരോടൊപ്പം എക്കാലത്തേയും സകലവിശുദ്ധന്മാരും ഉണ്ട്. ഉണർവിന്റെ വക്താവായ ചാൾസ്ഫിന്നി, രക്ഷാസൈന്യത്തിന്റെ സ്ഥാപകനായ വില്യം ബൂത്ത്, ജോൺ വെസ്ലി..... എന്നിങ്ങനെ നമ്മൾ വായിച്ചും കേട്ടും അറിഞ്ഞ സകലവിശ്വാസവീരന്മാരും അവിടെ ഉണ്ട്. നമ്മുടെ കണക്കുപുസ്തകം തുറന്ന് വായിക്കുവാൻ പോവുകയാണ്. എല്ലാവരും ആകാംക്ഷയോടെ നോക്കിനിൽക്കുമ്പോൾത്തന്നെ അത് അടുത്തേക്ക് വന്നുകൊണ്ടിരിക്കുകയാണ്. "ഈ മഹാജനത്തിനു മുൻപാകെ എന്റെ കണക്കുപുസ്തകം വായിക്കു





ന്നതിൽ സന്തോഷമേയുള്ളൂ" എന്ന് മുൻപോട്ടു വന്നു പറയുവാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ?

തന്റെ ഇരുപത്തിയെട്ടാമത്തെ വയസ്സിൽ മരിച്ച യുവ അമേരിക്കൻ മിഷനറി ഡേവിഡ് ബ്രെയ്നാർഡിനെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? അമേരിക്കൻ ഐക്യനാടുകളിലെ ഗോത്രവർഗ്ഗക്കാരായ റെഡ് ഇന്ത്യാക്കാരുടെ ഇടയിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം കടുത്ത ക്ഷയരോഗബാധിതനായിരുന്നു. കയറുകൊണ്ടുതന്റെ ശരീരത്തിൽ കെട്ടിയുറപ്പിച്ച ഒരു മൃഗത്തോൽ മാത്രമായിരുന്നു കേവലം48കിലോഗ്രാം ഭാരമുണ്ടായിരുന്ന അദ്ദേഹത്തിന്റെ ആകെ സമ്പാദ്യം. റെഡ് ഇന്ത്യാക്കാരെ പിൻതുടർന്ന് അനേക തവണ സസ്ക്വഹാനാ നദിയുടെ കുറുകെ അദ്ദേഹം സഞ്ചരിച്ചിരുന്നു. തന്റെ ഡയറിയിൽ ഇപ്രകാരം അദ്ദേഹം രേഖപ്പെടുത്തിയിരുന്നു." തലേരാത്രിയിൽ തുടങ്ങിയ വെറിക്കുത്തും, മദ്യപാനവും, ബഹളവും ഇന്നുരാവിലെ ഞാൻ ഉണർന്നെഴുന്നേൽക്കുമ്പോൾ പോലും റെഡ് ഇന്ത്യാക്കാർ തുടരുകയാണ്. നരകതുല്യമായ ആരവമാണ് അവിടെനിന്നുയരുന്നത്. സ്വസ്ഥമായി പ്രാർത്ഥിക്കുവാൻ അടുത്തുള്ള കുറ്റിക്കാട്ടിൽ ഞാൻ പോയി. എന്റെ താടിയുടെ പൊക്കത്തിൽ മഞ്ഞുണ്ടായിരുന്നു. ആ മഞ്ഞിലിരുന്ന് രാവിലെ മുതൽ വൈകുന്നേരം വരെ ഞാൻ പ്രാർത്ഥിച്ചു. അതിശക്തമായി പ്രാർത്ഥനയിൽ ഞാൻ ദൈവവുമായി മല്ലുപിടിച്ചതിനാൽ എന്റെ ശരീരം ചൂടുപിടിച്ചു. ആ ചൂടുകൊണ്ട് എന്റെ ചുറ്റുമുള്ള മഞ്ഞുമുഴുവൻ ഉരുകി". എത്ര ആശ്ചര്യകരമായ പക്ഷവാദം!

സ്വസ്ഥമായി പ്രാർത്ഥിക്കുവാൻ അടുത്തുള്ള കുറ്റിക്കാട്ടിൽ ഞാൻ പോയി. എന്റെ താടിയുടെ പൊക്കത്തിൽ മഞ്ഞുണ്ടായിരുന്നു. ആ മഞ്ഞിലിരുന്ന് രാവിലെ മുതൽ വൈകുന്നേരം വരെ ഞാൻ പ്രാർത്ഥിച്ചു. അതിശക്തമായി പ്രാർത്ഥനയിൽ ഞാൻ ദൈവവുമായി മല്ലുപിടിച്ചതിനാൽ എന്റെ ശരീരം ചൂടുപിടിച്ചു. ആ ചൂടുകൊണ്ട് എന്റെ ചുറ്റുമുള്ള മഞ്ഞുമുഴുവൻ ഉരുകി.... എത്ര ആശ്ചര്യകരമായ പക്ഷവാദം!

നമ്മുടെ കാര്യമോ? കഷ്ടം തന്നെ! നമ്മുടെ മൃദുവായ കാൽമുട്ടുകൾ വേദനിക്കാതിരിക്കുവാൻ ആരാധനാലയങ്ങളിൽ കുഷ്യനിട്ട കസേരകളും പരവതാനിയും ഒക്കെ ഉണ്ട്. പക്ഷേ പ്രാർത്ഥിക്കുവാൻ ആളെക്കിട്ടുന്നില്ല. ഡേവിഡ് ബ്രെയ്നാർഡ്, പോർട്ട്ലാന്റിലെ പ്രാർത്ഥിക്കുന്ന പെയ്സൺ, ജോൺ ഹൈഡ്, റീസ് ഹോവെൽസ് - ഇവരുടെ സമർപ്പണജീവിതത്തിന്റെ മേൽ ദൈവം തന്റെ തീയിറക്കി. പ്രിയപ്പെട്ടവരേ, അവർക്ക് ഒന്നും നഷ്ടമായില്ല; നഷ്ടപ്പെടുവാൻ അവരുടെ ജീവിതം പുല്ലും വൈക്കോലും തടിയും ഒന്നും ആയിരുന്നില്ലല്ലോ!!

### യഥാർത്ഥസന്തോഷം

അതിപരിശുദ്ധനായ ദൈവത്തെ ലജ്ജിപ്പിക്കുന്ന തരത്തിലുള്ളതാണ് ഇന്നത്തെ സഭകൾ. സഭായോഗങ്ങളിൽ നാം കൈയടിച്ചും കൈപൊക്കിയും പാടുന്നു, സാക്ഷ്യം പറയുന്നു, പ്രബോധനം കേൾക്കുന്നു, പ്രാർത്ഥിക്കുന്നു. അതിനുശേഷമോ തീർത്തും നിരർത്ഥകസംഭാഷണങ്ങളിൽ ഏർപ്പെട്ട് ചിരിയും ബഹളവും സന്തോഷപ്രകടനങ്ങളും ഒക്കെയായി നിർവൃതിയുടെ ഏതോ ഉന്നതതലങ്ങളിൽ നാം ജീവിക്കുന്നു". ചിരിക്കുമ്പോൾ

സഭകളിൽ വേണ്ടത്ര ദൈവശക്തി ഇല്ലാത്തതിനാൽ ലോകത്തിന്റെ ശക്തികളിലേക്ക് നാം തിരിഞ്ഞിരിക്കുകയാണ്. സഹോദരാ, മടങ്ങിവരുക, രട്ടിലും വെണ്ണീറിലും കിടന്ന് നമ്മെത്തന്നെ താഴ്ത്തി ദൈവത്തോടു നിലവിളിക്കാം. ആദിമ സഭകൾക്ക് ശില്പഭംഗിയാർന്ന കെട്ടിടങ്ങളോ, ശമ്പളം പറ്റുന്ന സുവിശേഷകന്മാരോ വലിയ ബാങ്ക് നിക്ഷേപങ്ങളോ ഒന്നുമില്ലായിരുന്നു, (യാചിച്ചു നിക്ഷേപസമാഹരണം നടത്തുവാൻ ടെലിവിഷൻ പരിപാടികൾ അന്നില്ലായിരുന്നതുകൊണ്ടാവാം!) പക്ഷേ ആ സഭകൾ അക്ഷരാർത്ഥത്തിൽ ലോകത്തെ കീഴ്മേൽ മറിച്ചു

ലോകം നിന്റെ കൂടെ ചിരിക്കും" എന്ന പഴമൊഴിക്ക് ചെറിയമാറ്റം വരുത്തേണ്ടിയിരിക്കുന്നു. " ചിരിക്കുമ്പോൾ സഭ നിന്റെ കൂടെ ചിരിക്കും, കരയുമ്പോൾ നീ മാത്രം കരയേണ്ടിവരും." ഇപ്രകാരമൊരു സഭയുടെ ഭാഗമായിരിക്കുന്നതിൽ ഞാനും ലജ്ജിക്കുന്നു.

വിനോദങ്ങൾ നമുക്ക് ആവശ്യമായിത്തീർന്നിരിക്കുന്നത് യഥാർത്ഥസന്തോഷം സഭകളിൽ ഇല്ലാത്തതിനാലാണ്. സന്തോഷത്തിനു പകരമായി പിശാച് തരുന്നതാണ് വിനോദം. സഭകളിൽ വേണ്ടത്ര ദൈവശക്തി ഇല്ലാത്തതിനാൽ ലോകത്തിന്റെ ശക്തികളിലേക്ക് നാം തിരിഞ്ഞിരിക്കുകയാണ്. സഹോദരാ, മടങ്ങിവരുക, രട്ടിലും വെണ്ണീറിലും കിടന്ന് നമ്മെത്തന്നെ താഴ്ത്തി ദൈവത്തോടു നിലവിളിക്കാം. ആദിമ സഭകൾക്ക് ശില്പഭംഗിയാർന്ന കെട്ടിടങ്ങളോ, ശമ്പളം പറ്റുന്ന സുവിശേഷകന്മാരോ വലിയ ബാങ്ക് നിക്ഷേപങ്ങളോ ഒന്നുമില്ലായിരുന്നു, (യാചിച്ചു നിക്ഷേപസമാഹരണം നടത്തുവാൻ ടെലിവിഷൻ പരിപാടികൾ അന്നില്ലായിരുന്നതുകൊണ്ടാവാം!) പക്ഷേ ആ സഭകൾ അക്ഷരാർത്ഥത്തിൽ ലോകത്തെ കീഴ്മേൽ മറിച്ചു!

ഒരേ ഒരു ജീവിതം; അത് വേഗം മാഞ്ഞുപോകും, ക്രിസ്തുവിനുവേണ്ടി ചെയ്യുന്നതു മാത്രമേ നിലനില്ക്കുകയുള്ളു' ഇപ്രകാരം എഴുതിയിട്ടുള്ള ഒരു ഫലകം എന്നെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? യഥാർത്ഥത്തിൽ അതിന്റെ രചയിതാവ് എഴുതിയത് ഇപ്രകാരമാണ്;" ഒരേ ഒരു ജീവിതം, അത് വേഗം മാഞ്ഞുപോകും, ക്രിസ്തുവിനുവേണ്ടി ചെയ്തതുമാത്രം നിലനില്ക്കും. ദൈവമേ, എന്റെ ജീവിതമാകുന്ന വിളക്ക് അങ്ങേയ്ക്കുവേണ്ടി മാത്രം എരിഞ്ഞുതീർന്നതാണെങ്കിൽ മരണസമയത്ത് ഞാൻ അതീവസന്തുഷ്ടനായിരിക്കും." എല്ലാ ക്രിസ്ത്യാനികളും പൂർണ്ണസന്തോഷത്തോടെ മരിക്കുമെന്ന് ആരെങ്കിലും കരുതിയിട്ടുണ്ടെങ്കിൽ അത് തികച്ചും മിഥ്യാധാരണയാണ്! തങ്ങളുടെ സമയം ദുർവിനിയോഗം ചെയ്യുകയും ജീവിതം പാഴാക്കിക്കളയുകയും ചെയ്യുന്ന അനേകരും പാപികളെപ്പോലെ ദുരിതപൂർണ്ണരായിട്ടായിരിക്കും മരിക്കുന്നത്. 'കർത്താവേ, സൗഖ്യം തരികയാണെങ്കിൽ ശിഷ്ടായുസ്സുമുഴുവൻ ഞാൻ അങ്ങേയ്ക്കുവേണ്ടി മാത്രം ജീവിച്ചുകൊള്ളാമെന്ന്" ഏതെങ്കിലും ആശുപത്രിക്കിടയിൽ വച്ച് നാം പറഞ്ഞിട്ടില്ലേ? പലരും അങ്ങനെ പറഞ്ഞിട്ടുണ്ട്.

അജ്ഞാത രചയിതാവ് എഴുതിയ ഈ വരികൾ നമ്മിൽ എന്തെങ്കിലും ചലനമുണ്ടാക്കുമോ?

### എനിക്കുവേണ്ടി ദൈവത്തിന്റെ പദ്ധതി

ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുൻപാകെ

ഞാൻ നിൽക്കുമ്പോൾ





എന്നെപ്പറ്റിയുള്ള അവിടുത്തെ പദ്ധതി

എന്നെ കാണിക്കുമ്പോൾ

അവിടുത്തെ വഴികളിൽ ഞാൻ നടന്നിരുന്നു

എങ്കിൽ

എപ്രകാരമായിരുന്നേനെ എന്റെ ജീവിതം

എന്ന് ഞാനറിഞ്ഞു

എന്റെ ഇച്ഛയെ അവിടുത്തെ മുൻപിൽ

ഞാൻ അടിയറവച്ചില്ല.

എന്റെ ജീവിതത്തിൽ അവിടുന്ന് ഇടപെടുന്നത്.

ഞാൻ തടസ്സപ്പെടുത്തി, ചെറുത്തുനിന്നു.

എന്റെ രക്ഷകന്റെ മിഴികളിൽ

ദുഃഖമുണ്ടായിരിക്കുകയില്ലേ?

ഇപ്പോഴും, എന്നെ സ്നേഹിക്കുമ്പോൾത്തന്നെ

അവിടുത്തെ മിഴികളിൽ ദുഃഖമില്ലേ?

ഒരിക്കലും മടക്കിവരുത്തുവാൻ കഴിയാത്ത

വഴികളിലൂടെ

എന്റെ ഓർമ്മകൾ വേട്ടയാടപ്പെടുമ്പോൾ,

അവിടുന്ന് എന്നെ സമ്പന്നനാക്കുമായിരുന്നിട്ടും

ദരിദ്രനായി ഞാൻ അവിടുത്തെ മുൻപിൽ നിൽക്കുമ്പോൾ,

അവിടുത്തെ കൃപയൊഴിച്ച് എല്ലാം എന്നെ

വിട്ടുപോയിരിക്കുന്നു.

പിതാവേ, അവിടുത്തെ തൃക്കരങ്ങളിൽ

എന്റെ ശിഷ്ടായുസ്സ് ഭാരമേല്പിക്കുന്നു,

സാധാരണ രാഷ്ട്രീയ സമ്മേളനങ്ങളിൽ തങ്ങൾ പ്രതിനിധാനം ചെയ്യുന്ന സംഘടനയുടെ ചിഹ്നം എഴുതിയിട്ടുള്ളത് ആളുകൾ ഉയർത്തിക്കാണിക്കാറുണ്ട്. പ്രാർത്ഥനാവീരന്മാർ,കഷ്ടം സഹിച്ചവർ, അദ്ധ്വാനിച്ചവർ, മിഷനറിമാർ, പരാജിതർ എന്നിങ്ങനെ വിവിധതരം ചിഹ്നങ്ങൾ സ്വർഗ്ഗത്തിലും കാണുവാൻ സാദ്ധ്യതയുണ്ട്. ന്യായവിസ്താരത്തിന്റെ ആ വലിയ ദിവസത്തിൽ ഇതിലേതെങ്കിലും പട്ടികയിൽ സകലമനുഷ്യരേയും ഉൾപ്പെടുത്തിയിരിക്കും. സ്വർഗ്ഗത്തിൽ വിശുദ്ധന്മാരുടെ ഇടയിൽ സ്പഷ്ടമായ വേർതിരിവ് ഉണ്ടായിരിക്കും.

അവിടുത്തെ പദ്ധതിക്ക് അനുയോജ്യമായി

എന്നെ കരങ്ങളിലെടുത്ത്, നുറുക്കി,

രൂപപ്പെടുത്തേണമേ!

പിതാവായ ദൈവത്തിന് നിരന്തരമായി ആരാധനയും സ്തുതിയും അർപ്പിച്ചെങ്കിൽ മാത്രമേ യേശുക്രിസ്തുവിന്റെ രക്തത്തിലൂടെ വിജയകരമായ ക്രിസ്തീയജീവിതം അനുസ്യൂതം അനുഭവിക്കുവാൻ സാധിക്കൂ. ആത്മീയ ശുശ്രൂഷയെക്കാളും സാമ്പത്തികസഹായം നൽകുന്നതിനെക്കാളും ഒക്കെ പ്രാധാന്യമർഹിക്കുന്നതാണ് ഈ കാര്യം. പരിശുദ്ധനായ ദൈവത്തെ നാം സ്നേഹിക്കണം. മഹത്വപ്പെടുത്തണം, ബഹുമാനിക്കണം, ആരാധിക്കണം. ഇങ്ങനെ ചെയ്യുമ്പോൾ മാത്രമേ യഥാർത്ഥമായ സന്തോഷവും, നിലനില്ക്കുന്ന സ്വസ്ഥതയും നമുക്ക് അനുഭവിക്കുവാൻ സാധിക്കൂ.

### കിരീടങ്ങൾ

സ്വർഗ്ഗത്തിൽ അസൂയ ഉണ്ടെന്നെനിക്കു തോന്നുന്നില്ല. എന്നാൽ കുറഞ്ഞപക്ഷം അഞ്ചുതരം കിരീടങ്ങളെങ്കിലും പ്രതിഫലം നൽകാനായി വച്ചിട്ടുണ്ട് എന്നോർമ്മിക്കട്ടെ.

സഹോദരാ, നിന്റെ ജീവിതം സുഗന്ധപൂരിതമല്ലാത്തത് എന്തുകൊണ്ടാണെന്ന് നിനക്ക് തോന്നിയിട്ടുണ്ടോ? കാരണക്കാരൻ നീ തന്നെയെന്ന് ഓർമ്മിപ്പിക്കട്ടെ. നിനക്ക് വിശുദ്ധജീവിതം നയിക്കുവാൻ നേരമില്ല, യേശുവിനോടൊപ്പം ആയിരിക്കുവാൻ നേരമില്ല. ബൈബിൾ സ്കൂളിൽ നിന്ന് ആർജ്ജിച്ച അറിവുതന്നെ ധാരാളമെന്ന മിഥ്യാധാരണയല്ലേ ഇതിന്റെയൊക്കെ പിന്നിൽ? ദൈവം തന്റെ അഗ്നികൊണ്ട് പരിശോധിക്കുവാൻ പോകുന്നത് നിന്റെ ജീവിതമാണ്. അല്ലാതെ നിന്റെ ധിഷണാശക്തിയെയൊന്നുമല്ല.

തനിക്കു ദൈവം നീതിയുടെ കിരീടം തരുമെന്ന് അപ്പൊസ്തലൻ പറയുന്നു; തനിക്കുമാത്രമല്ല കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച എല്ലാവർക്കും കൂടെ എന്നാണദ്ദേഹം കൂട്ടിച്ചേർക്കുന്നത്. (2തിമൊഥെയൊസ് 4:8). രക്തസാക്ഷികൾക്ക് – ഇന്നുവരെ മരിച്ചവർക്കും. ഇനിയും മരിക്കുന്നവർക്കും– കിരീടമുണ്ട്. കിരീടങ്ങൾ, കിരീടങ്ങൾ, കിരീടങ്ങൾ! എന്തായാലും സ്വർഗ്ഗത്തിൽ നാം ഒരുപോലെയല്ല, വലിയ വ്യത്യാസം ഉണ്ട്. കുറഞ്ഞപക്ഷം കിരീടത്തിന്റെ കാര്യത്തിലെങ്കിലും. സാധാരണ രാഷ്ട്രീയസമ്മേളനങ്ങളിൽ തങ്ങൾ പ്രതിനിധാനം ചെയ്യുന്ന സംഘടനയുടെ ചിഹ്നം എഴുതിയിട്ടുള്ളത് ആളുകൾ ഉയർത്തിക്കാണിക്കാറുണ്ട്. പ്രാർത്ഥനാവീരന്മാർ,കഷ്ടം സഹിച്ചവർ, അദ്ധ്വാനിച്ചവർ, മിഷനറിമാർ, പരാജിതർ എന്നിങ്ങനെ വിവിധതരം ചിഹ്നങ്ങൾ സ്വർഗ്ഗത്തിലും കാണുവാൻ സാദ്ധ്യതയുണ്ട്. ന്യായവിസ്താരത്തിന്റെ ആ വലിയ ദിവസത്തിൽ ഇതിലേതെങ്കിലും പട്ടികയിൽ സകലമനുഷ്യരേയും ഉൾപ്പെടുത്തിയിരിക്കും. സ്വർഗ്ഗത്തിൽ വിശുദ്ധന്മാരുടെ ഇടയിൽ സ്പഷ്ടമായ വേർതിരിവ് ഉണ്ടായിരിക്കും.

അയർലണ്ടിൽ ജീവിച്ചിരുന്ന ഒരു സാധുസ്ത്രീയ്ക്ക് രണ്ടുകടകളുണ്ടായിരുന്നു. ഒരു കടയിലെ വരുമാനം തന്റെ നിത്യവൃത്തിയ്ക്കായി അവർ ഉപയോഗിച്ചു. മറ്റെ കടയിലെ വരുമാനം പൂർണ്ണമായും ദൈവവേലയ്ക്കായി അവൾ സമർപ്പിച്ചു. തന്റെ നാലുമക്കളെ സുവിശേഷവേലയ്ക്കായി അയയ്ക്കുകയും അവരുടെ മുഴുവൻ ചെലവുകളും തന്നെത്താൻ വഹിക്കുകയും ചെയ്തു! സ്വർഗ്ഗത്തിൽ അവർക്ക് വലിയ പ്രതിഫലം കിട്ടും; കാരണം അവർ സകലവും കർത്താവിനുവേണ്ടിയാണ് ചെയ്തത്.

കാൽവറിക്കുന്നിൽ യേശുക്രിസ്തുവിന്റെ ഒരുവശത്തെ ക്രൂശിൽകിടന്ന പറുദീസയ്ക്ക് അർഹനായ കള്ളനെ ഒന്നു ശ്രദ്ധിച്ചുനോക്കുക.അവൻ മരിച്ചുകൊണ്ടിരുന്ന സമയത്താണ് യേശു അവന് സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്നത്. ജീവിതം മുഴുവൻ നശിപ്പിച്ചുകളഞ്ഞ അവനും യേശുപറഞ്ഞതിനാൽ സ്വർഗ്ഗത്തിൽ ഉണ്ട്. 35-ാം വയസ്സിൽ രക്ഷിക്കപ്പെട്ട് ദീർഘമായ അൻപത്തി മൂന്നു വർഷം കർത്താവിനുവേണ്ടി എരിഞ്ഞുതീർന്ന ജോൺ വെസ്‌ലിക്കും മരണസമയത്ത് രക്ഷിക്കപ്പെട്ട കള്ളനും ഒരേ പ്രതിഫലമായിരിക്കുമോ ലഭിക്കുന്നത്? തീർച്ചയായും അല്ല. വലിയ ധനികനായിരുന്ന ജോൺവെസ്‌ലി തന്റെ ധനം മുഴുവൻ ദൈവവേലയ്ക്കായി ഉപയോഗിച്ചു.

അനാഥാലായങ്ങളും, ആരാധനാലയങ്ങളും അദ്ദേഹം പണിതു. വേദപുസ്തകങ്ങളും പാട്ടുപുസ്തകങ്ങളും അച്ചടിച്ചു. ആസൂത്രിതവും ചിട്ടപ്പെടുത്തിയതുമായിരുന്ന തന്റെ ജീവിതത്തിലെ ഒരുനിമിഷംപോലും അദ്ദേഹം





പാഴാക്കിയിരുന്നില്ല.വില്യം ഷേക്സ്പിയറിന്റെ കൂടെ ഒരിക്കൽ അദ്ദേഹം അത്താഴവിരുന്നിൽ പങ്കെടുത്തു. അത്താഴത്തിനുശേഷം അല്പനേരം നർമ്മസംഭാഷണത്തിൽ ഏർപ്പെടുവാൻ ഈ വിശ്വോത്തര ഇംഗ്ലീഷ് സാഹിത്യകാരൻ വെസ്ലിയെ ക്ഷണിച്ചു. തികഞ്ഞ ക്ഷമാപണത്തോടെ തനിക്ക് അതിന് സമയമില്ലെന്നും, അത്യാവശ്യമായി പോകേണ്ടതുണ്ടെന്നും അദ്ദേഹം അറിയിച്ചു. ലോകപ്രശസ്തനായ ഒരു വ്യക്തിയുടെ കൂടെ അല്പസമയംകൂടി ചെലവഴിക്കുന്നതിൽ നിന്നും രാത്രി ഒൻപതുമണിയായപ്പോൾ തന്നെ ജോൺ വെസ്ലിയെ പിൻതിരിപ്പിച്ചതെന്താണ്? അദ്ദേഹം ഇങ്ങനെ തുടർന്നു; "എനിക്ക് കാലത്ത് നാലുമണിക്ക് ഒരാളെ സന്ദർശിക്കണം. നാളെ മാത്രമല്ല എന്റെ ജീവിതകാലം മുഴുവൻ ഈ അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും എന്റെ പിതാവുമായ ദൈവത്തെ ഞാൻ സന്ദർശിക്കുന്ന സമയമാണത്." തന്റെ ഭക്ഷണത്തെ, പണത്തെ, ജീവിതത്തെ മുഴുവൻ അദ്ദേഹം ക്രിസ്തുവിനായി ചിട്ടപ്പെടുത്തി.

ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പാകെ നമുക്ക് പ്രതീക്ഷയ്ക്കു വക നല്കിക്കൊണ്ട് ജോൺ വെസ്‌ലി അഭിമാനത്തോടെ നില്ക്കും!

## ആരാധനയുടെ സുഗന്ധം

പരീശന്മാരിൽ ഒരുത്തന്റെ വീട്ടിൽ യേശു ഭക്ഷണത്തിനിരിക്കുമ്പോൾ ഒരു വെൺകൽ ഭരണി നിറയെ വിലയേറിയ പരിമളതൈലവുമായി വന്ന് പുറകിൽ അവന്റെ കാല്ക്കൽ കരഞ്ഞു കൊണ്ടു നിന്ന സ്ത്രീയുടെ കഥ നാം എത്രയോ നാളുകളായി കേൾക്കുന്നു! വല്ലതും മനസ്സിലായോ? അവൾ യേശുവിനെ ആരാധിക്കുവാനാണ് വന്നത്! അവൾ തന്നാലാവത് ചെയ്തു. തനിക്കുള്ളതെല്ലാം ബലികഴിച്ചു. അങ്ങനെ ചെയ്തത് യാതൊരു ഒച്ചപ്പാടും ഇല്ലാതെയായിരുന്നു. അവിടെ ആയിരുന്നത്രയും സമയവും അവൾ ഒന്നും ഉരിയാടിയില്ല! ആരാധനയുടെ ഉദാത്തമായ രംഗം.

യേശുവിന്റെ കാൽ തന്റെ കണ്ണീരുകൊണ്ടു കഴുകി, മുടികൊണ്ടു തുടച്ചു. വെള്ളം കൊണ്ടു കഴുകി തൂവാല കൊണ്ട് തുടയ്ക്കാമായിരുന്നു. അവിടുത്തെ കാലുകൾ ചുംബിച്ചിട്ട്, തന്റെ കൈകൾ കൊണ്ട് തൈലം പൂശി. അവന്റെ മേൽ പൂശിയ തൈലത്തിന്റെ സുഗന്ധം അവളിലേക്കും പരന്നു.

സഹോദരാ, നിന്റെ ജീവിതം സുഗന്ധപൂരിതമല്ലാത്തത് എന്തുകൊണ്ടാണെന്ന് നിനക്ക് തോന്നിയിട്ടുണ്ടോ? കാരണക്കാരൻ നീ തന്നെയെന്ന് ഓർമ്മിപ്പിക്കട്ടെ. നിനക്ക് വിശുദ്ധജീവിതം നയിക്കുവാൻ നേരമില്ല, യേശുവിനോടൊപ്പം ആയിരിക്കുവാൻ നേരമില്ല. ബൈബിൾസ്കൂളിൽ നിന്ന് ആർജ്ജിച്ച അറിവുതന്നെ ധാരാളമെന്ന മിഥ്യാധാരണയല്ലേ ഇതിന്റെയൊക്കെ പിന്നിൽ? ദൈവം തന്റെ അഗ്നികൊണ്ട് പരിശോധിക്കുവാൻ പോകുന്നത് നിന്റെ ജീവിതമാണ്. അല്ലാതെ നിന്റെ ധിഷണാശക്തിയെയൊന്നുമല്ല. ഇന്നു രാവിലെ ഉണർന്നെഴുന്നേറ്റപ്പോൾ പാപവഴികളിൽ പെടാതെ ജീവിക്കുവാൻ സാധിച്ചതിന് നീ ദൈവത്തിന് നന്ദിപറഞ്ഞോ? ലഹരി മരുന്നുകളോടുള്ള നിന്റെ അത്യാസക്തി മാറ്റിത്തന്നതിന് നിന്റെ വീണ്ടെടുപ്പുകാരനോടു നന്ദി പറഞ്ഞോ? ഒരു വ്യഭിചാരിണിയായി ജീവിക്കേണ്ട നീ ഇന്ന് കുഞ്ഞാടിന്റെ കാന്തയാണ്! നിന്റെ കോപസ്വഭാവവും, നിന്നെ ഭരിച്ചിരുന്ന വിചിത്രവും ഭയാനകവുമായ അന്ധകാരശക്തികളും എല്ലാം നിന്നിൽ നിന്ന് എന്നെന്നേയ്ക്കുമായി തുടച്ചുമാറ്റപ്പെട്ടതിൽ നിനക്ക് സന്തോഷമില്ലേ? സഹോദരാ, ഹൃദയത്തിൽ നന്ദിയുണ്ടെങ്കിലേ നിനക്ക്

എ.ഡബ്ല്യൂ. ടോസർ ഇപ്രകാരം പറയുകയുണ്ടായി, "നിത്യതയിൽ പ്രവേശിക്കുമ്പോൾ തന്നെ ലജ്ജയും അപമാനവും കൊണ്ട് നമ്മുടെ തലകുനിഞ്ഞു പോകും. ക്രിസ്തുവിലുള്ള സകല ആത്മീയ അനുഗ്രഹങ്ങളും കാണുമ്പോൾ, അതെല്ലാം സ്വന്തമാക്കാമായിരുന്നിട്ടും, തീർത്തും പാപ്പരായിട്ടാണല്ലോ ന്യായാസനത്തിൻ മുമ്പാകെ നില്ക്കേണ്ടി വന്നതെന്ന് മനസ്സിലാക്കുമ്പോൾ നാം നിലവിളിച്ചുപോകും."

സുഗന്ധം പരത്തുവാൻ കഴിയൂ.

ഏ.ഡബ്ല്യൂ. ടോസർ ഇപ്രകാരം പറയുകയുണ്ടായി, "നിത്യതയിൽ പ്രവേശിക്കുമ്പോൾ തന്നെ ലജ്ജയും അപമാനവും കൊണ്ട് നമ്മുടെ തലകുനിഞ്ഞു പോകും. ക്രിസ്തുവിലുള്ള സകല ആത്മീയഅനുഗ്രഹങ്ങളും കാണുമ്പോൾ, അതെല്ലാം സ്വന്തമാക്കാമായിരുന്നിട്ടും, തീർത്തും പാപ്പരായിട്ടാണല്ലോ ന്യായാസനത്തിൻ മുമ്പാകെ നില്ക്കേണ്ടി വന്നതെന്ന് മനസ്സിലാക്കുമ്പോൾ നാം നിലവിളിച്ചുപോകും." സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചു തരിക മാത്രമല്ല പിതാവായ ദൈവം ചെയ്തത്; അവനോടുകൂടെ സകലവും ദാനമായി നമുക്കു നല്കുകയും ചെയ്തു. (റോമർ 8.32)

## വ്യത്യസ്തരായ ആൾക്കാർ

1940-ാം ആണ്ടിൽ ഇംഗ്ലണ്ടിലെ ബാത്ത് പട്ടണത്തിൽ കൂടെ നടക്കുമ്പോൾ മനോഹരമായി വേഷം ധരിച്ച ഒരു യുവതിയെയും ഒരു പെൺകുട്ടിയേയും കാണുവാനിടയായി. മറ്റുള്ളവരിൽ നിന്നും തികച്ചും വ്യത്യസ്തമായ കുലീനത്വം അവരുടെ ഓരോ ചലനങ്ങളിലും പ്രകടമായിരുന്നു. ബ്രിട്ടീഷ് രാജവംശത്തിന്റെ അവകാശികളായ എലിസബത്ത് രാജ്ഞിയും സഹോദരി മാർഗരറ്റ് രാജകുമാരിയും ആയിരുന്നു. അവർ. അവർ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരായിരുന്നെങ്കിൽ ദൈവരാജ്യത്തിന്റെ അവകാശികളായ നാം - ക്രിസ്ത്യാനികൾ - എത്രമാത്രം വ്യത്യസ്തരായിരിക്കണം! മറ്റുള്ളവർക്ക് വ്യക്തമാകുന്നവിധം നാം വ്യത്യസ്തരാകേണ്ടിയിരിക്കുന്നു. അപ്രകാരം ഈ ഭൂമിയിൽ ജീവിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, ജീവിക്കുവാനുള്ള അവകാശം പോലും നമുക്കില്ല. ആചാരങ്ങൾ, വേഷഭൂഷാദികൾ, അഭിപ്രായങ്ങൾ എന്നിവയൊക്കെ മാറിക്കൊണ്ടിരിക്കും. സ്റ്റോക്ക് മാർക്കറ്റിൽ വില ഇടിയുകയും ഉയരുകയും ചെയ്യും. യുദ്ധശ്രുതി ഉണ്ടായെന്നിരിക്കും. ഇതൊന്നും നമ്മെ ബാധിക്കുവാൻ പാടില്ല. നമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടാക്കുന്നില്ല. മറ്റൊരു ലോകത്തിൽ നിന്നും ആ ലോകത്തിന്റെ മുഴുവൻ ശക്തിയും ആർജ്ജിച്ചുകൊണ്ട് ഈ ലോകത്തിൽ വന്ന് ജീവിക്കുന്നവരെപ്പോലെയാവണം നാം. നമ്മുടെ ജീവിതം, സംസാരം, ചലനം എന്നിവയെല്ലാം ആ ശക്തിയിൽ അധിഷ്ഠിതമായിരിക്കണം. അതോടൊപ്പം നാമും പൂർണമായി ക്രിസ്തുവിൽ ആയിരിക്കണം.

## അനുസരണത്തിന്റെ സ്നാനം

ന്യായവിധിദിവസം ഭയങ്കരമായിരിക്കും. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ ഏതവസ്ഥയിലായിരിക്കും നില്ക്കേണ്ടിവരുന്നതെന്ന് നാം ചിന്തിച്ചിട്ടുണ്ടോ? അവിടെ നീയും ഞാനും ഒറ്റയ്ക്ക് നില്ക്കണം. നമ്മുടെ





ജീവിതത്തിന്റെ സമസ്തമേഖലകളെയും ന്യായം വിധിക്കും. പ്രാർത്ഥന,ദാനം, സംസാരം, പ്രവൃത്തി - ഒന്നും വെറുതെ വിടില്ല. രാജാധിരാജാവും, കർത്താധികർത്താവും ന്യായാധിപന്മാരുടെ ന്യായാധിപതിയുമായവൻ വാഴുന്ന അനശ്വരമായ ആ കോടതിയുടെ രാജകീയ പ്രൗഢിയിൽ എനിക്ക് പൂർണവിശ്വാസമുണ്ട്. ഇനിയൊരു വിവരണത്തിനോ ആവർത്തനത്തിനോ തീർത്തും സാദ്ധ്യതയില്ല. ഇത് അന്തിമന്യായവിധിയാണ്. അനുഗ്രഹിക്കപ്പെട്ടവരേ വരൂ' എന്നു ചിലരോടും എന്നെന്നേയ്ക്കുമായി എന്നെ വിട്ടുപോകു' എന്ന് മറ്റുള്ളവരോടും ദൈവം പറയും. സഹോദരാ, ക്രിസ്ത്യാനി ആയിരിക്കുക എന്നുള്ളത് അത്ര ലളിതമായ കാര്യമല്ല. അത് പ്രൗഢഗംഭീരമാണ്.

നിത്യതയെപ്പറ്റിയുള്ള പൂർണ്ണബോദ്ധ്യത്തിൽ ഏതുനിമിഷവും ഈ ഭൂമിയിൽ നിന്നു മാറ്റപ്പെടുവാനുള്ള തയ്യാറെടുപ്പോടുകൂടെ നാം ജീവിക്കണം. ക്രിസ്തുവിന്റെ മുമ്പിൽ ഈ നിമിഷം നില്ക്കേണ്ടി വന്നാൽ നിത്യതയിലുള്ള ലക്ഷോപലക്ഷം വിശുദ്ധന്മാർ നിങ്ങളുടെ ജീവിതത്തെപ്പറ്റി വായിച്ചറിയുന്നത് നിങ്ങൾക്ക് സന്തോഷമാണോ? നരകത്തിലേയ്ക്ക് തള്ളിക്കളഞ്ഞവരാരും അവിടെക്കാണുകയില്ല എന്നുള്ളത് ആശ്വാസപ്രദമല്ലേ? അതോ ഡേവിഡ് ബ്രെയ്നാർഡ്, ജോൺ വെസ്ലി, എവിടെയോ ജീവിച്ചിരുന്ന പാവപ്പെട്ട ഒരു അലക്കുകാരി; ഇവരെപ്പോലെ മറ്റുള്ളവർക്കുവേണ്ടി ജീവിച്ച അനേകരെ എപ്രകാരം ദൈവം ഉപയോഗിച്ചു എന്നു വായിച്ചറിയുമ്പോൾ നിങ്ങൾ ലജ്ജകൊണ്ട് ചൂളിപ്പോകുമോ?

താങ്ങാൻ വയ്യാത്ത ഒരുഭാരമോ, അതികഠിനമായ ഒരവസ്ഥയോ നീ സ്നേഹിക്കുന്ന നിന്റെ പിതാവിന്റെ

മറ്റുള്ളവർക്ക് വ്യക്തമാകുന്നവിധം നാം വ്യത്യസ്തരാകേണ്ടിയിരിക്കുന്നു. അപ്രകാരം ഈ ഭൂമിയിൽ ജീവിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, ജീവിക്കുവാനുള്ള അവകാശം പോലും നമുക്കില്ല. ആചാരങ്ങൾ, വേഷഭൂഷാദികൾ, അഭിപ്രായങ്ങൾ എന്നിവയൊക്കെ മാറിക്കൊണ്ടിരിക്കും. സ്റ്റോക്ക് മാർക്കറ്റിൽ വില ഇടിയുകയും ഉയരുകയും ചെയ്യും. യുദ്ധശ്രുതി ഉണ്ടായെന്നിരിക്കും. ഇതൊന്നും നമ്മെ ബാധിക്കുവാൻ പാടില്ല.

മുമ്പിലില്ല. നാം സ്നേഹത്താൽ നിയന്ത്രിക്കപ്പെടുകയും, പ്രേരിപ്പിക്കപ്പെടുകയും, ശക്തീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, ന്യായാസനത്തിൻ മുൻപാകെ ധൈര്യമായി നില്ക്കാം കാരണം, സ്നേഹം എന്നത് അനുസരണം തന്നെയല്ലേ? അനുസരണത്തിലും നാം സ്നാനപ്പെടേണ്ടിയിരിക്കുന്നു. മാനുഷിക അഭിപ്രായങ്ങളിൽ അസ്വസ്ഥരാകാതെ, സ്വാർത്ഥതാത്പര്യങ്ങളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്കാതെ ദൈവത്തിന്റെ പൂർണ്ണഹിതത്തിന് നമ്മെത്തന്നെ സമർപ്പിക്കേണ്ടിയിരിക്കുന്നു. "പിതാവേ, എന്റെ ജീവിതം തിരുനാമമഹത്വത്തിനായിത്തീരണമെന്നു ഞാൻ ആഗ്രഹിക്കുന്നു;യോഹന്നാൻ അപ്പൊസ്തലൻ പറയുന്നതുപോലെ അവിടുന്നു പ്രത്യക്ഷനാകുമ്പോൾ അങ്ങയുടെ സന്നിധിയിൽ ഞാൻ ലജ്ജിച്ചു പോകാതിരിക്കേണ്ടതിനു തന്നെ (1 യോഹന്നാൻ 2:28) ആമേൻ"(അവസാനിച്ചു)

-മൊഴിമാറ്റം:**ബീന ജോയ്സ്**



# ബൈബിളിലൂടെ...

## ലൂക്കോസിന്റെ സുവിശേഷം

*(തുടർച്ച)*

### സാക്പുന്നൻ

**ക്രി**സ്തുശരീരം പണിയപ്പെടുന്നിടത്ത് അപവാദവും നുണയും പരക്കും. ഇതൊക്കെ മറിയയ്ക്ക് അനുഭവിക്കേണ്ടിവന്നു. അതൊന്നും അവളെ ഭാരപ്പെടുത്തിയില്ല. അതിന്റെയൊക്കെ നടുവിലും ക്രിസ്തു ശരീരമെടുത്തു. ഇന്നും ഇക്കാര്യം ഇങ്ങനെ തന്നെയാണ്. മത-സമുദായ വിഭാഗങ്ങളുടെ കെട്ടുപാടുകളിൽ നിന്നു പുറത്തുപോകുവാനും ക്രിസ്തുവിന്റെ നിന്ദ വഹിക്കുവാനും തയ്യാറാകുന്നിടത്തു മാത്രമേ ക്രിസ്തുവിന്റെ ശരീരം പണിയപ്പെടുകയുള്ളു.

സെഖര്യാവും മറിയയും ഒരേ ചോദ്യമാണ് ദൂതനോടു ചോദിക്കുന്നതെന്ന വസ്തുത ശ്രദ്ധിക്കുക: "ഇതെങ്ങനെ സംഭവിക്കും?" എങ്കിൽ എന്തുകൊണ്ടായിരിക്കും കുഞ്ഞുജനിക്കും വരെ ഊമനായിരിക്കും എന്ന ശിക്ഷ മറിയയ്ക്കു ലഭിക്കാതെ സെഖര്യാവിനു മാത്രം ലഭിച്ചത്? രണ്ടു കാരണങ്ങളാണ്. ഒന്ന്: സെഖര്യാവിനു മുമ്പിൽ അബ്രഹാമിന്റെയും സാറയുടെയും ദൃഷ്ടാന്തമുണ്ടായിരുന്നു. മറിയയ്ക്കു മുമ്പിൽ കന്യക ഗർഭിണിയായ ഒരു ദൃഷ്ടാന്തവും ഉണ്ടായിരുന്നില്ല. രണ്ട്: സെഖര്യാവു നേതൃനിരയിലുള്ള ഒരു വ്യക്തിയും വേദപണ്ഡിതനുമായിരുന്നു. മറിയ ഇതൊന്നുമില്ലാത്ത ഒരു സാധാരണ പെൺകുട്ടി മാത്രമായിരുന്നു. അധികം ലഭിച്ചവനോട് അധികം ചോദിക്കും. നിങ്ങൾ പ്രായവും വചന പാണ്ഡിത്യവുമുള്ള ഒരാളാണെങ്കിൽ ചെറുപ്പക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നതിനെക്കാൾ ദൈവം നിങ്ങളിൽ നിന്നു പ്രതീക്ഷിക്കും. നിങ്ങളുടെ മുമ്പിൽ നിങ്ങൾക്കു ദൃഷ്ടാന്തമായിരിക്കുവാൻ ഒരു മാതൃകയെങ്കിലും ഉണ്ടായിരിക്കയും നിങ്ങൾ ആ വ്യക്തിയെ മാതൃകയാക്കാതിരിക്കയും ചെയ്താൽ യാതൊരു മാതൃകയും മുമ്പിലില്ലാത്ത അനേകരെക്കാൾ നിങ്ങൾ കുറ്റക്കാരായിരിക്കും. ന്യായപ്രമാണത്തിൻ കീഴിലുള്ളവർക്കു മാതൃകകൾ ഒന്നുമുണ്ടായിരുന്നില്ല. പക്ഷേ ഇന്നു നമുക്കു യേശു ഒരു മാതൃകയായുണ്ട്. അതുകൊണ്ട് നമ്മിൽനിന്നും അധികം ചോദിക്കും.

1:73, 74ൽ സെഖര്യാവ് ഇങ്ങനെ പ്രവചിച്ചു പറയുന്നതായി നാം കാണുന്നു: "നമ്മുടെ ശത്രുക്കളുടെ കയ്യിൽനിന്നും രക്ഷിക്കപ്പെട്ട്, നാം ആയുഷ്ക്കാലമൊക്കെയും ഭയംകൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിക്കുവാൻ നമുക്കു കൃപ നൽകുമെന്ന്....." നമ്മെ അടിമപ്പെടുത്തിയിരുന്ന പാപങ്ങളായിരുന്നു നമ്മുടെ ശത്രുക്കൾ. ഇപ്പോൾ നമ്മെ അതിൽനിന്നെല്ലാം വിടുവിക്കുവാൻ യേശു വന്നു. നമ്മുടെ ശത്രുക്കളുടെ കയ്യിൽ നിന്നും രക്ഷിച്ച് ഭയംകൂടാതെ ആരാധിക്കുവാൻ നാം പ്രാപ്തരാകേണ്ടതിന്ന് പരിശുദ്ധാത്മാവിനെ നൽകിയിരിക്കുന്നു. തങ്ങൾ ദൈവത്തെ അനുസരിച്ചില്ലെങ്കിൽ രോഗം, ഭ്രാന്ത്, ദാരിദ്ര്യം മുതലായ ദുരിതങ്ങളെ








കൊണ്ട് ദൈവം തങ്ങളെ ശിക്ഷിക്കുമെന്ന ഭയത്തിലാണ് കഴിഞ്ഞ 1500 വർഷങ്ങളായി യിസ്രായേൽ ദൈവത്തെ സേവിച്ചത് (ആവ. 28:15-68). ദൈവത്തെ നാം ഭയത്തിൽ നിന്നല്ല സ്നേഹത്താൽ ശുശ്രൂഷിക്കുന്ന ഒരു പുതിയ യുഗം ഇവിടെ പൊട്ടിവിടരുകയാണെന്നു സെഖര്യാവു പ്രവചിക്കുന്നു. അങ്ങനെയൊരു ജീവിതത്തിലേക്കു പ്രവേശിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? സ്നേഹത്താൽ മാത്രമാണോ നിങ്ങൾ ദൈവത്തെ സേവിക്കുന്നത്?

**അധ്യായം രണ്ട്**

ശിശുവായ യേശുവിനെ കാണുവാൻ വന്ന നാലു കൂട്ടം ആളുകൾക്കു മാത്രമാണ് ദൈവം തന്റെ പുത്രന്റെ ജനനത്തെക്കുറിച്ച് അറിവുകൊടുത്തത്. സാധുക്കളായ ഇടയന്മാർ, പേർഷ്യയിൽ നിന്നുള്ള വിദ്വാന്മാർ, ആത്മാവിൽ നിറഞ്ഞ വൃദ്ധനായ ശിമോൻ, പ്രാർത്ഥനയിൽ ജീവിതം കഴിച്ച വൃദ്ധയായ ഹന്നാ എന്നിവർക്ക്. ഇവരൊക്കെ വ്യത്യസ്ത സമൂഹങ്ങളിലും വ്യത്യസ്ത തലമുറകളിലും വ്യത്യസ്ത രാജ്യങ്ങളിലും നിന്നുള്ളവരായിരുന്നു. എങ്കിലും എളിയവരും ദൈവത്തെ ഭയപ്പെടുന്നവരുമായിരുന്നു. തന്റെ പുത്രന്റെ രണ്ടാം വരവിനായി ദൈവം ഒരുക്കുന്ന ആളുകളുടെ ഒരു ചിത്രമത്രേ നാം അതിലൂടെ കാണുന്നത്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ആയിരുന്ന ഹന്നാസ്, കയ്യാഫാവ്, ശാസ്ത്രി-പരിശന്മാർ ഇവരെപ്പോലെ ഇന്നത്തെ വേദപണ്ഡിതന്മാരും ഘോര പ്രഭാഷകന്മാരും തന്റെ വരവിനെക്കുറിച്ച് അജ്ഞരായിരിക്കും.

മുകളിൽ പറഞ്ഞ നാലുകൂട്ടരിൽ മൂന്നുകൂട്ടവും രാത്രികാലങ്ങളിലുള്ള തങ്ങളുടെ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ശ്രദ്ധേയരാണ്. ഇടയന്മാർ രാത്രിയിൽ തങ്ങളുടെ ആടുകളെ കാവൽ കാക്കുന്നു. വിദ്വാന്മാർ നക്ഷത്രത്തെ നോക്കി രാത്രി മാത്രം സഞ്ചരിക്കുന്നു (പകൽ നക്ഷത്രമില്ലായ്കയാൽ അവർ പകൽ സഞ്ചരിക്കുന്നില്ല) ഹന്നാ രാത്രി

> ഇന്നു നാം കാണുന്ന പ്രസംഗകർ ഇതിൽനിന്നും വ്യത്യസ്തരാണ്. അവർ ആളുകളേക്കാൾ ഉയർന്ന നിലവാരത്തിൽ ജീവിക്കുകയും അതിനാവശ്യമായ പണം അവരിൽനിന്ന് സ്വരൂപിക്കുകയും ചെയ്യുന്നു. അവരെ ഒന്നു കാണണമെങ്കിൽ അവരുടെ സെക്രട്ടറിമാരിലൂടെ മാത്രമേ അവരെ സമീപിക്കുവാൻ കഴിയൂ. യേശു സകല മനുഷ്യന്റെയും ദാസനായിരുന്നു.

ഉണർന്നിരുന്ന് പ്രാർത്ഥനയും ഉപവാസവും നടത്തിയിരുന്നു. രാത്രി ജാഗരിച്ചു ദൈവത്തെ അന്വേഷിക്കുന്നവരായിരിക്കും കർത്താവിനായി ഇന്നും സൂക്ഷിക്കപ്പെടുന്ന ശേഷിപ്പിലെ ഒരു നല്ല വിഭാഗം. മറ്റുള്ളവർ ഉറങ്ങുമ്പോൾ അവർ കർത്താവിനെ അന്വേഷിക്കുന്നു. സുഖാന്വേഷികളായി ഭൂമിയിൽ ജീവിക്കുന്ന അനേകമായിരിക്കുന്ന ക്രിസ്ത്യാനികൾക്കു വെളിപ്പെടുത്താത്ത കാര്യങ്ങൾ കർത്താവ് അവർക്കു വെളിപ്പെടുത്തുന്നു.

നിങ്ങളായിരിക്കുന്ന തലമുറയിൽ കാലത്തെ അറിഞ്ഞും സ്വർഗ്ഗീയ വെളിപ്പാടുകൾ പ്രാപിച്ചും ശക്തിയുള്ള ഒരു ശേഷിപ്പായിത്തീരണമെങ്കിൽ പാരമ്പര്യങ്ങളെ ഭേദിച്ച്, വചനം ശ്രദ്ധയോടെ പഠിച്ച്, പൂർണ്ണഹൃദയത്തോടെ കർത്താവിനെ അന്വേഷിക്കുന്നവരാകുക. അപ്പോൾ ശിമ്യോനെ കർത്താവു കാണിച്ചതുപോലെ മറ്റുള്ളവർക്കു കാണാൻ കഴിയാത്ത കാര്യങ്ങൾ നിങ്ങളെയും കാണിക്കും. ഒരുപക്ഷേ നിങ്ങൾ ഒരു അക്രൈസ്തവനായിരിക്കാം. വിദ്വാന്മാർക്കു നൽകിയ വെളിപ്പാടുകൾ പോലെ നിങ്ങൾക്കും കർത്താവു നൽകും. യേശു ഒരു ദർശനത്തിലൂടെ സാധു സുന്ദർസിംഗിനു തന്നെത്തന്നെവെളിപ്പെടുത്തി. കാരണം 14 വയസ്സുള്ള കുട്ടിയായിരുന്നപ്പോൾ അവൻ ദൈവത്തെ എരിവോടെ അന്വേഷിച്ചു. പൂർവ്വദിക്കിൽ നിന്നുവന്ന വിദ്വാന്മാരെപ്പോലെ അവനു ക്രിസ്തുവിനെക്കുറിച്ചു തിരുവെഴുത്തുകളിൽ നിന്നുള്ള അറിവില്ലായിരുന്നു. അവൻ അന്വേഷിച്ചു കണ്ടെത്തി. ഇന്നും ജാഗ്രതയോടെ തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം നൽകുന്നവനാണു ദൈവം.

2:7-ൽ യേശു ബേത്ലഹേമിൽ ജനിച്ചു എന്നു നാം വായിക്കുന്നു. ഇക്കാര്യം പഴയനിയമത്തിൽ പ്രവചിക്കപ്പെട്ടിരുന്നു. യേശുവിന്റെ ജനനസമയമടുത്തപ്പോൾ എല്ലാ യിസ്രായേൽക്കാരനും താന്താന്റെ പിതൃനഗരത്തിൽ ചെന്ന് പേർവഴി ചാർത്തണമെന്ന് ഒരു ഉത്തരവിറക്കാൻ കൈസർ ചക്രവർത്തിയുടെ ഹൃദയത്തിൽ ദൈവം തോന്നിപ്പിച്ചു. അങ്ങനെ ജോസഫും മറിയയും ബേത്ലഹേമിലേക്കു പോയി. ആ സമയത്ത് അവരെ സംബന്ധിച്ചു അതു പ്രയാസമേറിയ ഒരു കാര്യമായിരുന്നു കാരണം ഈ നൂറു കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടിയിരുന്നത് ഒരു കഴുതയുടെ പുറത്തോമറ്റോ ആയിരുന്നു. അവർ ബേത്ലഹേമിലെത്തിയപ്പോൾ സത്രങ്ങളെല്ലാം തന്നെ നിറഞ്ഞു കവിഞ്ഞിരുന്നു. എങ്ങും ഇടമുണ്ടായിരുന്നില്ല.

യേശുവിന്റെ ജനനത്തിനു അനാദികാലം മുതൽക്കെ പദ്ധതിയിട്ട ദൈവത്തിന് ബെത്ലഹേമിൽ ഒരു മുറിയും കൂടി അവർക്കുവേണ്ടി ഒരുക്കുവാൻ പ്രയാസമുണ്ടായിരുന്നോ? ഒരിക്കലുമില്ലായിരുന്നു. ഈ പ്രപഞ്ചത്തെ മുഴുവനും ഭരിച്ചു നടത്തുന്നവന് അതൊക്കെ നിസ്സാര കാര്യമാണ്. എന്നാൽ തന്റെ പുത്രൻ ഒരു പശുക്കൂട്ടിൽ പിറന്നു പുൽത്തൊട്ടിയിൽ കിടത്തപ്പെടണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. ഒരുപക്ഷേ അവരുടെ യാത്രയിലും ദൈവം താമസം വരുത്തിക്കാണും. ബേത്ലേഹേമിലേക്കെത്തുമ്പോഴേക്കും എല്ലാം ഹോട്ടൽമുറികളും നിറയുവാൻവേണ്ടി ദൈവത്തിന്റെ എല്ലാ കാലവിളംബവും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗം തന്നെ. യേശു പശുത്തൊഴുത്തിൽ തന്നെ ജനിക്കേണ്ടിയിരുന്നു.

ഒരു കാലിത്തൊഴുത്തിൽ ജനിക്കുന്നതിന്റെ നാണക്കേടൊന്നാലോചിക്കൂ. അത്തരത്തിൽ തൊഴുത്തിൽ ജനിച്ച ഒരാളെ ഞാൻ ഇന്നോളം കണ്ടിട്ടില്ല. സകല മാനവവർഗ്ഗത്തേയും ശുശ്രൂഷിക്കുവാനാണ് യേശു പിറന്നത്. അതുകൊണ്ടെല്ലാവരെക്കാളും താണ നിലയിൽ താൻ ആകേണ്ടിയിരുന്നു. കാരണം യേശുവിന് ഉയർത്താൻ കഴിയാതവണ്ണം അത്ര താണ അവസ്ഥയിലാണ് താനെന്ന് ഒരാൾ പോലും ചിന്തിക്കാൻ പാടില്ലായിരുന്നു.

ഈ പ്രമാണം നമ്മുടെ ഹൃദയത്തിലും ആഴത്തിൽ പതിയേണ്ടതുണ്ട്. കാരണം നാമും കർത്താവിനെ ശുശ്രൂഷിക്കേണ്ടത് ഈ വിധത്തിലാണ്. യേശുവിന്റെ നാമത്തിൽ മറ്റുള്ളവരെ സേവിക്കുവാൻ പോകുന്നവർ അവരെക്കാളും താണനിലയിൽ നിന്നുകൊണ്ട് അതു ചെയ്യുന്നുവെങ്കിൽ മാത്രമേ അതു ഫലപ്രദമായിത്തീരുകയുള്ളു.

എന്നാൽ ഇന്നു നാം കാണുന്ന പ്രസംഗകർ ഇതിൽനിന്നും വ്യത്യസ്തരാണ്. അവർ ആളുകളേക്കാൾ ഉയർന്ന നിലവാരത്തിൽ ജീവിക്കുകയും അതിനാവശ്യമായ പണം അവരിൽനിന്ന് സ്വരൂപിക്കുകയും ചെയ്യുന്നു. അവരെ ഒന്നു കാണണമെങ്കിൽ അവരുടെ സെക്രട്ടറിമാരിലൂടെ മാത്രമേ അവരെ സമീപിക്കുവാൻ കഴിയൂ. യേശുവിനെ സമീപിക്കുവാൻ സെക്രട്ടറി ആവശ്യമായിരുന്നോ? യേശുവിന് സെക്രട്ടറി ഉണ്ടായിരുന്നോ? ഒരിക്കലുമില്ല. യേശു സകല മനുഷ്യന്റെയും ദാസനായിരുന്നു. ദാസന്മാർ ഒരിക്കലും സെക്രട്ടറിമാരെ വെയ്ക്കാറില്ല. രാജാക്കന്മാരാണ് സെക്രട്ടറിമാരെ നിയോഗിക്കാറുള്ളത്. ആർക്കും ഏതു സമയത്തും സമീപിക്കാൻ കഴിയുന്ന ഒരു വ്യക്തിയായിരുന്നു യേശു. നിങ്ങളാഗ്രഹിക്കുന്ന ഏതു സമയത്തും നിങ്ങൾക്ക് യേശുവിനടുത്ത് ചെല്ലാം നിക്കോദിമോസ് രാത്രിയുടെ യാമങ്ങളിലായിരുന്നു യേശുവിനെ കാണാൻ ചെന്നത്.

നിങ്ങൾ ദൈവത്തെ സേവിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ യേശുവിനെ മാതൃകയാക്കുക. ഇന്നു നാം കാണുന്ന പ്രസംഗകരെയല്ല. എല്ലാവരെക്കാളും താഴേക്കുപോകുക. അവിടെയായിരിക്കുക, യേശു ജനനം കൊണ്ട് എവിടെയായിരുന്നോ തന്റെ മരണം വരെയും അവിടെത്തന്നെ ആയിരുന്നു. ദാസനെപ്പോലെ ശിഷ്യന്മാരുടെ കാലുകളെ കഴുകിക്കൊണ്ട് വൃത്തികെട്ട കാലിത്തൊഴുത്തിൽ ജനിച്ച് അപമാനകരമായ കുരിശിൽ മരിച്ചു. നമ്മുടെ മുഴുജീവനും രക്ഷകൻ കടന്നുപോയ വഴിയെ കടക്കുവാൻ കർത്താവും നമ്മെ സഹായിക്കട്ടെ. ദൈവം നിങ്ങളെ എത്ര ഉയർന്ന കാര്യങ്ങൾക്ക് ഉപയോഗിച്ചാലും ജീവിതാന്ത്യം വരെ മറ്റുള്ളവരുടെ കാലുകളെ കഴുകുവാൻ തയാറുള്ള ഒരു ദാസനായി തുടരുക.

ഒരു കാലിത്തൊഴുത്തിലെ പരിമിത സാഹചര്യങ്ങളിൽ, ഇല്ലായ്മകളിൽ മറിയം ഒട്ടും പരിഭവിക്കുവോ പരാതി പറയുകയോ ചെയ്തില്ല എന്നെനിക്കുറപ്പുണ്ട്. ഇന്നത്തെ തലതിരിഞ്ഞ കൗമാരക്കാരിയെപ്പോലെ ഒരുവളായിരുന്നു മറിയയെങ്കിൽ എന്താകുമായിരുന്നു. അവൾ ഭർത്താവിനെ ഉച്ചത്തിൽ ഇങ്ങനെ കുറ്റപ്പെടുത്തുമായിരുന്നു. ഞാൻ പറഞ്ഞതാണ് രണ്ടു ദിവസം മുമ്പേ പുറപ്പെടണമെന്നു. എന്നിട്ടിപ്പോൾ മുറിയൊന്നും ഒഴിവുമില്ല. ഒരു മറവുമില്ല. ഈ വൃത്തികെട്ട തൊഴു

**പരാതിപ്പെടാത്ത ഒരു പെൺകുട്ടിയെ ദൈവം അന്വേഷിച്ചു. അങ്ങനെയാണ് ദാരിദ്ര്യത്തിന്റെയും ഇല്ലായ്മക ളുടെയും ക്ലേശകരമായ സാഹ ചര്യങ്ങളിൽ സംതൃപ്തിയോടെ ജീവിക്കാൻ പഠിച്ച മറിയയെ ദൈവം കണ്ടെത്തിയതും തിര ഞ്ഞെടുത്തതും. അതുകൊ ണ്ടായിരുന്നു യിസ്രായേലിലെ മറ്റനേകം പെൺകുട്ടികൾ ആ തെരഞ്ഞെടുപ്പിൽ യോഗ്യത നേടാഞ്ഞത്.**

ത്തിൽ ഞാൻ പ്രസവിക്കണമത്രെ. നിങ്ങൾക്കെന്തെങ്കിലും ഉത്തരവാദിത്ത മുണ്ടോ? ഭർത്താവാണുപോലും!....." മുതലായ ആക്രോശങ്ങൾ തുടരുമായി രുന്നു. അത്തരം ഒരു സാഹചര്യത്തി ലേക്ക് യേശു പിറന്നുവീഴുന്നത് സങ്കല്പിക്കാൻ കഴിയുമോ? ദൈവം ഒരിക്കലും അത് അനുവദിക്കില്ല. പരാ തിപ്പെടാത്ത ഒരു പെൺകുട്ടിയെ ദൈവം അന്വേഷിച്ചു. അങ്ങനെയാണ് ദാരിദ്ര്യത്തിന്റെയും ഇല്ലായ്മകളു ടെയും ക്ലേശകരമായ സാഹചര്യങ്ങ ളിൽ സംതൃപ്തിയോടെ ജീവിക്കാൻ പഠിച്ച മറിയയെ ദൈവം കണ്ടെത്തി യതും തിരഞ്ഞെടുത്തതും. അതുകൊ ണ്ടായിരുന്നു യിസ്രായേലിലെ മറ്റനേകം പെൺകുട്ടികൾ ആ തെരഞ്ഞെടുപ്പിൽ യോഗ്യത നേടാഞ്ഞത്.

2:34, 35-ൽ നാം ശിമെയോന്റെ പ്രവ ചനം ഇങ്ങനെ വായിക്കുന്നു: "അനേക ഹൃദയങ്ങളിലെ വിചാരം വെളിപ്പെടേ ണ്ടതിന്ന് ഇവനെ യിസ്രായേലിൽ പല രുടെയും വീഴ്ചയ്ക്കും എഴുന്നേ ല്പിനും മറുത്തുപറയുന്ന അടയാളത്തി നുമായി വച്ചിരിക്കുന്നു. നിന്റെ സ്വന്ത പ്രാണനിൽക്കൂടിയും ഒരു വാൾ കട ക്കും." യേശുവിന്റെ ശുശ്രൂഷ എങ്ങനെ യുള്ളതായിരിക്കുമെന്നു വെളിപ്പെടു ത്തുകയാണ് ശിമെയോൻ. ഇതു നമ്മെ സംബന്ധിച്ചും വളരെ പ്രാധാന്യമുള്ള താണ്. കാരണം സഭയുടെ ശുശ്രൂ ഷയും അതുതന്നെ. സഭയെ ക്രിസ്തു ശരീരമെന്നു വിവക്ഷിക്കുന്നതും യേശു ഭൂമിയിലെ ശുശ്രൂഷാകാലയളവിൽ ചെയ്തുപോന്ന ശുശ്രൂഷയുടെ തുടർച്ച തന്നെയാകും സഭ ചെയ്യുന്നത് എന്ന തിനാലാണ്. യേശു എല്ലാവരുടെയും ദാസൻ ആയിരുന്നതിനാൽ നാമും അങ്ങനെതന്നെ ആയിരിക്കേണം. സഭാ നേതാക്കൾ തന്നെയായിരിക്കണം അതിന്റെ ഉത്തമ ഉദാഹരണം. യേശു മറുത്തു പറയുന്ന ഒരു അടയാളമാകു മെന്നു ശിമെയോൻ പറഞ്ഞു. ക്രിസ്തു ശരീരത്തിലെ നേതൃസ്ഥാനം വഹി ക്കുന്ന ഒരു വ്യക്തിയാണു നിങ്ങളെ ങ്കിൽ തീർച്ചയായും യേശു നേരിട്ട എതിർപ്പുകൾ നിങ്ങളും നേരിടേണ്ടിവ രും. പരീശന്മാരെപ്പോലെയുള്ള മതനേ താക്കളായിരിക്കും നിങ്ങൾക്കെതിരെ നിൽക്കുക. എന്നാൽ അവർ നിങ്ങളെ എതിർക്കുന്നതിലൂടെ അവരുടെ ഹൃദ യത്തിലെ ചിന്തകൾ വെളിപ്പെട്ടു വരും (വാ. 35). യേശുവിന്റെ ശുശ്രൂഷ അവ രുടെ ഹൃദയത്തിലുണ്ടാക്കുന്ന അസൂയ മുഴുവൻ വെളിപ്പെടുത്തും. ഒരു മനു ഷ്യന്റെ ശുശ്രൂഷയെ ദൈവം ഇന്നും അനുഗ്രഹിക്കുമ്പോൾ എത്ര വലിയ അസൂയ അതിന്നെതിരെ മറ്റുള്ളവരുടെ ഹൃദയത്തിലുണ്ടാകുന്നു എന്നത് കണ്ടെത്താൻ പ്രയാസമില്ല.

2:47-52-ൽ യേശു ,ജോസഫിനോടും മറിയയോടുമൊപ്പം യെരുശലേമിൽ പെരുന്നാളിനു പോയതായും മടക്കയാ ത്രയിൽ യേശുവിനെക്കൂടാതെ അവർ മടങ്ങിപ്പോയതായും നാം വായിക്കു ന്നു. പന്ത്രണ്ടാം വയസ്സിൽത്തന്നെ





യിസ്രയേലിലുള്ള ഏതു പണ്ഡിതനെ ക്കാളും അധികമായി യേശു തിരുവെ ഴുത്തുകൾ പഠിച്ചിരുന്നു. യേശു നൽകിയ വിശദീകരണങ്ങളിൽ അവർ അത്ഭുതപ്പെട്ടിരുന്നു. യേശുവിന് വീട്ടിൽ ഒരു ബൈബിൾ ഉണ്ടായിരുന്നില്ല. അച്ച ടിച്ച ബൈബിളുകൾ അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നില്ല. തോൽച്ചു രുളുകൾ വളരെ വിലപിടിപ്പുള്ളവയായി രുന്നതിനാൽ സാധാരണക്കാർ വീടുക ളിൽ സൂക്ഷിക്കുന്ന പതിവില്ലായിരുന്നു. അപ്പോൾ എങ്ങനെയാണ് പന്ത്രണ്ടാം വയസ്സിൽതന്നെ യേശു ബൈബിൾ ഹൃദിസ്ഥമാക്കിയത്. പള്ളിയിലും പാഠ ശാലയിലും വായിച്ചു കേൾക്കുമ്പോൾ താൻ അത് ശ്രദ്ധയോടെ കേട്ടിരുന്നു.

ഇന്നു നമുക്ക് അച്ചടിച്ച ബൈബിളു കൾ വീട്ടിലുണ്ട്. പല ഭാഷാന്തരങ്ങ ളുടെ പ്രതികൾതന്നെ മിക്കവീടുകളിലു മുണ്ട്. എങ്കിലും അധിക ക്രിസ്ത്യാനി കൾക്കും ബൈബിൾ വളരെ കുറച്ച് മാത്രമേ അറിയൂ. ദൈവത്തിന്റെ വചനം പഠിക്കാത്ത ഒരാൾക്കും ക്രിസ്തുവിന്റെ ശരീരം പണിയുവാൻ കഴിയില്ല. തന്റെ പിതാവിനെ ശുശ്രൂഷിക്കുവാൻ യേശു വിനുപോലും നന്നേ ചെറുപ്പം മുതലേ തിരുവെഴുത്തുകൾ ശ്രദ്ധയോടെ പഠി ക്കേണ്ടിയിരുന്നു.

തിരുവചനം പഠിക്കുന്നതിൽ ഉദാസീ നതയുള്ള ഒരുവനാണ് നിങ്ങളെങ്കിൽ ദൈവത്തിന് നിങ്ങളെ ഉപയോഗിക്കാന് കഴിയുകയില്ല എന്നതിൽ എനിക്കു സംശയമില്ല. നിങ്ങൾ ഉത്സാഹത്തോടെ വചനം പഠിക്കയും ആത്മനിറവിനു വേണ്ടി ദാഹിക്കയും ചെയ്യുന്ന ഒരു വ്യക്തിയെങ്കിൽ ദൈവം നിങ്ങളെ ശക്തിയോടെ ഉപയോഗിക്കും. നിങ്ങ ളുടെ വീണ്ടും ജനനത്തിന്റെ ആരംഭ നാളുകൾ മുതലേ തന്നെ ദൈവവചനം പഠിക്കുന്നതിൽ ഉത്സാഹിക്കുക. അങ്ങനെ നിങ്ങൾ ദൈവത്തിന്റെ മനസ്സും ദൈവത്തിന്റെ വഴികളും അറി

**ലോകത്തിലെ പരീക്ഷകൾക്കു വേണ്ടി ആളുകൾ എത്ര ഉത്സാ ഹത്തോടെയാണ് പഠിക്കുന്നത്. തങ്ങളുടെ ബിസ്സിനസ് വളർത്തുവാൻ ആളുകൾ എത്ര ഉത്സാഹത്തോടെയാണ് പരിശ്രമിക്കുന്നത്. ആ ഉത്സാഹ ത്തിന്റെ അഞ്ചു ശതമാനമെ ങ്കിലും ക്രിസ്ത്യാനികൾ വചനം പഠിക്കുന്ന കാര്യത്തിൽ കാണിക്കുന്നുവെങ്കിൽ അവ രുടെ ജീവിതം ദൈവത്തിന് എത്ര ഫലമുള്ളതാകുമായിരു ന്നു.**

യും. ലോകത്തിലെ പരീക്ഷകൾക്കു വേണ്ടി ആളുകൾ എത്ര ഉത്സാഹത്തോ ടെയാണ് പഠിക്കുന്നത്. തങ്ങളുടെ ബിസ്സിനസ് വളർത്തുവാൻ ആളുകൾ എത്ര ഉത്സാഹത്തോടെയാണ് പരിശ്ര മിക്കുന്നത്. ആ ഉത്സാഹത്തിന്റെ അഞ്ചു ശതമാനമെങ്കിലും ക്രിസ്ത്യാ നികൾ വചനം പഠിക്കുന്ന കാര്യത്തിൽ കാണിക്കുന്നുവെങ്കിൽ അവരുടെ ജീവിതം ദൈവത്തിന് എത്ര ഫലമുള്ള താകുമായിരുന്നു. ഒരു പാഠപുസ്തകം പഠിക്കുമ്പോലെ ബൈബിൾ പഠിക്കു വാൻ ശ്രമിക്കരുത്. അതിലൂടെ ദൈവത്തെ അറിയുവാൻ ശ്രമിക്കുക.

2:49-ൽ നമുക്കൊരു മാതൃകയാ ക്കേണ്ട കാര്യം നാം യേശുവിൽ കണ്ടെ ത്തുന്നു. തന്റെ പിതാവിനുള്ളതിൽ ഇരി ക്കുന്ന കാര്യത്തിൽ തനിക്കുള്ള ശുഷ്കാന്തി. അധികം പ്രസംഗകരും വചനം പഠിക്കുന്നത് തങ്ങൾക്കു പ്രസം ഗിക്കേണ്ടതിനാണ്. "പിതാവിനുള്ളത്" എന്തെന്ന് കണ്ടെത്തുവാനല്ല. നാം ദൈവത്തെ അവിടുത്തെ വചനത്തി

**പരിശുദ്ധാത്മാവ് ദൈവമാണ്. അവിടുത്തെ ശുശ്രൂഷയെ നമ്മുടെ ദൈവശാസ്ത്രംകൊണ്ടു നമുക്കു പരിമിതപ്പെടുത്തുവാൻ കഴിയില്ല. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയെ വിശദീകരിക്കുവാൻ ശ്രമിക്കുന്നത് മനുഷ്യന്റെ നടപടികളെക്കുറിച്ച് ഒരു നായ മറ്റൊരു നായയോടു വിശദീകരിക്കുവാൻ ശ്രമിക്കുന്നത്ര ഭോഷത്തമാണ്.**

ലൂടെ അറിയുന്നതിലും അവിടുത്തെ വേല ചെയ്യുന്നതിനും ശുഷ്കാന്തി ഉള്ളവരാവേണ്ടതുണ്ട്. അല്ലെങ്കിൽ നാം ഭൂമിയിൽ നമ്മുടെ സമയം പാഴാക്കുന്നവരായിരിക്കും. നാം ഒരു ദൗത്യവുമായി ഈ ഭൂമിയിലേക്ക് അയയ്ക്കപ്പെട്ടവരാണ്. ഇവിടെനിന്ന് പോകും മുമ്പെ അതു നാം ചെയ്തു തീർക്കേണ്ടതുണ്ട്. നാം ജീവിക്കുന്നത് ഒരു കുടിലിലോ, കൊട്ടാരത്തിലോ എന്നത് പ്രശ്നമല്ല. നാം ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിത്വം വരിച്ചോ അതോ സാധാരണ മരണമടഞ്ഞോ എന്നരും പ്രസക്തമല്ല. ഈ ഭൂമിയിൽ നിന്നും മാറ്റപ്പെടും മുമ്പെ പിതാവിന്റെ വേല തികച്ചോ എന്നതു മാത്രമാണ് പ്രസക്തം.

**മൂന്നാം അധ്യായം**

ലൂക്കോസ് 3: 1, 2ൽ യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയെക്കുറിച്ചു നാം വായിക്കുന്നു. ഇവിടെ എഴുതിയിരിക്കുന്ന കാര്യം വളരെ രസകരമാണ്. അക്കാലത്ത് ഭൂമിയിലെ ഏറ്റവും മഹാനായ വ്യക്തി, തിബെര്യാസ് കൈസറായിരുന്നു. യഹൂദ്യയിലെ ഏറ്റവും മഹാനായ വ്യക്തിയാകട്ടെ പൊന്തിയോസ് പിലാത്തോസും. ഗലീലയിലെ ഏറ്റവും മഹാൻ ഹെരോദാവും ഇതല്യയിലെ പ്രസിദ്ധൻ ഫിലിപ്പും അബിലേനയിലെ മഹാനായ വ്യക്തി ലൂസന്യാസും ആയിരുന്നു. യെഹൂദാ മതത്തിലെ ഏറ്റവും ശ്രദ്ധേയമായ വ്യക്തിത്വങ്ങളായിരുന്നു ഹന്നാവും കയ്യഫാവും. എന്നാൽ ദൈവത്തിന്റെ അരുളപ്പാട് അവരെയൊക്കെ കടന്ന് ആരും അറിയപ്പെടാത്ത മരുഭൂമിയിലായിരുന്ന സ്നാപകയോഹന്നാനു ലഭിച്ചു.

ഇത് ഇക്കാലത്തും അങ്ങനെ തന്നെയാണ്. നിങ്ങളും യോഹന്നാനെപ്പോലെ 'ക്രിസ്തു വളരണം ഞാനോ കുറയണം' എന്ന മനോഭാവക്കാരനാണെങ്കിൽ ലോകത്തിലെ എല്ലാ മഹാന്മാരെയും ക്രൈസ്തവ ലോകത്തിലെ എല്ലാ പ്രശസ്തരെയും മറികടന്ന് ദൈവത്തിന്റെ അരുളപ്പാടുകൾ നിങ്ങൾക്കു തന്നെ ലഭിക്കും. 'മരുഭൂമിയിൽ വിളിച്ചു പറയുന്ന ശബ്ദം' (യോഹ. 3:4) എന്നു മാത്രമാണ് യോഹന്നാൻ സ്വയം വിശേഷിപ്പിച്ചത്. തനിക്ക് പ്രസംഗിക്കുവാൻ വലിയ ആവേശമൊന്നുമുണ്ടായിരുന്നില്ല. ദൈവത്തിന്റെ സമയത്തിനുവേണ്ടി അവൻ കാത്തിരുന്നു. "അവൻ യിസ്രായേലിനു തന്നെത്താൻ കാണിക്കും വരെ മരുഭൂമിയിൽ ആയിരുന്നു." (ലൂക്കോ. 1:80) ഒരു ദിവസം ദൈവം കല്പിച്ചു: "നിനക്ക് മതിയായ പഠനം ലഭിച്ചുകഴിഞ്ഞു. യോഹന്നാൻ, ഇനി പോയി പ്രസംഗിക്കുക.'' അങ്ങനെ താൻ പ്രസംഗം ആരംഭിച്ചു. അവൻ അടയാളമോ അത്ഭുതമോ ഒന്നും കാണിച്ചിട്ടില്ല. (യോഹ. 10:41). എങ്കിലും യഹൂദ്യ മുഴുവനായി അവന്റെ പ്രസംഗം കേൾക്കുവാൻ മരുഭൂമിയിലേക്കു ചെന്നു. കാരണം, ദൈവം അവനോടുകൂടെ ഉണ്ടായിരുന്നു. ദൈവത്തെ അറിയുകയും ദൈവത്തിന്റെ മനസ്സു വെളിപ്പെടുത്തു

*ശേഷം പേജ് 37 ൽ*





ചരിത്രകഥ



# മരണത്തെ പേടിയില്ലാത്തവർ

കഥ ഇതുവരെ

*റോമാനഗരം ആദ്യനൂറ്റാണ്ടിൽ . റോമൻചക്രവർത്തിമാരുടെ പീഡനത്തെ ഭയന്ന് ക്രിസ്ത്യാനികൾ രഹസ്യതാവളത്തിൽ കഴിയുന്ന കാലം. റോമിലെ അരീനയിൽ ക്രിസ്തീയവിശ്വാസികൾ മൃഗങ്ങളോട് ഏറ്റുമുട്ടി രക്തസാക്ഷി മരണം വരിക്കുന്നത് റോമൻ പട്ടാളഉദ്യോഗസ്ഥനായ മാർസില്ലസ് തന്റെ സഹപ്രവർത്തകനായ ലൂക്യുല്ലസിനോടൊപ്പം കാണാൻ ഇടയായി. മാർസില്ലസിന് ക്രിസ്ത്യാനികളോട് സഹതാപം തോന്നി. ഇതിനിടെ ക്രിസ്ത്യാനികളെ പിടികൂടി നിയമത്തിനു മുൻപിൽ കൊണ്ടുവരിക എന്ന ദൗത്യം ചക്രവർത്തി മാർസില്ലസിനെ ഏൽപ്പിച്ചു. മാർസില്ലസ് ഒരു കുട്ടിയെ പിന്തുർന്ന് ക്രിസ്ത്യാനികളുടെ ഭൂഗർഭതാവളത്തിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം ക്രിസ്ത്യാനികളെ സംബന്ധിച്ച സത്യങ്ങൾ മനസ്സിലാക്കി. മാർസില്ലസും സുവിശേഷം അംഗീകരിച്ചു.തുടർന്ന് മാർസില്ലസ് പട്ടാളക്യാമ്പിൽ മടങ്ങിയെത്തി. എന്നാൽ അദ്ദേഹം ക്രിസ്ത്യാനിയായത് അറിഞ്ഞ് പട്ടാളമേധാവി തടവിലാക്കാൻ തുനിഞ്ഞു. സുഹൃത്ത് ലൂക്യുല്ലസ് അദ്ദേഹത്തെ രക്ഷപെടാൻ അനുവദിച്ചു. ക്രിസ്ത്യാനിയായ പോളിയോ എന്ന ബാലൻ ഇതിനിടെ അധികാരികളുടെ പിടിയിലായി.അവനെ രക്ഷിക്കാൻ മാർസില്ലസ് ശ്രമിച്ചെങ്കിലും പ്രയോജനമുണ്ടായില്ല ..**തുടർന്നു വായിക്കുക.***

## അദ്ധ്യായം 8

# പോളിയോയുടെ വിചാരണ

**ച**ക്രവർത്തിയുടെ കൊട്ടാരത്തിൽ നിന്നും അകലെയല്ലാത്ത വിശാലമായൊരു ഹാളായിരുന്നു സ്ഥലം. മിനുക്കിയ മാർബിൾ തറയും കുംഭഗോപുരത്തെ താങ്ങി നിർത്തുന്ന കൽത്തൂണുകളും ഉണ്ടായിരുന്നു. ഒരു വശത്തു ഒരു റോമൻ ദേവന്റെ രൂപവും ബലിപീഠവും ഉണ്ടായിരുന്നു. മറുവശത്തുള്ള ഉയർന്ന പീഠങ്ങളിൽ ന്യായാധിപന്മാർ തങ്ങളുടെ അങ്കികളണിഞ്ഞ് ഉപവിഷ്ടരായി. അവരുടെ മുമ്പിൽ ഒരു തടവുകാരനുമായി ചില പട്ടാളക്കാർ നിന്നിരുന്നു.

പോളിയോ എന്ന ബാലനായിരുന്നു ആ തടവുകാരൻ. അവന്റെ മുഖം വിളറിയതെങ്കിലും ഉറപ്പും ദാർഢ്യവും സ്ഫുരിക്കുന്ന കണ്ണുകളും മുഖഭാവ

വും. അവൻ തല നിവർത്തി നിന്നിരുന്നു. അവന്റെ മുഖത്തു പ്രതിഫലിച്ചിരുന്ന മേധാശക്തി അവനെ വ്യത്യസ്തനാക്കിയിരുന്നു. അതിപ്പോഴും ചോർന്നിട്ടില്ല. എന്തിനെയും നൊടിയിടയിൽ വലിച്ചെടുക്കുന്ന കണ്ണുകൾ. തന്റെ അന്ത്യമാണിതെന്നവനറിയാമായിരുന്നെങ്കിലും അവൻ അല്പം പോലും പതറിയില്ല.

തന്റെ അമ്മയുടെ മരണവാർത്ത പുലർച്ച തന്നെ അവനു ലഭിച്ചിരുന്നു. അതു അവന് ഒരു തീരുമാനം എടുക്കാൻ സഹായകരമായേക്കുമെന്നു കരുതിയ ഒരു വ്യക്തിയാണ് അതെത്തിച്ചത്. അതു മാർസില്ലസായിരുന്നു. ലൂക്യുല്ലസിന്റെ സന്മനസ്സുകൊണ്ടാണ് അതു സാധ്യമായത്. അമ്മയുമായി കൂടിക്കാണുവാനുള്ള ഒരു വഴി കൂടിയാണു മരണം എന്ന് അവൻ ലളിതമായി വിശ്വസിച്ചു.

" നീ ആരാണ്?"

"ഞാൻ പോളിയോ മാർക്കസ് സെർവില്യസ് പോളിയോ"

"നിന്റെ പ്രായം?"

"പതിമൂന്ന്"

അവന്റെ പേരുകേട്ട മാത്രയിൽത്തന്നെ ആൾക്കൂട്ടത്തിൽ നിന്നും അനുകമ്പയുടെ ഒരാരവമുയർന്നു. റോമിലെ പ്രശസ്തമായ കുടുംബം." ഒരു ക്രിസ്ത്യാനിയാണെന്ന കുറ്റം നിന്റെ മേൽ ആരോപിച്ചിരിക്കുന്നു. എന്തെങ്കിലും ബോധിപ്പിക്കാനുണ്ടോ?"

"ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല. ഞാനൊരു ക്രിസ്ത്യാനിയാണ്. അത് ആളുകളുടെ മുമ്പിൽ പരസ്യമായി പ്രസ്താവിക്കാൻ കഴിയുന്നതിൽ സന്തോഷമേയുള്ളൂ."

"ഒരു ക്രിസ്ത്യാനി എന്നാൽ രാജ്യദ്രോഹിയാണ്."

"ഞാനൊരു ക്രിസ്ത്യാനിയാണ്. രാജ്യദ്രോഹിയല്ല."

"ഒരു ക്രിസ്ത്യാനിയാകുന്നതിനെ നിയമം മരണശിക്ഷകൊണ്ടു തടഞ്ഞിരിക്കയാണ്. നീ ക്രിസ്ത്യാനിയാണെങ്കിൽ മരിക്കേണ്ടി വരും. കുഞ്ഞേ, നീ വളരെ ചെറുപ്പമാണ്. നിന്റെ അപക്വതയിൽ ഞങ്ങൾക്കു സഹതാപമുണ്ട്. നിന്റെ ഈ മൗഢ്യ പ്രസ്താവനകൾക്ക് നീയല്ല കുറ്റക്കാരൻ. നിന്നെ അങ്ങനെ പരിശീലിപ്പിച്ചിരിക്കുന്നു. ഏതാണ്ടിരുനൂറു വർഷങ്ങൾക്കു മുമ്പു കൊല്ലപ്പെട്ട സാധുവായ ഒരു യഹൂദൻ ദൈവമാണെന്നു നീ വിശ്വസിക്കുന്നുവോ? ഈ അന്ധവിശ്വാസം വിട്ടുകളഞ്ഞിട്ട് വിജ്ഞത്വമാർന്ന പഴയ മതത്തിലേക്കു തിരികെ വരൂ."

"എനിക്കതു കഴിയില്ല"

"നീ ശ്രേഷ്ഠമായ ഒരു കുടുംബത്തിലെ അവസാനകണ്ണിയാണ്. സെർവിലൈസുകളുടെ കുലീനതയും മഹത്വവും രാഷ്ട്രം തിരിച്ചറിയുന്നുണ്ട്. നിന്റെ പൂർവ്വികരൊക്കെ വലിയ പ്രശസ്തിയും സമ്പത്തും അധികാരവും ഉള്ളവരായിരുന്നു. നീ തള്ളപ്പെട്ട ഒരു അരിഷ്ടനായി ഇത്രകാലം ജീവിച്ചു. ഇപ്പോഴെങ്കിലും ഈ വഞ്ചകനിൽ നിന്നും പിന്തിരിയുക. സമ്പത്തും സുഖവും സ്നേഹിതരും രാഷ്ട്രത്തിന്റെ ആദരവുകളും ചക്രവർത്തിയുടെ പ്രസാദവും നിനക്കു ലഭിക്കും."

"എനിക്കതൊന്നും ആവശ്യമില്ല."

"നിന്റെ പിതാവു വിശ്വസ്തനും ധീരനുമായ ഒരു സൈനികനായിരുന്നു. അവൻ രാജ്യത്തിനുവേണ്ടി മരിച്ചു. പിതാവിന്റെ ആ സ്മരണകളെ നീ വിലമതിക്കുന്നില്ലേ? ഒരു പുത്രനെന്ന നിലയിൽ നിന്റെ മേൽ അവന് ഒരു അവകാശമില്ലേ? നിനക്കു പൈതൃകമായി ലഭിച്ചിരിക്കുന്ന സൽപ്പേരിനു കളങ്കമുണ്ടാക്കുന്നതു പാപമാണെന്നു നീ വിചാരിക്കുന്നില്ലേ? കളങ്കമില്ലാത്ത കുലമഹിമയ്ക്കുമേൽ ഇതൊരു തീരാക്കളങ്കമല്ലേ?

"അവർക്കു യാതൊരു അപമാനവും വരുത്തുവാൻ എനിക്കു കഴിയുകയില്ല. എന്റെ വിശ്വാസം നിർമ്മലവും വിശുദ്ധവുമാണ്. എനിക്കു മരിക്കാൻ കഴിയും. പക്ഷേ എന്റെ രക്ഷകനോട് വ്യാജം കാണിക്കാൻ കഴിയില്ല."

"ഞങ്ങൾ നിന്നോട് എത്ര ദയയോടാണ് പെരുമാറുന്നതെന്നു നീ കാണുന്നുവല്ലോ. ഭോഷനായ ഒരു അവകാശിയുടെ അജ്ഞതകൊണ്ടും ശാഠ്യംകൊണ്ടും ഒരു പുരാതന ശ്രേഷ്ഠകുടുംബം കുറ്റിയറ്റു പോകരുതെന്നു നിർബന്ധമുള്ളതുകൊണ്ടാണ് ഞങ്ങൾ നിന്നോട് വാദിക്കാൻ തുനിയുന്നത്."

"നിങ്ങളുടെ പരിഗണനയ്ക്കായി നന്ദി. പക്ഷേ എന്റെ കർത്താവിൽ എനിക്കുള്ള അവകാശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിങ്ങളുടെ വാദങ്ങൾ തുലോം നിസ്സാരമാണ്."

"മരത്തലയനായ പൊട്ടച്ചെറുക്കൻ! നിന്റെ മേൽചാടി വീഴാൻ പോകുന്ന കടുവകളെയും സിംഹങ്ങളെയും നിനക്കു ചെറുക്കാൻ കഴിയുമോ?"

"ഞാൻ ആരിൽ എന്റെ ആശ്രയം വച്ചിരിക്കുന്നോ അവൻ എന്റെ ആവശ്യത്തിൽ എന്നെ ഉപേക്ഷിക്കുന്നവനല്ല."

"എന്തായാലും ഇതുവരെ അവൻ നിനക്ക് ഒന്നും ചെയ്തതായി ഞങ്ങൾ കാണുന്നില്ല."

"എനിക്കാവശ്യമുള്ളതെല്ലാം അവൻ ചെയ്തു. ഞാൻ ജീവിക്കേണ്ടതിന് തന്റെ ജീവനെ അവൻ എനിക്കു നൽകി അതിലൂടെ നിങ്ങൾ എന്നിൽ നിന്നെടുക്കാൻ പോകുന്ന ഈ ജീവനെക്കാൾ എത്രയോ ഉന്നതമായ ഒരു ജീവൻ എനിക്കു ലഭിച്ചു."

"അതു നിന്റെ ഒരു മായാസ്വപ്നം മാത്രമാണ്. അരിഷ്ടനായ ഒരു യഹൂദന് അതെങ്ങനെ സാധ്യമാകും.?"

"അവിടുന്ന് പൂർണ്ണദൈവമാണ്. ജഡത്തിൽ വെളിപ്പെട്ട ദൈവം. നാം ജീവൻ പ്രാപിക്കേണ്ടതിന്ന് അവൻ തന്റെ ജഡത്തിൽ കഷ്ടം സഹിച്ച് മരണം വരിച്ചു."

"അവസാനമായി ഞങ്ങൾ നിനക്ക് ഒരു അവസരം കൂടി നൽകുന്നു. ജീവൻ, ജീവനാണ് ഞങ്ങൾ വച്ചു നീട്ടുന്നത്. നിറഞ്ഞ സന്തോഷവും സുഖവുമുള്ള ജീവിതം. ധനസമൃദ്ധിയും മറ്റെല്ലാ അനുഗ്രഹങ്ങളും. ബഹുമാനം, സുഹൃത്തുക്കൾ, ധനം, അധികാരം, ശക്തി, എല്ലാം നിനക്കുള്ളതാകും. ശ്രേഷ്ഠമായ ഒരുപേരും നിന്റെ കുടുംബവക വസ്തുക്കളെല്ലാം. നിന്നെ കാത്തിരിക്കുന്നു. എല്ലാം നിനക്കുള്ളതാണ്. ഈ ഒരു പാത്രം കയ്യിൽ വാങ്ങി ഒരു ബലിപീഠത്തിലൊഴിക്കുക മാത്രം ചെയ്യുക. ഇതു വെറും ഒരു ലളിതമായ കാര്യമാണ്. അതു വേഗത്തിൽ ചെയ്യുക. നിന്നെ വേദനാജനകമായ ഹീനമരണത്തിൽ നിന്നും സ്വയം രക്ഷിക്കുക."

"ഞാൻ എന്റെ രക്ഷിതാവിനോടു വ്യാജം കാണിക്കുകയില്ല."

ഇത്രയുമായപ്പോൾ മജിസ്ട്രേറ്റ് ഇടപെട്ടു. ഒരു നിമിഷനേരത്തെ ഇടവേള. മജിസ്ട്രേറ്റ് പറഞ്ഞു.

"നിന്റെ നാശത്തിനു നീ തന്നെ ഉത്തരവാദി. നീ തന്നെ അതു തെരഞ്ഞെടുത്തിരിക്കുന്നു. കൊണ്ടു പോകൂ അവനെ."

തുടരും

മൊഴിമാറ്റം: **ബോബിചെറിയാൻ**

# കാണാതെ പോയി, കണ്ടെത്തി

മാത്യു ജോർജ്

"**ആ**ശ്ചര്യമാം മഹാകൃപ രക്ഷിച്ചീ ഹീനനെ
കാണാതെ പോയൊരന്ധൻ ഞാൻ, കണ്ടെത്തി ഇന്നെന്നെ"

ജോൺ ന്യൂട്ടന്റെ അനശ്വരമായ വരികൾ .... മാനസാന്തരപ്പെട്ട അടിമവ്യാപാരിയുടെ സാക്ഷ്യവചനങ്ങൾ. പാപത്തിന്റെ അടിമയായിരുന്ന തന്നെ തിരഞ്ഞു കണ്ടെത്തി രക്ഷിച്ച നല്ല ഇടയനെപ്പറ്റി അദ്ദേഹം എങ്ങനെ പാടാതിരിക്കും? ആശ്ചര്യകരമായ ദൈവകൃപയെപ്പറ്റി ജോൺ ന്യൂട്ടൻ വാചാലനാകുന്നു.

"കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്?" (ലൂക്കോ. 19:10). സക്കായിയോട് യേശു പറഞ്ഞ അർത്ഥഗർഭമായ വാക്കുകൾ ! കാണാതെപോയ, നഷ്ടപ്പെട്ടുപോയ ഓരോ ജീവിതത്തിനും എക്കാലത്തും പ്രസക്തമായ വാക്കുകൾ!!

പരീശന്മാരുടെയും ശാസ്ത്രിമാരുടെയും എപ്പോഴും ഉള്ള പരാതി 'യേശു പാപികളെ കൈക്കൊണ്ട് അവരോടു കൂടി ഭക്ഷിക്കുന്നു' എന്നുള്ളതാണ്. ലൂക്കോസ് 15-ാം അദ്ധ്യായത്തിന്റെ തുടക്കത്തിൽ ഇവ്വണ്ണം പരാതിപ്പെടുന്നവർക്കുള്ള മറുപടിയായിട്ടാണ് യേശു മൂന്നു ഭാഗങ്ങളുള്ള ഉപമ പറയുന്നത്. ലൂക്കോസ് 19-ാം അദ്ധ്യായത്തിന്റെ പ്രാരംഭത്തിൽ കാണാതെ പോയ മനുഷ്യന്റെ കഥയാണ് നാം കാണുന്നത്. "ഇന്നു ഞാൻ നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു' എന്ന് പറഞ്ഞുകൊണ്ട് സക്കായിയോടൊപ്പം പോകുന്ന യേശുവിനെക്കുറിച്ച് ജനത്തിനുള്ള പരാതി' അവൻ പാപിയായൊരു മനുഷ്യനോടുകൂടി പാർക്കുവാൻ പോയി' എന്നായിരുന്നു. നഷ്ടപ്പെട്ടുപോയവർ എന്ന ബോദ്ധ്യമില്ലാത്ത മതഭക്തരായ പരീശന്മാരും, ന്യായപ്രമാണപണ്ഡിതരായ ശാസ്ത്രിമാരും സാമാന്യജനവും മേൽപ്പറഞ്ഞ വിധം പിറുപിറുക്കുമ്പോൾ ആത്മവൈദ്യനായ യേശുക്രിസ്തുവിന് പറയാനുള്ളത് ശ്രദ്ധിക്കുക 'രോഗികൾക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല!"

ലൂക്കോസ് പതിനഞ്ചാം അദ്ധ്യായത്തിലെ ഉപമ യേശു ആരോടാണ് പറയുന്നത്? സ്വയം നീതിമാന്മാരെന്നു നിരൂപിച്ച് സമൂഹത്തിലെ 'പാപികളുടെ' നേരേ വിരൽ ചൂണ്ടുന്ന പരീശന്മാരുടെയും ശാസ്ത്രിമാരുടേയും മനസ്സാക്ഷിക്കു നേരെയത്രേ. കൂട്ടം വിട്ട് തെറ്റിപ്പോയ ഒരാട്! സ്നേഹകൂട്ടായ്മയുടെ ബന്ധമറ്റ് ഇരുട്ടിന്റെ മറവിൽ കാണാതെ പോയ ഒരു ദ്രഹ്മപ്പണം!! പിതാവിന്റെ ഭവനം ബന്ധനമെന്നു ചിന്തിച്ച് സ്വാതന്ത്ര്യം കൊതിച്ച് പാപവഴികളിൽ സ്വയം നഷ്ടപ്പെട്ടുപോയ ഒരു മകൻ!! ഓരോ സന്ദർഭത്തിലും കണ്ടെത്തുംവരെ അന്വേഷിക്കുന്ന വ്യക്തികൾ. അജനഷ്ടം, ധനനഷ്ടം, പുത്രനഷ്ടം, നഷ്ടത്തിന്റെ വ്യത്യസ്ത അവസ്ഥകൾ. ബോധപൂർവ്വമല്ലാതെ എങ്കിൽ പോലും 'സ്വന്തവഴികളിൽ' നടന്ന് അജഗണത്തിൽ നിന്ന് ദൂരെ ഇടയനെ നഷ്ടപ്പെട്ട ഒരു കുഞ്ഞാട്. കൂട്ടായ്മയുടേയും സാഹോദര്യത്തിന്റെയും ചരടുകൾ സ്വാതന്ത്ര്യത്തിന് തടസ്സം എന്ന് ചിന്തിച്ചു പോയ ഒരു ദ്രഹ്മപ്പണം. ഇരുട്ടിന്റെ മറവിൽ വീടിന്റെ ഏതോ ഒരു കോണിൽ വിലപിച്ചുകഴിയുന്ന അവസ്ഥ. സ്വന്ത വഴികളിൽ തുടക്കത്തിൽ സന്തോഷം കണ്ടെത്തിയ ഇളയമകൻ വൈകാതെ വിശപ്പുകൊണ്ട് നശിച്ചു പോകുന്ന അവസ്ഥയിലെത്തി വിലപിക്കുന്നു. ദൈവജ്ഞാനത്തിനു കീഴ്പ്പെടാൻ മനസ്സില്ലാതെ ബോധപൂർവ്വമോ അബോധപൂർവ്വമോ നഷ്ടപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തിന്റെ വ്യക്തമായ ചിത്രം. നഷ്ടപ്പെട്ടുപോയതിനെമാത്രമേ തിരഞ്ഞു രക്ഷിപ്പാൻ കഴിയൂ. എന്ന ശക്തമായ സന്ദേശം നൽകുവാൻ യേശു ഇന്നും ആഗ്രഹിക്കുന്നു. തങ്ങൾക്ക് മാനസാന്തരം ആവശ്യമില്ലെന്ന് ചിന്തിക്കുന്ന തൊണ്ണൂറ്റൊമ്പത് നീതിമാന്മാരെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും.

യേശുവിന് വഴി ഒരുക്കാൻ നിയോഗിക്കപ്പെട്ട സ്നാപകയോഹന്നാന്റെ സന്ദേശവും മറ്റൊന്നായിരുന്നില്ല. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" (മത്തായി 3:2) തുടർന്ന് തന്റെ അടുക്കൽ മാനസാന്തരസ്നാനത്തിനായി വന്ന പുരുഷാരത്തോട് യോഹന്നാൻ പറയുന്നത് ശ്രദ്ധിക്കുക: 'മാസസാന്തരത്തിന് യോഗ്യമായ ഫലം കായ്ക്കുക. അബ്രഹാം പിതാവെന്നു പറയുവാൻ തുനിയരുത്' എന്നുകൂടെ അബ്രഹാമിന്റെ പാരമ്പര്യത്തിൽ ഊറ്റം കൊണ്ട അവരോട് പറയുവാൻ യോഹന്നാൻ മടിച്ചില്ല. കഴിഞ്ഞ കാലത്തെ ആത്മിക പൈതൃകത്തിൽ ഊറ്റം കൊള്ളുമ്പോഴും പാപത്തിന്റെ അഗാധതലങ്ങളിൽ നഷ്ടപ്പെട്ടു കിടക്കുന്ന അവസ്ഥ തിരിച്ചറിയാത്ത ഇന്നത്തെ വിശ്വാസസമൂഹത്തിനു നേരേ കൂടിയാണ് യേശുവിന്റെ മുന്നോടിയായ പ്രവാചകൻ വിരൽ ചൂണ്ടുന്നത്.

അബ്രഹാമിന്റെ യഥാർത്ഥമക്കൾ ആരാണെന്ന് മറ്റൊരു സന്ദർഭത്തിൽ യേശു വ്യക്തമാക്കുന്നുണ്ട് (യോഹ. 8: 31-45). യഥാർത്ഥ സ്വാതന്ത്ര്യത്തെപ്പറ്റി യേശു പറഞ്ഞുതുടങ്ങുന്നത് തന്നിൽ വിശ്വസിച്ച അബ്രഹാമ്യസന്തതികളോടാണ്. യേശുവിന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ മാത്രമേ നാം യഥാർത്ഥസത്യം അറികയുള്ളൂ. ദൈവത്തിന്റെ സത്യത്തിനു മാത്രമേ നമ്മെ സ്വതന്ത്രരാക്കാൻ കഴികയുള്ളൂ. മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം ധനമോ, ആരോഗ്യമോ, അധികാരമോ, സുഖസൗകര്യങ്ങളോ അല്ല. പാപക്ഷമ ലഭിച്ചതിന്റെ ഉറപ്പും, പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യവുമാണ്. യേശുവിന്റെ അടുക്കൽ സൗഖ്യത്തിനായി ഒരു പക്ഷവാതക്കാരനെ കൊണ്ടുവന്നപ്പോൾ ഒന്നാമതായി 'മകനേ, നിന്റെ പാപങ്ങൾ

**യേശുവിന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ മാത്രമേ നാം യഥാർത്ഥസത്യം അറികയുള്ളൂ. ദൈവത്തിന്റെ സത്യത്തിനു മാത്രമേ നമ്മെ സ്വതന്ത്രരാക്കാൻ കഴികയുള്ളൂ. മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം ധനമോ, ആരോഗ്യമോ, അധികാരമോ, സുഖസൗകര്യങ്ങളോ അല്ല. പാപക്ഷമ ലഭിച്ചതിന്റെ ഉറപ്പും, പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യവുമാണ്.**

> നഷ്ടബോധം ഹൃദയത്തെ ഭരിക്കുന്ന അനേകർ അവർ ദൈവത്തിന് നഷ്ടപ്പെട്ടവരാണെന്ന തിരിച്ചറിവില്ലാത്തതിനാൽ ദൂരെദേശത്ത് പന്നിയുടെ ഭക്ഷണം പോലും ആവശ്യത്തിന് കിട്ടാതെ വിശപ്പുകൊണ്ട് വലയുന്നു. ധൂർത്തപുത്രനെപ്പോലെ നഷ്ടപ്പെട്ടവനാണെന്ന (നശിച്ചുപോകുന്ന) ഏറ്റുപറച്ചിൽ മാത്രമേ അപ്പന്റെ ഭവനത്തിലെ സന്തോഷത്തിലേക്ക് ഒരുവനെ മടക്കിക്കൊണ്ടു വരികയുള്ളൂ.

മോചിച്ചിരിക്കുന്നു' എന്നു യേശു പറഞ്ഞതിന്റെ പൊരുൾ അതാണ്. പാപം മോചിക്കപ്പെടാതെ രോഗം സൗഖ്യമായാൽ 'പിന്നത്തേതിൽ അധികം തിന്മയായത്' വരാൻ സാദ്ധ്യതയുണ്ട്. യേശു സൗഖ്യമാക്കിയ അനേകം പേർ നിത്യജീവനിൽ കടക്കാത്തവരായി നിത്യനാശത്തിലേക്ക് പോകും എന്ന ഞെട്ടിക്കുന്ന യാഥാർത്ഥ്യം നാം ഗ്രഹിച്ചിരുന്നെങ്കിൽ!

'അബ്രഹാമിന്റെ സന്തതി' ആയിരുന്നിട്ടും യേശുവിന്റെ വചനങ്ങൾക്ക് അവരുടെ ഉള്ളിൽ ഇടം ഇല്ലായിരുന്നു. 'അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു' എന്ന് യേശു പറയുന്നു (യോഹ. 8:56) യിസഹാക്കിനെ അർപ്പിച്ചുകഴിഞ്ഞപ്പോൾ അവനുപകരമായി യഹോവ കരുതിയ കോലാടുകൊറ്റനെ കണ്ട അബ്രഹാം ആ സ്ഥലത്തിന് 'യഹോവ-യിരേ' എന്ന് പേരിട്ടു. യഹോവയുടെ പർവ്വതത്തിൽ (അനുസരണത്തിന്റെ, അർപ്പണത്തിന്റെ പർവ്വതത്തിൽ) അവൻ പ്രത്യക്ഷനാകും എന്നാണ് ആ വാക്കുകളുടെ പൊരുൾ. സാക്ഷാൽ സ്വാതന്ത്ര്യം നൽകുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ ഹൃദയദൃഷ്ടി പ്രകാശിച്ചു കണ്ട അബ്രഹാം പിതാവ് ഉല്ലസിച്ച് ദൈവത്തിന് മഹത്വം കൊടുത്തു. ഗലാത്യർ 3:8 ൽ കാണുന്നതുപോലെ 'നിന്റെ സന്തതി മുഖാന്തരം സകലജാതികളും അനുഗ്രഹിക്കപ്പെടും' എന്നുള്ള സന്ദേശം അബ്രഹാമിനുള്ള സുവിശേഷമായിരുന്നു. സക്കായി സന്തോഷത്തോടെ യേശുവിനെ കൈക്കൊണ്ടു എന്നതായിരുന്നു രക്ഷയുടെ തുടക്കം. രക്ഷയുടെ പൂർത്തീകരണം ഒരു 'രണ്ടാമത്തെ മൈൽ' കൂടി നടക്കുമ്പോഴേ സാദ്ധ്യമാകുന്നുള്ളൂ. മാനസാന്തരത്തിന് യോഗ്യമായ ഫലം അവന്റെ വാക്കുകളിൽ വ്യക്തമാണ്. യേശു അവന്റെ വീട്ടിനുള്ളിൽ കടക്കും മുമ്പേ യാതൊരു കണക്കുകൂട്ടലുകൾക്കും ഒരുമ്പെടാതെ, തെറ്റായ വഴിയിലൂടെ സമ്പാദിച്ച സമ്പത്തിനോട് വിടപറയാൻ തയ്യാറാകുന്ന ഒരുവന്റെ ഭവനത്തിനാണ് രക്ഷയുടെ ഉറപ്പ് യേശു നൽകുന്നത്. വൈകാരികമായ ഇളക്കത്തിൽ പറഞ്ഞുപോയ പൊള്ളയായ വാക്കുകളായിരുന്നില്ല സക്കായിയുടേത്. അവന്റെ ഭവനത്തിന് രക്ഷ വന്നു എന്ന് യേശു ഉറപ്പുകൊടുക്കുന്നത് രണ്ടു കാര്യങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. ഒന്നാമതായി, സക്കായി ജന്മംകൊണ്ടു മാത്രമല്ല,വിശ്വാസത്തിന്റെയും, അനുസരണത്തിന്റെയും അടിസ്ഥാനത്തിൽ 'അബ്രഹാമിന്റെ മകൻ' എന്ന്തെളിയിച്ചു. രണ്ടാമതായി 'കാണാതെപോയവൻ' എന്ന് തന്നെപ്പറ്റി അവൻ ഗ്രഹിച്ചു. സമൂഹം പാപിയെന്ന് മുദ്രകുത്തിയവൻ, വെറുക്കപ്പെട്ടവൻ, ദ്രവ്യാഗ്രഹത്തിന്റെ ബന്ധനത്തിൽ കഴിഞ്ഞവൻ, യേശുവിന് പാർക്കാൻ ഒരു വിധത്തിലും യോഗ്യമല്ലാത്ത ഒരു ഭവനത്തിന്റെ ഉടമസ്ഥൻ. ഇങ്ങനെയുള്ള ഒരുവനെ യേശു തിരഞ്ഞു കണ്ടെത്തി രക്ഷിക്കുകയായിരുന്നു.

യരുശലേമിൽ നിന്ന് യെരിഹോവിലേക്ക് പോകുമ്പോൾ കൊള്ളക്കാരുടെ കൈയിൽ അകപ്പെട്ട ആ മനുഷ്യന്റെ അവസ്ഥ തന്നെ ആയിരുന്നു ഒരു വിധത്തിൽ സക്കായിയുടേതും. ആ 'നല്ല ശമര്യാക്കാരൻ' സക്കായിയുടെ രക്ഷകനായിത്തീരുന്നു. നഷ്ടബോധം ഹൃദയത്തെ ഭരിക്കുന്ന അനേകർ അവർ ദൈവത്തിന് നഷ്ടപ്പെട്ടവരാണെന്ന തിരിച്ചറിവില്ലാത്തതിനാൽ ദൂരദേശത്ത് പന്നിയുടെ ഭക്ഷണം പോലും ആവശ്യത്തിന് കിട്ടാതെ വിശപ്പുകൊണ്ട് വലയുന്നു. ധൂർത്തപുത്രനെപ്പോലെ നഷ്ടപ്പെട്ടവനാണെന്ന (നശിച്ചുപോകുന്ന) ഏറ്റുപറച്ചിൽ മാത്രമേ അപ്പന്റെ ഭവനത്തിലെ സന്തോഷത്തിലേക്ക് ഒരുവനെ മടക്കിക്കൊണ്ടു വരികയുള്ളൂ. നാളുകളായി ആ പിതാവ് കടന്നുപോകുന്ന ഓരോരുത്തരിലും തന്റെ നഷ്ടപ്പെട്ടുപോയ (മരിച്ചവനായ)മകനെ തെരയുകയായിരുന്നു. ഇളയമകൻ എല്ലാ അർത്ഥത്തിലും പിതാവിന് മരിച്ചവനായിരുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്നു. നമ്മെ ജീവിപ്പിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയാണ് നമ്മുടെ രക്ഷ. ഇളയമകൻ വീണ്ടുംജനിക്കയായിരുന്നു. അടിമത്തത്തിൽ കഴിയുന്ന വ്യക്തിക്ക് സ്വാതന്ത്ര്യം മാത്രമാണ് വാഗ്ദാനം. സ്വതന്ത്രർക്കുള്ളതാണ് മറ്റെല്ലാ ദൈവിക വാഗ്ദാനങ്ങളും. ദാസിയുടെ മകൻ സ്വതന്ത്രയുടെ മകനോടുകൂടെ അവകാശിയാകയില്ല എന്ന പാഠം അബ്രഹാമിന് പഠിക്കേണ്ടിവന്നു. അബ്രഹാമിന്റെ യഥാർത്ഥമകൻ ഒരിക്കലും പാപത്തിന്റെ ദാസനായിരിക്കയില്ല.

യേശുവിന്റെ പേരിന്റെ അർത്ഥം ദൂതൻ പറഞ്ഞത് 'തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുന്നവൻ' എന്നാണല്ലോ? പാപങ്ങളിൽ നിന്നും രക്ഷിക്കുന്ന യേശുവിന്റെ സാന്നിദ്ധ്യം തന്നെ സക്കായിയിൽ ആഴമായ പാപബോധം ഉളവാക്കി. യേശു ആവശ്യപ്പെടാതെ തന്നെ ക്രമം കെട്ട കാര്യങ്ങൾ നേരെയാക്കാൻ അവൻ തീരുമാനിക്കുകയായിരുന്നു. പ്രവൃത്തികൾ 3: 25,26 വചനങ്ങൾ ശ്രദ്ധിക്കുക: 'ഭൂമിയിലെ സകല വംശങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും' എന്ന് ദൈവം അബ്രഹാമിനോട് അരുളിച്ചെയ്തതിന്റെ പൂർത്തീകരണം എങ്ങനെയാണെന്ന് 26-ാം വചനത്തിൽ പറയുന്നു. ദൈവം തന്റെ ദാസനായ യേശുവിനെ എഴുന്നേൽപ്പിച്ച് 'ഓരോരുത്തനെ അവനവന്റെ അകൃത്യത്തിൽ നിന്ന് തിരിക്കുന്നതിനാൽ' ആണ് യഥാർത്ഥമായി അനുഗ്രഹിക്കുന്നത്. അനുഗ്രഹത്തെക്കുറിച്ച് വികലമായ ധാരണകൾവച്ചു പുലർത്തുന്ന ക്രിസ്തീയ സമൂഹത്തിലെ അനേകം പേർ പത്രോസിന്റെ ഈ അനുഗ്രഹനിർവചനം ശ്രദ്ധിച്ചിരുന്നെങ്കിൽ! പ്രവൃത്തികൾ 7-ാം അദ്ധ്യായത്തിൽ സ്തേഫാനോസിന്റെ പ്രസംഗം തുടങ്ങുന്നത് 'അബ്രഹാമിന്റെ മക്കളോടാണ്' 51 മുതൽ 53 വരെയുള്ള വചനങ്ങളിൽ അവർ ശാഠ്യക്കാരും, ഹൃദയത്തിനും ചെവിക്കും പരിച്ഛേദന ഇല്ലാത്തവരും ആണെന്നു പറയാൻ മടിക്കുന്നില്ല. അബ്രഹാമിന്റെ സന്തതികൾ എന്ന് അഭിമാനിക്കുന്നവർ ,പരിശുദ്ധാത്മാവിനോട് മറുത്തുനിൽക്കുന്നു, പ്രവാചകന്മാരെ കല്ലെറിയുന്നു മശിഹയുടെ വരവിനെപ്പറ്റി പറഞ്ഞവരെ കൊന്നുകളയുന്നു! ന്യായപ്രമാണം പ്രാപിച്ചവർ എങ്കിലും അത് പ്രമാണിക്കാത്തവർ! പ്രവൃത്തികൾ 13: 26 ൽ പൗലൊസ് പിസിദ്യയിലെ അന്ത്യോക്യയിൽ 'അബ്രഹാമിന്റെ കുടുംബക്കാരായ സ്നേഹിതരോട് പറയുന്നത് കേൾക്കുക: 'ദൈവത്തെ ഭയപ്പെടുന്നവരായി നിങ്ങളിൽ ആരൊക്കെയുണ്ടോ അവർക്കുവേണ്ടി യേശു മുഖാന്തരം ഈ രക്ഷ അയച്ചിരിക്കുന്നു'.

അബ്രഹാം നീതീകരിക്കപ്പെട്ടത്

> അബ്രഹാം ബഹുസമ്പന്നനായിരുന്നതിനാൽ ഭൗതികമായ സമ്പൽ സമൃദ്ധിയാണ് ദൈവത്തിന്റെ യഥാർത്ഥഅനുഗ്രഹം എന്ന് അനേകർ ധരിച്ചിരിക്കുന്നു. അതല്ല ദൈവത്തിന്റെ യഥാർത്ഥ അനുഗ്രഹം എന്നു ഗ്രഹിക്കാൻ ലോകത്തിൽ ദൈവഭയം ഇല്ലാത്ത അനേകർ അനുഭവിക്കുന്ന ജീവിതസുഖങ്ങളും സമൃദ്ധിയും ശ്രദ്ധിച്ചാൽ മതി. വിശ്വാസത്താൽ ഒരു പുതിയനിയമ വിശ്വാസി പ്രാപിക്കുന്ന ദൈവാത്മാവാണ് യഥാർത്ഥ അനുഗ്രഹം.

കേവലം വിശ്വാസത്താൽ മാത്രമല്ല എന്ന് തിരുവെഴുത്ത് സാക്ഷിക്കുന്നു. യാക്കോബ് പറയുന്നത് 'വെറും' വിശ്വാസത്താലല്ല, വിശ്വാസത്തിന്റെ പ്രവൃത്തിയാലാണ് അബ്രഹാം ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടതെന്നാണ്. ജീവനുള്ള വിശ്വാസം എപ്പോഴും അനുസരണത്തിലേക്ക് ഒരുവനെ നടത്തുന്നു. ഗലാത്യർ 3:14 പലരും ശരിയായ നിലയിൽ മനസ്സിലാക്കിയിട്ടില്ലാത്ത വേദഭാഗമാണ് അബ്രഹാം ബഹുസമ്പന്നനായിരുന്നതിനാൽ ഭൗതികമായ സമ്പൽസമൃദ്ധിയാണ് ദൈവത്തിന്റെ യഥാർത്ഥഅനുഗ്രഹം എന്ന് അനേകർ ധരിച്ചിരിക്കുന്നു. അതല്ല ദൈവത്തിന്റെ യഥാർത്ഥ അനുഗ്രഹം എന്നു ഗ്രഹിക്കാൻ ലോകത്തിൽ ദൈവഭയം ഇല്ലാത്ത അനേകം പേർ അനുഭവിക്കുന്ന ജീവിതസുഖങ്ങളും സമൃദ്ധിയും ശ്രദ്ധിച്ചാൽ മതി. വിശ്വാസത്താൽ ഒരു പുതിയനിയമവിശ്വാസി പ്രാപിക്കുന്ന ദൈവാത്മാവാണ് യഥാർത്ഥ അനുഗ്രഹം. അബ്രഹാമിന്റെ അനുഗ്രഹം നമുക്ക് ലഭ്യമാകുന്നത് ആത്മാവിനെ പ്രാപിക്കുന്നതിലൂടെയാണ്. യഥാർത്ഥ അബ്രഹാമിന്റെ മകൻ ആത്മാവിനെ അനുസരിച്ച് നടക്കുന്നവനും ജഡത്തിന്റെ മോഹങ്ങൾ നിറവേറ്റാത്തവനും ആയിരിക്കും. ദൂതന്മാർക്കു സഹായം നൽകുവാനല്ല അബ്രഹാമിന്റെ സന്തതിയെ സഹായിക്കാനാണ് യേശു പ്രത്യക്ഷനായത് എന്ന് ദൈവവചനം പറയുന്നു. (എബ്രാ. 2:16). അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു. അതുകൊണ്ട് വിശ്വാസികൾ അത്രേ അബ്രഹാമിന്റെ മക്കൾ എന്ന് അറിയുവാൻ (ഗലാ. 3:6,7).

കാണാതെ പോയതിനെ തെരഞ്ഞു രക്ഷിപ്പാൻ വന്ന ദൈവപുത്രൻ നമ്മുടെ ഭവനത്തിന് രക്ഷ നൽകട്ടെ. വീടിന്റെ അകത്തുള്ള എല്ലാ മേഖലകളും യേശുവിനായി തുറന്നു കൊടുക്കുമോ? എല്ലാ സാമ്പത്തികഇടപാടുകളും യേശുവിന്റെ പരിശോധനയ്ക്കായി ഏല്പിക്കുമോ? സന്തോഷത്തോടെ കാട്ടത്തിയിൽ നിന്ന് ഇറങ്ങിവന്ന് യേശുവിനെ കൈക്കൊള്ളുന്ന ഒരു വ്യക്തിയായിരിക്കും അപ്പോൾ നിങ്ങൾ. ഒന്നാം മൈൽ നടന്നു കഴിഞ്ഞു. ക്രിസ്തീയജീവിതത്തിൽ ഒരു രണ്ടാം മൈൽ കൂടി നടക്കേണ്ടതുണ്ടെന്ന് യേശു പറഞ്ഞു (മത്തായി 5:41). രണ്ടാമത്തെ നാഴിക സ്വമേധയാ നടക്കേണ്ടതാണ്. അതിന് നാം ഒരു വിലകൊടുക്കേണ്ടതുണ്ട്. സക്കായി ആ വില കൊടുക്കാൻ തയ്യാറായി. ക്രിസ്തുവിന്റെ രാജ്യത്തിലേക്ക് സമൃദ്ധമായ പ്രവേശനം ആഗ്രഹിക്കുന്നെങ്കിൽ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിക്കുക. ഇടറിപ്പോകാതെ രണ്ടാമത്തെ നാഴികയും നടക്കാൻ നിങ്ങൾക്ക് ഇടയാകും.'കാണാതെ പോയി, കണ്ടെത്തി' എന്ന് നിങ്ങളെക്കുറിച്ചും പറയാൻ നല്ല ഇടയന് കഴിയട്ടെ!

❖





# ബൈബിളിലൂടെ

28-ാം പേജിൽ നിന്നു തുടർച്ച

കയും ചെയ്യുന്ന ഒരുവനെ കേൾക്കാൻ ആളുകൾ എല്ലായിടത്തുനിന്നും ഓടിക്കൂടും.

ജ്വലിച്ചു നിൽക്കുന്നതും തികച്ചും പ്രായോഗികവുമായ യോഹന്നാന്റെ ശുശ്രൂഷ 3:8-13-ൽ നമുക്കു കണ്ടെത്താൻ കഴിയും. തന്റെ അടുക്കൽ വരുന്ന എല്ലാവരെയും യോഹന്നാൻ സ്നാനം കഴിപ്പിച്ചിട്ടില്ല. പരീശന്മാരെപ്പോലെ യഥാർത്ഥമാനസാന്തരം കൂടാതെ സ്നാനമേല്പാൻ വന്നവരെ അവൻ വിവേചിച്ചറികയും അവരെ സ്നാനം കഴിപ്പിക്കുവാൻ വിസമ്മതിക്കയും ചെയ്തു. തന്റെ പ്രസംഗം വളരെ ഉയർന്ന നിലവാരമുള്ളതായിരുന്നു. സ്നാനമേൽക്കുന്ന ആളുകളുടെ എണ്ണത്തിലല്ല യോഹന്നാൻ ശ്രദ്ധിച്ചിരുന്നത് മറിച്ച് ഗുണനിലവാരത്തിലായിരുന്നു.

തനിക്ക്ഒരു മിഷൻസംഘടനയ്ക്കും സ്ഥിതിവിവരക്കണക്കുകൾ അയയ്ക്കേണ്ടതില്ലായിരുന്നു. താൻ ആരുടെയും അടിമയായിരുന്നില്ല. തികച്ചും പ്രായോഗികമായ ഉപദേശങ്ങളായിരുന്നു തന്റെ അടുക്കൽ വന്നവർക്കു യോഹന്നാൻ നൽകിയത്. നികുതി പിരിക്കുന്നവരോടും പട്ടാളക്കാരോടും" ജനത്തെ ചൂഷണം ചെയ്യരുത്." എന്നുപദേശിച്ചു. പഴയനിയമത്തിലെ വാക്യങ്ങൾ എടുത്തു വിശകലനം ചെയ്തുള്ള പ്രസംഗങ്ങളായിരുന്നില്ല, മറിച്ച് പ്രായോഗിക ജീവിതത്തിനാവശ്യങ്ങളായ ഉപദേശങ്ങളായിരുന്നു യോഹന്നാന്റേത്.

യേശുവിന്റെയും അപ്പോസ്തലന്മാരുടെയും പ്രസംഗങ്ങളും പ്രായോഗികമായിരുന്നു. എന്നാൽ ബൈബിൾ സ്കൂളുകളിൽനിന്ന് പഠിച്ചിറങ്ങുന്ന പ്രസംഗകരൊക്കെ ബൈബിൾ വാക്യങ്ങളുടെ വിശദീകരണങ്ങളിലൂടെയാണ് പ്രസംഗിക്കുക. എന്നാൽ യേശുവോ അപ്പൊസ്തൊലന്മാരോ പ്രവാചകന്മാരോ ഉപദേഷ്ടാക്കന്മാരോ അത്തരത്തിൽ സംസാരിക്കുന്നാതായി നാം കാണുന്നില്ല. അവർ സന്ദർഭോചിതമായ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു സംസാരിച്ചിരുന്നത്. കൂട്ടത്തിൽ ഏതെങ്കിലും പഴയനിയമ ഉദ്ധരണികളോ വിശദീകരണങ്ങളോ പറയും. യേശുവിന്റെയും അപ്പൊസ്തോലന്മാരുടെയും പ്രസംഗത്തിന്റെ മാതൃക സ്വീകരിപ്പാൻ ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു- ഇന്നത്തെ വേദപണ്ഡിതന്മാരുടെ രീതികളല്ല.

3:21-22-ൽ യേശുവിന്റെ സ്നാനവും പരിശുദ്ധാത്മാവ് എങ്ങനെ യേശുവിന്മേൽ വന്നു എന്നും വായിക്കുന്നു. യോഹന്നാൻ അമ്മയുടെ ഗർഭം മുതൽക്കേ പരിശുദ്ധാത്മാവു നിറഞ്ഞവനായിരുന്നതുപോലെ യേശുവും അമ്മയുടെ ഗർഭം മുതൽക്കേ പരിശുദ്ധാത്മാവു നിറഞ്ഞവനായിരുന്നു. ആത്മശക്തിയാൽ 30 വയസ്സുവരെ അവിടുന്ന് പരിക്ഷകളെ ജയിച്ചു. എന്നിട്ടും 30-ാം വയസ്സിൽ പരസ്യശുശ്രൂഷയ്ക്കുവേണ്ടി പരിശുദ്ധാത്മാവു തന്റെമേൽ വരികയും തന്നെ അഭിഷേകം ചെയ്കയും ചെയ്തു. (അ.പ്ര:10:38).

ചിലർക്ക് ഇങ്ങനെ ഒരു വാദമുണ്ട്. നാം ആത്മാവിൽനിന്നും ജനിച്ചവരാകയാൽ രണ്ടാമതൊരു അഭിഷേകം ആവശ്യമില്ല എന്ന്. യേശു മറിയയുടെ ഗർഭത്തിൽ ആത്മാവിനാൽത്തന്നെയാണ് ജനിച്ചത്. 30 വർഷവും ആ ആത്മാവു തന്നിൽ ഉണ്ടായിരുന്നു താനും. എന്നിട്ടും തന്റെ ശുശ്രൂഷ ആരംഭിക്കും മുൻപ് തനിക്ക് അഭിഷേകം ആവശ്യമായിരുന്നു.

പരിശുദ്ധാത്മാവ് ദൈവമാണ്. അവിടുത്തെ ശുശ്രൂഷയെ നമ്മുടെ

ദൈവശാസ്ത്രംകൊണ്ടു നമുക്കു പരിമിതപ്പെടുത്തുവാൻ കഴിയില്ല.

പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയെ വിശദീകരിക്കുവാൻ ശ്രമിക്കുന്നത് മനുഷ്യന്റെ നടപടികളെക്കുറിച്ച് ഒരു നായ മറ്റൊരു നായയോടു വിശദീകരിക്കുവാൻ ശ്രമിക്കുന്നത്ര ഭോഷത്തമാണ്. ഒരു നായയ്ക്ക് ഇത്രമാത്രമേ പറയാൻ കഴിയൂ: “ എനിക്കു മനുഷ്യന്റെ മനഃശാസ്ത്രം മുഴുവൻ മനസ്സിലാക്കാനുള്ള പ്രാപ്തിയില്ല. ഒന്നെനിക്കറിയാം. എന്റെ യജമാനൻ എന്നോടു വളരെ കനിവുള്ളവനാണ്. അവൻ എന്നെ നന്നായി പരിപാലിക്കുന്നു. ഞാൻ സന്തുഷ്ടനാണ്.” ആ നായയ്ക്ക് തന്റെ യജമാനന്റെ നന്മ അനുഭവിക്കാൻ കഴിയും. ഒരിക്കലും യജമാനന്റെ മനശ്ശാസ്ത്രം ഗ്രഹിക്കാൻ കഴിയില്ല. അതുപോലെതന്നെയാണ് നാമും പരിശുദ്ധാത്മാവിനോടുള്ള ബന്ധത്തിൽ. അവിടുത്തെ മുഴുവൻ വ്യാപാരങ്ങളെയും നമുക്കു ഗ്രഹിക്കാൻ കഴിയില്ല. പക്ഷേ അവിടുത്തെ നന്മയെയും സ്നേഹത്തെയും ശക്തിയെയും അനുഭവിക്കാൻ കഴിയും. അതുമതി താനും.

മനുഷ്യനും നായയും പോലെ രണ്ടു സൃഷ്ടികൾ തമ്മിലുള്ള വിടവിനെക്കാൾ എത്രയോ വലുതാണു സ്രഷ്ടാവും മനുഷ്യനും തമ്മിലുള്ള അകലം. അതുകൊണ്ട് ആത്മാവിന്റെ വ്യാപാരത്തെ മുഴുവനായും വിശദീകരിക്കുക തമുക്കു തികച്ചും അസാദ്ധ്യം തന്നെ.

യേശു സ്നാനമേൽക്കുമ്പോൾ പ്രാർത്ഥിച്ചിരുന്നു എന്നു നാം കാണുന്നു. (3:21). എന്തിനു വേണ്ടിയായിരിക്കാമത്? പരിശുദ്ധാത്മാഭിഷേകത്തിനു വേണ്ടിയായിരുന്നു എന്നത് വ്യക്തമാണ്. യേശുവിന്റെ പ്രാർത്ഥനകൾക്ക് ഉടനേതന്നെ ഉത്തരം ലഭിച്ചിരുന്നു. അതുകൊണ്ടാണ് നാമത് അങ്ങനെ മനസ്സിലാക്കുന്നത്. താൻ വെള്ളത്തിൽ നിന്നും കയറും മുൻപേ പരിശുദ്ധാത്മാവു തന്റെ മേലിറങ്ങിയതായി നാം വായിക്കുന്നു. അതു തന്റെ പ്രാർത്ഥനയ്ക്കു ലഭിച്ച മറുപടിയാണെന്നു നാം വായിക്കുന്നു. ഇതുതന്നെയാണ് നമുക്കുമുള്ള വഴി- ദൈവത്തിന്റെ ശക്തി നമ്മുടെമേൽ വന്നിട്ടില്ല എന്നു നാം തിരിച്ചറിയുന്നു എങ്കിൽ (അ.പ്ര.1:8); ജീവജലത്തിന്റെ നദികൾ നമ്മിൽ നിന്നും ഒഴുകുന്നില്ല എന്നു നാം തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ(യോഹ.7:38), നാം പ്രാർത്ഥനയിൽ ദൈവമുഖം അന്വേഷിക്കുന്നു എങ്കിൽ; അവിടുന്നു തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ നിറയ്ക്കും. (ലൂക്കോ. 11:13). അങ്ങനെ ദൈവത്തിനു വേണ്ടി ഈ ഭൂമിയിൽ ശക്തമായ ശുശ്രൂഷ ചെയ്യുന്നവരായി നാം തീരും.

3:28-33-ൽ മറിയയുടെ വംശാവലി നാം വായിക്കുന്നു. അവൻ ജോസഫിന്റെ മകൻ എന്നു ജനം വിചാരിച്ചു എന്ന് 28-ാം വാക്യം പറയുന്നു. ജോസഫ് ഹേലിയുടെ മകൻ. മകൻ എന്ന ഈ പ്രയോഗം ഗ്രീക്ക് മൂലത്തിൽ നിന്നല്ല. മത്തായി 1:7, 16ൽനിന്നും ജോസഫിന്റെ പിതാവിന്റെ പേരി ഹേലിയെന്നല്ല യാക്കോബെന്നാണെന്നു നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഹേലി മറിയയുടെ പിതാവും ജോസഫിന്റെ അമ്മായിയപ്പനുമാണെന്നു വ്യക്തമാണ്. തന്നെയുമല്ല ലൂക്കോസിലെ വംശാവലി പുത്രനായ നാഥാനിലൂടെയാണ് ദാവീദിലെത്തുന്നത് (3:31) അല്ലാതെ പുത്രനായ ശലോമോനിലൂടെയല്ല. (മത്താ. 1:7 കാണുക) ലൂക്കോസ് തന്റെ സുവിശേഷം യഹൂദേതരർക്കു വേണ്ടി എഴുതിയതാകകൊണ്ട് വംശാവലി ആദം വരെ നീണ്ടുപോകുന്നു.

*(തുടരും)*

*മൊഴിമാറ്റം: **സാജു ജോസഫ്***





Youth Section




# THE HOLY AND LOVING GOD

Sandeep Poonen

***Question:***
How must I interact with the Christian God who is Love and yet be Holy? These two attributes seem contradictory to me. The love of God seems to invite me in, but His holiness seems to scare me away. Is the God of Holiness simply for the Old Testament, and God is now the God of Love for those of us who live after Jesus Christ?

***Answer:***
**T**hank you for your question. This is a very important question to answer. In fact, when I sought to understand the answer to this question myself, it made a fundamental difference in my life. It helped me recognize the truth about God. It also helped me focus and re-order my priorities. So I hope what I share with you will help you as well. And I have a couple of layers of thoughts on this subject, so I'll split this answer into two parts - and this is part 1 of my response.

You are absolutely right in identifying two most important attributes of God. And the vast majority of Christians worship a God who is predominantly Love or a God who is predominantly Holy, but very few know God as both infinitely loving and infinitely holy.

But this is who God is, and understanding BOTH these facets of God helps me realize how God looks at sin, how God looks at us who are sinners, etc.

So this is my short version of the story of God and us:

The God who is Infinite Love created humans with the hope that we would get to know Him. But we wanted to live life independent of God and thus sinned (in the Garden of Eden). This seed of sin has been passed down to all humans since then, and this desire to live life independent of God is what makes us sinners (even today). This independence from God shows up in various forms obviously - like stealing, coveting, being proud, etc. But it all stems from a desire to be independent from God.

But what makes things really hopeless is that since God is Holy and there is not even a hint of sin in His presence (1 John 1:5), we have no hope of being with God. How could we who are stained or even covered with sin, ever get to enter God's Holy presence?

The answer is simple: The God of LOVE made a way where we simply could not. God sent His Son Jesus Christ to live on this earth. Jesus lived in perfect holiness all His life. And as the ultimate expression of His Love for us, He died for us and our sins, so that we as sinners could use Him and His perfection as our access back to God. So now, when we come to this God who is Holy, we could through Christ.

Now this "coming to God through Christ" is a pathway that we must always stay on. It is not a one-time ticket to permanent access. So this means that we come to God <u>*through Christ*</u> for our initial forgiveness. But we also come to God <u>*through Christ*</u> every single time we enter God's presence. Some think of it as a garment they put on that completely covers their sins. Some others think of it with the picture of washing that completely cleanses us from all our sins. But the idea is the same: We always come to God through Jesus Christ. That is the only way we as sinners can enter a Holy God's presence.

This is the "gospel" or the good news to me at a very high level. The God of Love made a way for me to know Him and spend time in His Holy Presence, despite my numerous sins. He did not do to this by lowering the standards of His Holiness. Instead, He gave us FREE access to His Holy Presence through His Son Jesus Christ.

So what must this mean to me if I embrace both these truths? This should fill me with two reactions that seem different, but are actually very complementary.





These truths should FIRST fill me with a heart full of love and gratitude for this God of Love who did all the work in drawing me back to Him. A God who is simply all about Holiness and doing the right thing would not be compelled to draw me back to Him. It is the virtue of Divine Love that made a way for a broken human like me to be reconciled back to God, even when it came at a huge price (having His Son Jesus bear my sins). This reality can fill us with a great love for God. The Apostle John tells us that we love because God first loved us (1 John 4:19). Isn't a love for this kind of God, who sacrificed His very Son just to save us, easy to embrace? If we find that we don't love God, it is quite possible that this is simply because we have forgotten the enormous love of God towards us.

But in addition, these truths should also fill me with a heart full of reverence and awe for this God of Holiness in whose Presence I have entered. God is still completely and infinitely Holy. God does not condone any sin, and does not lower His tolerance for sin. Yet I, this person who is so prone to wander into the filth of sin, am standing in His Presence. How can this be? I know the only thing that keeps me in His Presence without being quickly expelled, is the covering and washing of Jesus. So I must live life with soberness and reverence - evidencing my respect for what Jesus means to me.

Let me give you a weak analogy:
Let us say a billionaire visited my country from a far away country, and somehow selected me from among many millions to have his credit card. He would never see me again, but told me that this credit card was now mine, and I could use it freely. It was attached to his bank account, but it was mine to freely use.

What an enormous honor to be selected. But that's not the true benefit of the card, is it? The true benefit comes when I actually get to use the card! So I would be a fool if I did not use the credit card as and when I needed it. The credit card was only effective when I used it, not when it was stuck in my pocket.

But I would also be a fool if I treated the credit card carelessly and lost it. No, I would always make sure that this credit card was ALWAYS in a safe place. I would make sure it was well secured at all times, and that I treasured it above all other of my possessions.

How does this apply to our spirituality? We are foolish in our interactions with God when we do not access and USE God's love towards us. We have been chosen to be the recipients of God's love because of Jesus Christ (our access card), but this choice is meaningless if we do not access His love at all times, and do not live as people who are loved by the Infinite God.

But we are also foolish if we treat this love of God flippantly and carelessly. No, we are deeply reverent to the access card that opens up the bank account of God's love. Jesus Christ is our access to all of God's love. So we are constantly checking that we have Christ with us in what we are doing. We are constantly checking to ensure that we have not lost our connection with Jesus as we go through our daily lives. And we treat Christ with deep respect and reverence - treasuring Him above all else - because we know that He is our only connection to the love of God.

I am sure that this is a poor analogy from many standpoints, but I hope it gives you some sense of how we must interact with God in His Infinite Love as well as His Infinite Holiness.

Let me not keep the access card to God's presence (the Person of Jesus) in my pocket or as a plaque on my wall or simply a verse in my Bible. Let me grab a hold of this access, and enter God's presence and always embrace the love of God. And yet all the same, let me constantly remind myself of the wonder and reverence of His holiness.

It is not one or the other. Neither is it a 50-50 split. No, it is ALL of God's Love and ALL of God's Holiness that both co-exist in their fullness towards us. So it is 100-100.

In my next article, I want to delve more deeply into this aspect of Love and Holiness as it applies to us practically. I want to talk about how I practically interact with God in both His Love and HIs Holiness. But until then, may God help you and me to live in the reality of both these wonderful virtues of God!

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 9 ഏപ്രിൽ 2011 ലക്കം 4



**എഡിറ്റോറിയൽ ബോർഡ്**

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)
**മാനേജർ**
**ജേക്കബ് മാത്യു** (കായംകുളം)



**വാർഷിക സംഭാവന**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :



**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള - 686 016,
ഫോൺ: 0481 - 2392753,
9495234087, 9249516234
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**
**U.S.A - Binoy James**
Phone: 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-7970839
E-mail: skuruvi@gmail.com


മൊഴിമുത്ത്

## ശിശുസഹജമായ വിസ്മയമനോഭാവം



നാം പ്രതീക്ഷിക്കുമ്പോൾ യേശു വിരളമായേ വരാറുള്ളൂ. നാം തീരെ പ്രതീക്ഷിക്കാത്തേടത്ത് ഒട്ടും യുക്തിക്കു നിരക്കാത്ത ചുറ്റുപാടുകളിലാണ് അവനെപ്പോഴും വരിക. കർത്താവിന്റെ ആകസ്മിക സന്ദർശനങ്ങൾക്ക് തയ്യാറായിരിക്കുക എന്നതാണ് ഒരു ദൈവശുശ്രൂഷകന് ദൈവത്തോടു കൂറുള്ളവനായിരിക്കുവാനുള്ള ഒരേയൊരു വഴി. ദൈവവേലയല്ല പ്രധാനമായ കാര്യം. ഒരോ തിരിവിലും യേശുവിനെ പ്രതീക്ഷിക്കുക - ഇത് അവിടുന്ന് ആഗ്രഹിക്കുന്ന ശിശുസഹജമായ വിസ്മയമനോഭാവം നമ്മുടെ ജീവിതത്തിൽ നൽകും. മറ്റെല്ലാറ്റിൽ നിന്നും അകന്ന് യേശുവിലേക്കു നോക്കുകയാണെങ്കിൽ നിങ്ങളെ സ്വപ്നജീവിയെന്നും പ്രായോഗികബുദ്ധിയില്ലാത്തവനെന്നും വിളിക്കും. എന്നാൽ ഒരു ദിവസത്തിന്റെ ഭാരത്തിലും ചൂടിലും പൊടുന്നനെ അവിടുന്നു പ്രത്യക്ഷനാകുമ്പോൾ തയ്യാറായിരിക്കുന്നതു നിങ്ങൾ മാത്രമായിരിക്കും.

– ഓസ്‌വാൾഡ് ചേംബേഴ്സ്

## ദൈവം യോജിപ്പിച്ചത്




അവർ ഇനി രണ്ടല്ല ഒന്നത്രേ... *(മത്തായി. 19:6)*

# Like cats and dogs

*" Where no wood is there the fire goeth out; so where there is no talebearer, the strife ceaseth''.-(Proverbs 26:20)*

My little dog has a black tail with a flashy white tip. I often see him joyfully wagging his tail, but it becomes a problem for him when it attracts our cat. The cat attacks the flashing tail and immediately they are in a full-scale brawl on the living room floor. If it were not for that tempting tail, I am sure there would be more peace between our cat and dog.

I wonder if solomon had something like this in mind when he said, "Where there is no talebearer, the strife ceaseth"? Now I grant you, there is a difference between a tale-bearer and a tail-bearer, but there is also a similarity. They both may have something flashing around that causes strife.

Well, I guess I have the same problems at times as my dog. The only difference is that he can't help bearing his tail, but I can rid myself of any tale that I might be revealing to others that causes hurt or strife.

I wonder, did Solomon have a dog and a cat? *(selected)*

## *Just a minute*



"Don't let the sparkle and the smooth taste of strong wine decieve you. For in the end it bites like a poisonous serpent....*(Prov.23:31,32)*

***Pheba Cleetus***